RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി

## രൂപതാ ബുള്ളററിൻ



Vol. 11 2020 October No. 10

# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 ഒക്ടോബര്‍ - 2020 ലക്കം 10**

ഒറ്റപ്രതി 10 രൂപ വാര്‍ഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ ........................................................ 05
സ്നേഹത്തിന്റയും പ്രാർത്ഥനയുടെയും ജീവിതം .......... 09
രൂപതാകച്ചേരി വാർത്തകൾ ...................................... 15
വൈദികരുടെ മാസധ്യാനം ....................................... 16
മതബോധനരംഗം ........................................................ 22
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 23
ചെറുപുഷ്പ മിഷൻലീഗ് ............................................. 24
കെ.സി.വൈ.എം ........................................................ 36
കുടുംബപ്രേഷിതത്വം ................................................... 43
സീയോൻ വാർത്തകൾ .................................................. 49
*Department of Youth Ministry* ............................................. 50
സാമൂഹ്യ സേവനരംഗം (WSSS) ...................................... 59
ബയോവിൻ അഗ്രോ റിസർച്ച് ...................................... 66
കത്തോലിക്കാ കോൺഗ്രസ് .......................................... 69
റേഡിയോ മാറ്റൊലി ..................................................... 71
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ....................... 74
*Mary Matha Arts & Science College* ........................... 80
വിദ്യാഭ്യാസ മേഖല ........................................................ 82

# സർക്കുലർ

***Circular Letter No. 21/2020***
***Prot. No. 23513/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരങ്ങളേ,

നമ്മുടെ അതിജീവനുമായി ബന്ധപ്പെട്ട രണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും ആവശ്യമായ നടപടികൾ എടുക്കാനുമാണ് ഈ സർക്കുലർ. മലബാർ വന്യജീവി സങ്കേതത്തിനു ചുറ്റും ഒരു കിലോമീറ്റർ വായുദൂരത്തിൽ പരിസ്ഥിതിലോല പ്രദേശം അഥവാ ബഫർ സോണായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായിട്ടുള്ള കരട് വിജ്ഞാപനമാണ് അതിൽ ഒന്നാമത്തെ കാര്യം. ഈ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്. ഇപ്രകാരം ചെയ്യുന്നതിന് കേരള സർക്കാരിന്റെ ശുപാർശയുമുണ്ട്.

ഈ വിജ്ഞാപനപ്രകാരം താമരശ്ശേരി രൂപതയിൽ ഉൾപ്പെടുന്ന കോഴിക്കോട് ജില്ലയുടെ ചില ഭാഗങ്ങളും വയനാട് ജില്ലയിലെ തരിയോട്, പൊഴുതന, അച്ചൂരാനം, കുന്നത്തിടവക എന്നീ റവന്യൂ ജില്ലകളിലെ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ബഫർ സോണായി മാറും. അങ്ങനെ വന്നാൽ അവിടെ വീടു വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പല തരത്തിലുള്ള നിയന്ത്രണങ്ങളും ഉണ്ടാകും. ആ നിയന്ത്രണങ്ങൾ നമ്മുടെ അനുദിനജീവിതത്തെ വളരെ പ്രതികൂലമായി ബാധിക്കും. സ്ഥലം വിൽക്കാൻപോലും പറ്റാത്ത അവസ്ഥ വന്നു ചേരാം. തമിഴ്നാട്ടിലെ ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിൽ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ നമുക്ക് അനുഭവമുള്ളതാണ്. കണ്ണൂർ ജില്ലയിൽ പെടുന്ന കൊട്ടിയൂർ പ്രദേശങ്ങളിലും ഇത്തരം പ്രശ്നങ്ങൾ ഉണ്ട്. അതിനാൽ പരിസ്ഥിതി മന്ത്രാലയവും കേരള സംസ്ഥാന സർക്കാരും നടത്തുന്ന ഈ നീക്കം റദ്ദ് ചെയ്യണം എന്നതാണ് നമ്മുടെ ആവശ്യം. അങ്ങനെ നമുക്ക് സുരക്ഷിതമായി ജീവിക്കാനുള്ള അവസരം സൃഷ്ടിക്കണം.

വയനാട് വന്യജീവി സങ്കേതത്തെ കടുവാസങ്കേതമായി പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കേരള വനം വകുപ്പ് കേരള

സർക്കാരിന് റിപ്പോർട്ട് കൊടുത്തിട്ടുണ്ട് എന്നതാണ് രണ്ടാമത്തെ കാര്യം. ഇപ്പോൾ തന്നെ കടുവാ ഉൾപ്പെടെയുള്ള വന്യജീവികളുടെ ഉപദ്രവത്താൽ പൊറുതി മുട്ടിയ നമുക്ക് കൂനിന്മേൽ കുരു എന്ന അവസ്ഥയായിരിക്കും ഇത് നടപ്പായാൽ ഉണ്ടാകാൻ പോകുന്നത്. പശു, ആട് തുടങ്ങിയ മൃഗങ്ങളെ പോലും വളർത്താൻ പറ്റാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് ഈ നീക്കവും അവസാനിപ്പിക്കണം എന്നതാണ് നമ്മുടെ ആവശ്യം.

വയനാടൻ ജനതയെ പ്രത്യേകിച്ച് വടക്കൻ കേരളത്തിലെയും കിഴക്കൻ കേരളത്തിന്റെ ഹൈറേഞ്ചുകളിലെയും കുടിയേറ്റക്കാരെ, കയ്യേറ്റക്കാരായി ചിത്രീകരിച്ച് അവരുടെ ഇവിടുത്തെ സാന്നിദ്ധ്യം നിയമാനുസൃതമല്ല എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങൾ നിക്ഷിപ്ത താത്പര്യക്കാർ നിരന്തരം പൊതുമനസിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. വനങ്ങൾ നശിപ്പിച്ചത് കുടിയേറ്റക്കാരാണ് എന്നത് തീർത്തും തെറ്റായ വാദമാണ് എന്ന് ചരിത്രം പഠിച്ചാൽ മനസിലാക്കാവുന്നതേയുള്ളു.

ഒരുകാലത്ത് ഭക്ഷ്യധാന്യങ്ങൾക്ക് ക്ഷാമം നേരിട്ടപ്പോൾ കൂടുതൽ ഉല്പ്പാദിപ്പിക്കാനായി കൃഷി ചെയ്യാൻ സർക്കാരുകൾ തന്നെ പ്രോത്സാഹിപ്പിച്ചിട്ടാണ് കുടിയേറ്റക്കാർ മദ്ധ്യതിരുവിതാംകൂറിൽ നിന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലേക്കും അതുപോലെ തന്നെ തമിഴ്നാട്ടിലെ ഗൂഡല്ലൂർ, പന്തല്ലൂർ താലൂക്കുകളിലേക്കും കുടിയേറിയത്. ഉത്തരകേരളത്തിന്റെ ഉൾപ്രദേശങ്ങളിലും കിഴക്കൻ കേരളത്തിന്റെ ഹൈറേഞ്ചുകളിലും അവർ എത്തിപ്പെട്ടത് അങ്ങനെയാണ്. ഈ പ്രദേശങ്ങളിൽ ഇന്ന് കാണുന്ന വികസനത്തിന്റെ പിന്നിൽ കുടിയേറ്റക്കാരുടെ വിയർപ്പ് തുള്ളികൾ ധാരാളം വീണിട്ടുണ്ട് എന്നത് പലരും മറക്കുകയോ മറക്കാൻ ആഗ്രഹിക്കുകയോ ചെയ്യുന്നു. ധാരാളം ജീവനുകൾ ഇവിടെ ഹോമിക്കപ്പെട്ടിട്ടുമുണ്ട്. ഭക്ഷണമില്ലാതെയും വിദ്യാഭ്യാസ-ആതുരശുശ്രൂഷാ സൗകര്യ മില്ലാതെയും വിഷമിച്ച ജനതയ്ക്ക് കാര്യമായൊന്നും ചെയ്യാൻ പറ്റാതെ സർക്കാരുകൾ നിസ്സഹായരായി നിന്നപ്പോൾ രക്ഷക്കെത്തിയത് ഈ കുടിയേറ്റക്കാരാണ്. ഇന്നത്തെ കോവിഡ് പ്രതിസന്ധിയിൽ ക്വാറന്റൈൻ സെന്ററുകളായും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളായും പ്രവർത്തിക്കുന്നത് ഏറെയും കുടിയേറ്റക്കാർ കെട്ടിപ്പടുത്ത സ്ഥാപനങ്ങളിലാണ് എന്നത് പകൽ പോലെ വ്യക്തമാണല്ലോ.

ഏതാനും വർഷങ്ങൾക്ക് മുമ്പ് വാളാട് പ്രദേശത്ത് പണിയാനിരുന്ന ഡാമിന്റെ പണി ഉപേക്ഷിച്ചത് പ്രദേശവാസികളുടെ ശക്തമായ

എതിർപ്പിനെ തുടർന്നാണ്. വയനാടൻ കാടുകൾ വെട്ടിത്തെളിച്ച് തേക്കിൻതോട്ടങ്ങളും യൂക്കാലിപ്റ്റസ് തോട്ടങ്ങളും വച്ച് പിടിപ്പിച്ചത് കുടിയേറ്റക്കാരല്ല. റിസർവ് വനങ്ങൾ വെട്ടിത്തെളിച്ച് തേക്കും യൂക്കാലിപ്റ്റസും വളർത്തിയ ഇടങ്ങളിൽ അടിക്കാട് പൂർണ്ണമായും നശിച്ചു. അങ്ങനെ സ്വാഭാവികവനം നശിച്ചതോടെ കാട്ടുമൃഗങ്ങൾക്ക് കാട്ടിൽ തീറ്റയും വെള്ളവും ഇല്ലെന്നായി. വയനാട്ടിലെ വനപ്രദേശത്തിന്റെ വിസ്തൃതി അനുസരിച്ച് സാധ്യമായിരുന്നതിന്റെ ഇരട്ടി കടുവകളെ ഈ പ്രദേശത്ത് എത്തിച്ചതും കടുവാശല്യം വർദ്ധിക്കാൻ ഗൗരവമായ കാരണമായി. കൂടാതെ നമ്മുടെ വനാന്തരങ്ങളിൽ വൻകിട ക്വാറികളും റിസോർട്ടുകളും നിർമ്മിച്ച് വന്യമൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് മാറ്റം വന്നതിനാൽ അവ കൂടുതൽ ആക്രമകാരികളായി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങാൻ തുടങ്ങി. ഇതാണ് വസ്തുത.

വ്യവസായങ്ങളിലൂടെ സമ്പന്നമായി തീർന്ന വികസിത രാജ്യങ്ങളുടെ ഒരു അജണ്ടയാണ് അവരുടെ നാടുകളിൽ നശിപ്പിക്കപ്പെട്ട കാടുകൾക്കു പകരമായി അവികസിത രാജ്യങ്ങളിൽ കാടുകൾ വളർത്തുക എന്നത്. അവരുടെ വ്യവസായ ശാലകളും അനുബന്ധ സംഗതികളും പുറംതള്ളുന്ന കാർബൺ മോണോക് സൈഡ് വാതകം മൂലം അന്തരീക്ഷത്തിൽ വരുന്ന കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കാനാണ് അവർ ഇപ്രകാരം ചെയ്യുന്നത്. അതായത് അവരുടെ രാജ്യത്തെ ഫാക്ടറികളും മറ്റും പുറംതള്ളുന്ന വാതകത്തെ ആഗിരണം ചെയ്യാൻ ആവശ്യമായ മരങ്ങളും ചെടികളും നമ്മുടെ നാട്ടിൽ ഉണ്ടാകണം. അതിന് തയ്യാറാകുന്ന സർക്കാരുകൾക്കും ഏജൻസികൾക്കും അവർ നിർലോഭം പണം നൽകുന്നു.

കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ മനുഷ്യർക്കും വളർത്ത് മൃഗങ്ങൾക്കും നിരന്തരം ജീവൻ നഷ്ടപ്പെടുമ്പോഴും നമ്മുടെ സർക്കാരുകൾ മനുഷ്യനേക്കാൾ വനത്തിനും വന്യമൃഗങ്ങൾക്കും പരിഗണന നൽകുന്നു. ഈ ദുസ്ഥിതിക്ക് മാറ്റം വരണം. കാടും കാട്ടുമൃഗങ്ങളും ആവശ്യത്തിന് വേണം. അവ നശിക്കരുത്. എന്നാൽ അന്താരാഷ്ട്ര സമൂഹം നൽകുന്ന പണമുപയോഗിച്ച് കാടിനെയും നാടിനെയും വേർതിരിച്ച് കാട്ടിലെ മൃഗങ്ങൾക്കും നാട്ടിലെ മനുഷ്യർക്കും അതിജീവനത്തിനുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി ഒരുക്കണം എന്നതാണ് നാം സർക്കാരുകളോട് അഭ്യർത്ഥിക്കുന്നത്.

അതിനാൽ ജനങ്ങളുടെ നന്മക്കായി ജനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള സർക്കാരുകൾ അന്താരാഷ്ട്ര ലോബികൾക്ക് വഴങ്ങി

നിയമാനുസൃതമുള്ള യാതൊരു ആലോചനകളും കൂടാതെ നടത്തുന്ന ഇത്തരം പ്രഖ്യാപനങ്ങൾ ജനങ്ങളോടുള്ള വെല്ലുവിളിയായി മാത്രമേ കണക്കാക്കാനാകുകയുള്ളു. അതുകൊണ്ട് അവ പിൻവലിക്കണം.

കേന്ദ്ര സർക്കാരിന്റെ കരട് വിഞ്ജാപനത്തെപ്പറ്റി അഭിപ്രായം രേഖപ്പെടുത്താൻ പൊതുജനങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം 2020 ഒക്ടോബർ 5 വരെയാണ്. നമ്മുടെ അതിജീവനം നിങ്ങളുടെ ഓരോരുത്തരുടെയും ഇടപെടലിനെ ആശ്രയിച്ചിരിക്കും. കാരണം അഭിപ്രായം രേഖപ്പെടുത്താനുള്ള വെബ് സൈറ്റിൽ ലഭിക്കുന്ന അഭിപ്രായമാണ് ഇതെല്ലാം പരിഗണിക്കുന്ന കമ്മിറ്റിയുടെ മുമ്പിൽ കാണുക. Esz-mef@nic.in എന്ന ഈമെയിൽ വിലാസത്തിലാണ് ബഫർ സോൺ സംബന്ധമായ അഭിപ്രായങ്ങൾ അറിയിക്കേണ്ടത്.

കടുവാ സങ്കേതം സംബന്ധിച്ച പ്രതിഷേധം അറിയിക്കേണ്ടത് കേരള സർക്കാരിനെയാണ്. മുഖ്യമന്ത്രി, വനം വകുപ്പ് മന്ത്രി, നിങ്ങളുടെ പ്രദേശത്തെ എം.എൽ.എ., എം. പി. തുടങ്ങിയവരുടെ ഈമെയിലിൽ നിങ്ങൾക്ക് പ്രതിഷേധം അറിയിക്കാവുന്നതാണ്.

ഇക്കാര്യങ്ങളിലെല്ലാം പൊതുജനാഭിപ്രായം രൂപീകരിക്കാനും മറ്റ് നടപടികളിലേക്ക് കടക്കാനുമായി നമ്മുടെ രൂപതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രൂപതാ എ.കെ.സി.സി. ഡയറക്ടർ ബഹുമാനപ്പെട്ട ആന്റോ മാമ്പള്ളിൽ അച്ചനാണ് ആ കമ്മറ്റിയുടെ ചെയർമാൻ. ഈ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് നമ്മൾ സംഘടിതമായി പ്രതിഷേധം അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 സെപ്റ്റംബർ മാസം 1 ന് നൽകപ്പെട്ടത്.

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## (തിരുവചനഭാഗം: യാക്കോബ് 5,1–20)

ക്രിസ്തീയജീവിതം സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതമായിരിക്കണമെന്ന് യാക്കോബ്ശ്ലീഹാ വിശ്വാസികളെ ഉപദേശിക്കുന്നു. അതിനു വിരുദ്ധമായ നിലപാടുകൾ സഭയിലും സമൂഹത്തിലും കാണുന്ന പശ്ചാത്തലത്തിലാണ് ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ധനികർക്കു മുന്നറിയിപ്പ് (5,1–3)
2. സാമൂഹ്യനീതി പുലർത്തുക (5,4–6)
3. പരസ്പരസ്നേഹത്തിൽ നിലനില്ക്കുക (5,7–12)
4. രോഗീലേപനം നല്കി പ്രാർത്ഥിക്കുക (5,13–16[a])
5. എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കുക (5,16[b]–20)

ഈ വചനഭാഗം പൗരോഹിത്യ ആദ്ധ്യാത്മികതയ്ക്ക് എപ്രകാരം പ്രചോദനം നല്കുന്നുവെന്ന് നമുക്കു പരിശോധിക്കാം.

### 1. ധനികർക്കു മുന്നറിയിപ്പ്

“ധനവാന്മാരേ, നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ. നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ പുഴു അരിച്ചു പോയി. നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീ പോലെ അതു നിങ്ങളുടെ മാംസത്തെ തിന്നുകളയും. അവസാന നാളുകളിലേക്കാണ് നിങ്ങൾ സമ്പത്തു ശേഖരിച്ചു വച്ചത്” (5,1–3).

സമ്പന്നർക്കു വരാനിരിക്കുന്ന ദുരിതങ്ങളോർത്തു കരയാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ശ്ലീഹാ തന്റെ ഉപദേശം ആരംഭിക്കുന്നത്. അവരുടെ സുഖലോലുപതയെയാണ് ശ്ലീഹാ വിമർശിക്കുന്നത്. അവരുടെ സമ്പത്തു ദ്രവിച്ചും വസ്ത്രങ്ങൾ പുഴു അരിച്ചും സ്വർണ്ണവും വെള്ളിയും കറപിടിച്ചും പോയെന്നാണ് ശ്ലീഹാ പറയുന്നത്. ഉപയോഗിക്കാതിരുന്നതുമൂലമാണ് സമ്പത്തു ദ്രവിച്ചും വസ്ത്രങ്ങൾ പുഴു അരിച്ചും സ്വർണ്ണവും വെള്ളിയും കറപിടിച്ചും പോയെന്നു ശ്ലീഹാ പറയുന്നത്. ധനികർക്കാണല്ലോ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വലിയ ശേഖരങ്ങളുള്ളത്. സ്വർണ്ണത്തിനും വെള്ളിയ്ക്കും സാധാരണ കറ പിടി

ക്കാറില്ല. സമ്പന്നന്റെ പക്കലുള്ള സ്വർണ്ണത്തിനും വെള്ളിയ്ക്കും പിടിച്ചിരിക്കുന്നത് സ്നേഹമില്ലായ്മയുടെയും പങ്കുവയ്ക്കലില്ലായ്മയുടെയും കറയാണ്. ഈ കറ വിധിദിവസത്തിൽ അവർക്കെതിരെ സാക്ഷ്യമായിരിക്കും എന്നാണ് യാക്കോബിന്റെ മുന്നറിയിപ്പ്.

ദൈവം തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന സമ്പത്ത് മറ്റുള്ളവർക്കുവേണ്ടിക്കൂടി പ്രയോജനപ്പെടുത്താതെ പൂഴ്ത്തിവച്ച് ജീവിക്കുന്നതിലൂടെ ഈ ധനികർ അന്ത്യദിനത്തിലേയ്ക്കായി തീ കൂട്ടി വയ്ക്കുകയാണ്. ഈ നരകാഗ്നി ധനികരുടെ മാംസം-ശരീരം-ദഹിപ്പിക്കും. അന്ത്യദിനത്തിലെ ശിക്ഷാവിധിയ്ക്കായി തങ്ങളുടെ സമ്പത്ത് അവർ സൂക്ഷിച്ചുവച്ചതുപോലിരിക്കും. പണം മാത്രമല്ല, സമ്പത്തിന്റെ പരിധിയിൽപെടുന്നത്. നമുക്കുള്ളതെന്തും – ആരോഗ്യവും സമയവും കഴിവുകളുമെല്ലാം സമ്പത്തിന്റെ ഭാഗമാണ്. ഇവയുടെ വിനിയോഗമാണ് അന്ത്യവിധിയുടെ മാനദണ്ഡമെന്ന് ഈശോ തന്നെ വ്യക്തമാക്കിയിട്ടുണ്ട് (മത്താ 25,31–46). പുരോഹിതർ ദാരിദ്ര്യവ്രതമെടുക്കുന്നില്ലെങ്കിലും ദാരിദ്ര്യചൈതന്യം ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. "ആത്മാവിൽ ദരിദ്രർ അനുഗൃഹീതർ, സ്വർഗ്ഗരാജ്യം അവരുടേതാണ്" (മത്താ 5,3) എന്ന സുവിശേഷഭാഗ്യം ഓരോ മിശിഹാശിഷ്യനോടും, പുരോഹിതനോടും ഈശോ പറയുന്നുണ്ട്. അതുകൊണ്ട് ഓരോ പുരോഹിതനും ദാരിദ്ര്യചൈതന്യം ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**2. സാമൂഹ്യനീതി പുലർത്തുക**

"നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചു വച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണപുടങ്ങളിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു" (5,4–5).

ധനികരുടെ ഭാഗത്തുനിന്നുള്ള അനീതി നിറഞ്ഞ പ്രവൃത്തികളിൽനിന്ന് ഒരു ഉദാഹരണം എടുത്തുകാണിച്ച്, അതേവിധത്തിലാണ് വിധിദിവസത്തിൽ അവർക്കെതിരെ അവരുടെ ജീവിതം സാക്ഷ്യമാകാൻ പോകുന്നത് എന്ന് യാക്കോബ്ശ്ലീഹാ വ്യക്തമാക്കുന്നു. പഴയനിയമകാലത്തുതന്നെ വേലക്കാരുടെ കൂലി കൃത്യസമയത്തു നല്കേണ്ടതിനെപ്പറ്റി നിബന്ധനകളുണ്ടായിരുന്നു (ലേവ്യ 19,13). വിളവു ശേഖരിക്കാൻ സഹായിച്ച കൊയ്ത്തുകാർക്ക് അർഹമായ കൂലി നല്കാതെ പിടിച്ചുവച്ചത് വലിയ അപരാധമാണ്. ഇപ്രകാരം പിടിച്ചുവച്ച കൂലി – ദ്രവിച്ച സമ്പത്ത് – ധനികർക്കെതിരെ നിലവിളിക്കുന്നു. ഈ നിലവിളി

കർത്താവിന്റെ ചെവികളിലെത്തുകയും ചെയ്തിരിക്കുന്നു. ഈ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപരായി ജീവിക്കാനായി പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്നവർ തങ്ങളുടെതന്നെ ശിക്ഷാവിധിയാണ് ഒരുക്കുന്നത് എന്നാണ് ശ്ലീഹായുടെ മുന്നറിയിപ്പ്.

ഇടവകകളിലും സഭാസ്ഥാപനങ്ങളിലും ഇപ്രകാരം സമൂഹ്യനീതി പുലർത്താത്ത സാഹചര്യങ്ങൾ ഉണ്ടാകാനിടയുണ്ട്. ഇക്കാര്യത്തിൽ സഭാശുശ്രൂഷകർ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇടവകാസമൂഹത്തിൽ സാമൂഹ്യനീതിയ്ക്കു വിരുദ്ധമായ സാഹചര്യങ്ങളുണ്ടോ എന്നു പരിശോധിക്കുവാനും ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ ജനങ്ങളെ ഉത്ബോധിപ്പിക്കുവാനും സഭാശുശ്രൂഷകർക്കു കഴിയണം. സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളിലും സാമൂഹ്യനീതിയ്ക്കു നിരക്കാത്ത സാഹചര്യങ്ങളുണ്ടാകുവാനിടയാകാത്തവിധം അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. സഭയിൽ മാത്രമല്ല, സമൂഹത്തിലും സാമൂഹ്യനീതി പുലർത്തുന്നു എന്നുറപ്പുവരുത്തുവാൻ സഭാശുശ്രൂഷകർക്കും സഭാംഗങ്ങൾക്കും കടമയുണ്ട്. കാരണം സഭ ലോകത്തിന്റെ പ്രകാശമാകാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് (മത്താ 5,14).

**3. പരസ്പരസ്നേഹത്തിൽ നിലനില്ക്കുക**

“നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ, എന്റെ സഹോദരരേ, ഒരുവൻ മറ്റൊരുവനു വിരോധമായി പിറുപിറുക്കരുത്.ന്യായാധിപൻ ഇതാ, വാതിൽക്കൽ നില്ക്കുന്നു. സഹോദരരേ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ സഹനത്തിന്റെയും ക്ഷമയുടെയും മാതൃകയായി നിങ്ങൾ സ്വീകരിക്കുവിൻ. ഇതാ, പീഡ സഹിക്കുന്നവരെ ഭാഗ്യവാന്മാരായി നാം കരുതുന്നു. ജോബിന്റെ ദീർഘസഹനത്തെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. കർത്താവ് അവസാനം അവനോട് എന്തു ചെയ്തുവെന്നും അവിടുന്ന് എത്രമാത്രം ദയയും കാരുണ്യവുമുള്ളവനാണെന്നും നിങ്ങൾക്കറിയാമല്ലോ” (5,9-11).

സഭയുടെ ശരിയായ വിശ്വാസജീവിതത്തിന് തടസ്സമായി നില്ക്കുന്നത് സഭയ്ക്കു പുറമേനിന്നുണ്ടാകുന്ന വെല്ലുവിളികളല്ല; സഭയ്ക്കുള്ളിൽനിന്നുതന്നെയുണ്ടാകുന്ന വെല്ലുവിളികളാണ്. കാരണം, ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്ര പരസ്പരസ്നേഹമാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഈശോ ശിഷ്യരോടു പറയുന്ന വാക്കുകൾ നമുക്കറിവുള്ളതാണ്: “ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാ

രാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35). പരസ്പരം സ്നേഹിക്കുന്നതിൽ സമൂഹം പരാജയപ്പെടുമ്പോൾ സഭ സഭയല്ലാതായിത്തീരുന്നു. യാക്കോബ്ശ്ലീഹായുടെ സമൂഹത്തിൽ ഒരാൾ മറ്റൊരാൾക്കു വിരോധമായി പിറുപിറുക്കുന്ന സാഹചര്യമുണ്ടായി (5,9). മിശിഹായുടെ രണ്ടാം ആഗമനത്തെ കാത്തിരിക്കുന്ന സമൂഹമെന്ന നിലയിൽ പരസ്പരം പിറുപിറുക്കാതെ, പരസ്പരം സ്നേഹിക്കണമെന്നാണ് ശ്ലീഹാ പറയുന്നത്. കാരണം, പരസ്പരസ്നേഹമാണ് അന്ത്യവിധിയുടെ മാനദണ്ഡം.

മിശിഹായുടെ രണ്ടാമാഗമനം ഉടനെയുണ്ടാകും എന്ന് വിശ്വസിച്ചിരുന്ന ആദിമസഭയുടെ കാലഘട്ടമായിരുന്നു അത്. അതുകൊണ്ട് സമയമുണ്ടെന്നു വിചാരിക്കരുതെന്നും കർത്താവിനെ കണ്ടുമുട്ടാൻ എപ്പോഴും പരസ്പരസ്നേഹത്തിന്റെ ഉണർവോടെ ഒരുങ്ങിയിരിക്കണമെന്നുമാണ് ശ്ലീഹാ ഉപദേശിക്കുന്നത്. അതോടൊപ്പം, പരസ്പരസ്നേഹത്തിൽ സ്ഥിരതയോടെ നിലനില്ക്കുന്നവർക്കു മാതൃകയായി സഭയിലെ പ്രവാചകന്മാരെ എടുത്തുകാണിക്കുകയും (5,10), നീതിയെപ്രതി പീഡ സഹിക്കുന്നവർ ഭാഗ്യവാന്മാരാണെന്നുള്ള കർത്താവിന്റെ വാക്കുകൾ (മത്താ. 5,10-11) അവരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു (5,11). അജപാലന ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെടുന്ന സമൂഹത്തെ പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹമായി കെട്ടിപ്പടുക്കുവാനാണ് പുരോഹിതൻ പ്രഥമമായും പരിശ്രമിക്കേണ്ടത്. പുരോഹിതരുടെ അജപാലനശുശ്രൂഷയുടെ ലക്ഷ്യമായി രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തുപറയുന്നതും വിശ്വാസികളുടെ സമൂഹത്തെ ദൈവമക്കളുടെ കുടുംബമായി പടുത്തുയർത്തുക എന്നതാണ്.

**4. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക**

"നിങ്ങളുടെയിടയിൽ ദുരിതമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നല്കും" (5,13-15).

ആർക്കെങ്കിലും രോഗം ബാധിച്ചാൽ അവൻ സഭയിലെ ശുശ്രൂഷകരെ വിളിക്കട്ടെ എന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസികളുടെ സമൂഹത്തിലെ മൂപ്പൻമാരെ (പ്രസ്ബിത്തെരോയി) യാണ് 'ശ്രേഷ്ഠന്മാർ' എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്. ശ്ലീഹന്മാരോടുചേർന്നും, അവരുടെ

അഭാവത്തിൽ അവരുടെ സ്ഥാനത്തുനിന്നും, ആദിമസഭയിൽ നേതൃത്വം വഹിച്ചിരുന്നത് അവരാണ്. ജറുസലേംസഭയിൽ പ്രാദേശിക നേതാക്കന്മാരായി അവരെ നടപടിഗ്രന്ഥത്തിൽ നാം കാണുന്നു. ക്ഷാമകാലത്ത് ബാർണബാസും സാവൂളുംവഴി സാമ്പത്തികസഹായം അവർക്ക് എത്തിച്ചുകൊടുക്കുന്നതായി പറയുന്നുണ്ട് (ശ്ലീഹാ 11,30). നടപടിഗ്രന്ഥം 15-ാം അദ്ധ്യായത്തിൽ ശ്ലീഹന്മാരുടെ സഹപ്രവർത്തകരായി അവർ കാണപ്പെടുന്നുണ്ട്. ജറുസലേം കൗൺസിലിന്റെ തീരുമാനങ്ങൾ ശ്ലീഹന്മാരുടെയും ശ്രേഷ്ഠന്മാരുടെയും പേരിലാണ് പാസ്സാക്കിയത് (ശ്ലീഹാ 15,23). ഇന്നത്തെ സഭയിലെ മെത്രാന്മാരുടെയും പുരോഹിതരുടെയും മുൻഗാമികളാണ് ഈ ശ്രേഷ്ഠന്മാർ.

ഈശോയുടെ പരസ്യജീവിതകാലത്തെ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമായിരുന്നു രോഗശാന്തിയത്ഭുതങ്ങൾ (ലൂക്കാ 9,2). ഈ സുവിശേഷപ്രഘോഷണം ഇന്ന് സഭയിൽ തുടരുന്നത് ശ്ലീഹന്മാരുടെ പിൻഗാമികളായ ശ്രേഷ്ഠന്മാരിലൂടെയാണ്; അതായത്, മെത്രാന്മാരിലൂടെയും പുരോഹിതരിലൂടെയും. പുരോഹിതൻ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ തൈലം പൂശുകയും ചെയ്യണമെന്ന് യാക്കോബ്ശ്ലീഹാ നിർദ്ദേശിക്കുന്നു (5,14). വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവിന്റെ നാമത്തിലുള്ള തൈലംപൂശൽ പ്രധാന കർമ്മമാണ്. തൈലം യഥാർത്ഥ അഭിഷിക്തനായ മിശിഹായുടെ പ്രതീകമാണ്. അവിടുത്തെ നാമത്തിലാണ് രോഗിയുടെമേൽ തൈലം പൂശുന്നത്. അതുകൊണ്ട് അവിടുന്നുതന്നെയാണ് രോഗിയെ സുഖപ്പെടുത്തുന്നതും. കൂദാശകളെല്ലാം മിശിഹായുടെ പ്രവൃത്തികളാണ്. പുരോഹിതൻ അവിടുത്തെ കരങ്ങളിൽ ഒരു ഉപകരണം മാത്രമാണ്. ഇപ്രകാരമുള്ള വിശ്വാസത്തോടും മനോഭാവത്തോടുംകൂടെ മിശിഹായോട് ഒന്നായിനിന്ന് കൂദാശാപരമായ ശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കഴിയണം. അപ്രകാരം മിശിഹായുമായി താദാത്മ്യവും ഐക്യവും പുലർത്തിക്കൊണ്ട് എപ്പോഴും ജീവിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കുകയും വേണം.

**5. എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കുക**

"നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്. ഏലിയാ നമ്മെപ്പോലുള്ള ഒരു മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കാൻ അവൻ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഫലമോ, മൂന്നുവർഷവും ആറുമാസവും ഭൂമിയിൽ മഴ പെയ്തില്ല" (5,16-17).

അന്യോന്യം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ സൗഖ്യമുണ്ടാകുമെന്ന് യാക്കോബ്ശ്ലീഹാ പറയുന്നു. അനുരഞ്ജനകൂദാശയാണ് ഇവിടെ പരാമർശിക്കുന്നത്. ഈ കൂദാശ വഴി പാപമോചനം മാത്രമല്ല, രോഗസൗഖ്യവും ലഭിക്കും. പലപ്പോഴും രോഗങ്ങൾക്കു കാരണം ദൈവത്തോടും മറ്റു മനുഷ്യരോടും തന്നോടു തന്നെയുമുള്ള ബന്ധത്തിലെ താളപ്പിഴകളാണ്. പാപം ചെയ്യുന്നതിലൂടെ ശിഥിലമാക്കപ്പെട്ട ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയാണ് അനുരഞ്ജന കൂദാശ ചെയ്യുന്നത്. പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കുമ്പോൾ അത് സൗഖ്യം പ്രദാനം ചെയ്യും എന്നതാണ് യാക്കോബ് ശ്ലീഹായുടെ പ്രബോധനം. പാപം എത്ര വ്യക്തിപരമായിരുന്നാലും അത് സമൂഹ ത്തിനെതിരായുള്ള തിന്മകൂടിയാണ്. അതുകൊണ്ടാണ് പാപമോചന ത്തിന് സഹോദരങ്ങളുമായുള്ള അനുരഞ്ജനം ആവശ്യമായിരിക്കു ന്നത്. പുരോഹിതൻ ദൈവത്തിന്റെയും സമൂഹത്തിന്റെയും പ്രതിനിധി എന്ന നിലയിലാണ് പാപങ്ങൾ ശ്രവിക്കുന്നത്.

കൂദാശാപരമായ പ്രാർത്ഥനകൊണ്ടുമാത്രം തൃപ്തിപ്പെടാതെ എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കണമെന്ന് യാക്കോബ് ശ്ലീഹാ പറയുന്നുണ്ട്: "നിങ്ങളുടെയിടയിൽ ദുരിതമനുഭവിക്കുന്നവൻ പ്രാർത്ഥി ക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ" (5,13). നീതി മാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണെന്ന് ഏലി യായുടെ ഉദാഹരണം ഉദ്ധരിച്ചുകൊണ്ട് ശ്ലീഹാ സമർത്ഥിക്കുന്നു (5,17-18). പ്രാർത്ഥന ഫലദായകമാകണമെങ്കിൽ ദൈവസ്നേഹത്തോടും പരസ്നേഹത്തോടും കൂടെ പ്രാർത്ഥിക്കണം. ദൈവവുമായുള്ള സ്നേഹ സംഭാഷണം എന്നാണല്ലോ പ്രാർത്ഥനയുടെ നിർവചനം. പരസ്നേഹ മില്ലെങ്കിൽ അവിടെ ദൈവസ്നേഹവുമില്ല. അതുകൊണ്ട് പ്രാർത്ഥന ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രകാശനവും, അവ യിൽ നമ്മെ വളർത്താനുള്ള ഉപാധിയുമാണ്. പുരോഹിതൻ കൂദാശ കൾ പരികർമ്മം ചെയ്യുന്നവൻ മാത്രമാകാതെ പ്രാർത്ഥിക്കുന്നവനും പ്രാർത്ഥിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നവനുമാകണം.

**ജീവിതസൂചിക**

1. ദാരിദ്ര്യചൈതന്യം ജീവിക്കുവാനും, ദൈവജനത്തെ ആ ചൈതന്യ ത്തിൽ വളർത്തുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. സഭയിലും സമൂഹത്തിലും സാമൂഹ്യനീതി പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. പരസ്പരസ്നേഹത്തിലും കുടുംബാരൂപിയിലും ഇടവകസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ എപ്രകാരം ശ്രമിക്കുന്നു?
4. എന്റെ പുരോഹിതശുശ്രൂഷയിൽ രോഗശാന്തി ശുശ്രൂഷയ്ക്ക് അർഹ മായ സ്ഥാനം ഞാൻ നല്കുന്നുണ്ടോ?
5. പ്രാർത്ഥനാജീവിതം നയിക്കുവാനും പ്രാർത്ഥിക്കാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 18**

ഒക്ടോബർ മാസം 18-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുമുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ.

**അനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം 2020 സെപ്റ്റംബർ 09 ന് തൃക്കൈപ്പറ്റ വി. ജോൺ പോൾ രണ്ടാമൻ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വൈദിക കൂട്ടായ്മയിലേക്ക് ബഹു. വികാരി ജിജോ വാത്തേലിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. സ്റ്റീഫൻ ഓണിശ്ശേരിൽ CSsR കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മോശയുടെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്ന് കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും നടന്നു.

മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. സെപ്റ്റംബർ മാസം നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്നവർക്ക് വൈദിക കൂട്ടായ്മ ആശംസകൾ നേർന്നു. ഒപ്പം സി.എം.ഐ. കോഴിക്കോട് പ്രൊവിൻഷ്യൽ ഓഡിറ്ററായി തിരഞ്ഞെടുക്കപ്പെട്ട ബഹു. സിബി പുളിക്കൽ അച്ചനെ അഭിനന്ദിക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു. ഫൊറോന വികാരിയച്ചൻ രൂപതയിൽ നിന്നുള്ള നിർദ്ദേശങ്ങൾ യോഗത്തെ അറിയിച്ചു. യോഗത്തിൽ വിവിധ മേഖല ഡയറക്ടർമാർ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

യോഗത്തിൽ മലബാർ വന്യജീവി സങ്കേതത്തിനു ചുറ്റുമുള്ള ബഫർ സോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. ബഹു. തോമസ് ജോസഫ് തേരകം അച്ചൻ വിഷയാവതരണത്തിലൂടെ പ്രശ്നങ്ങളുടെ ഗൗരവത്തെക്കുറിച്ച് യോഗത്തെ അറിയിച്ചു. വൈത്തിരി, കൊയിലാണ്ടി, താമരശ്ശേരി എന്നീ താലൂക്കുകളിലെ 13 റവന്യുവില്ലേജുകളിലെ പതിനായിരക്കണക്കിനു ആളുകളെയും കൃഷിയിടങ്ങളെയും ബാധിക്കുന്ന കരടുവിജ്ഞാപനത്തിനെതിരെ ശക്തമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കണമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. ഇത് ഇക്കോ സെൻസിറ്റീവ് സോണായി (ESZ-പരിസ്ഥിതിലോല മേഖല) പ്രഖ്യാപിക്കപ്പെട്ട താലൂക്കുകളിലെ ജനങ്ങളുടെ പ്രശ്നമായി മാത്രം കാണാതെ രൂപതയുടെ നേതൃത്വത്തിൽ മറ്റു സംഘടനകളെയും പ്രസ്ഥാനങ്ങളെയും ഒരുമിപ്പിച്ച് സമരമുഖത്ത് ഇറങ്ങണമെന്ന് യോഗം

അഭ്യർത്ഥിച്ചു. ഇതോടൊപ്പം വയനാടിനെ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കാൻ ഒരുങ്ങുന്നതിലും ക്രമാതീതമായി വർദ്ധിച്ചുവരുന്ന വന്യമൃഗശല്യത്തിലും യോഗം ആശങ്ക പ്രകടിപ്പിച്ചു. വിവിധ സംഘടനകൾ തങ്ങളുടേതായ മാധ്യമങ്ങൾ ഉപയോഗിച്ച് ഈ പ്രശ്നങ്ങളുടെ തീവ്രത ജനങ്ങളെ അറിയിക്കാൻ തീരുമാനിച്ചു. തുടർ നടപടികൾക്കായി ഫൊറോനാ തലത്തിൽ ഒരു കമ്മറ്റി രൂപികരിച്ചു. ഫാ. സോമി വടയാപറമ്പിൽ (രക്ഷാധികാരി), ഫാ. റെജി മുതുകത്താനിയിൽ (കൺവീനർ), ഫാ.തോമസ് ജോസഫ് തേരകം (റിസോഴ്സ് പേഴ്സൺ), ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ, ഫാ. തോമസ് കച്ചിറയിൽ, ഫാ. സുനിൽ തെക്കേപ്പെര, ഫാ. ജിജോ വാത്തേലിൽ, ഫാ. വിനിൽ കുരിശുതറ, ഫാ. ജോൺ പുളിന്താനത്ത് (അംഗങ്ങൾ). അതോടൊപ്പം സെപ്റ്റംബർ 12 ന് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാൻ ഫൊറോന കൗൺസിൽ വിളിക്കാനും തീരുമാനിച്ചു.

തുടർന്ന് മാനന്തവാടി രൂപതാ നിയമാവലി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. യോഗത്തിന്റെ അവസാനം ബഹു. തേരകത്തിലച്ചൻ കർഷകർക്കായുള്ള WINFAM നെക്കുറിച്ച് സൂചിപ്പിച്ചു. സ്ഥലം മാറിപ്പോകുന്ന സിബി പുളിക്കലച്ചന് യാത്രാമംഗളങ്ങൾ നേർന്നു. ബഹു. സുനിൽ തെക്കേപ്പെര അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം ഒക്ടോബർ 06 ന് റിപ്പൺ പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി

## മണിമൂളി ഫൊറോന

മണിമൂളി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം സെപ്റ്റംബർ 8 ന് നരിവാലമുണ്ട ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തി. അന്തരിച്ച അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ അനുസ്മരിക്കുകയും ഒപ്പീസ് ചൊല്ലി ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് നടന്ന മീറ്റിംഗിൽ ഫൊറോനയിലെ പൊതുപ്രവർത്തനങ്ങൾ ഫൊറോന വികാരി ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചൻ വിലയിരുത്തുകയും

ചർച്ചകൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. പൗരോഹിത്യ ശുശ്രൂഷയിൽ 25 വർഷങ്ങൾ പിന്നിടുന്ന ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന് ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചൻ ആശംസകൾ നേർന്ന് സംസാരിച്ചു. നാമഹേതുക തിരുനാൾ മംഗളങ്ങൾ ബഹു. മാത്യു കറുത്തേടത്ത് അച്ചനും ബഹു. അനിൽ മൂഞ്ഞനാട്ട് അച്ചനും നേരുകയും, റീജണൽ പാസ്റ്ററൽ സെന്ററിലേക്ക് പുതുതായി വന്ന റീജന്റ് ബ്രദർ ഡൊമിനിക് (ബിബിറ്റോ) അതിരകുളങ്ങരക്ക് സ്വാഗതം ആശംസിക്കുകയും ചെയ്തു. ഇടവകയിലെ പാവപ്പെട്ട കുടുംബത്തിന് ഭവനം നിർമ്മിച്ച് നൽകാൻ നേതൃത്വം നൽകിയ ബഹു. തോമസ് പ്ലാശനാൽ അച്ചന് അഭിനന്ദനങ്ങൾ നേർന്നു. കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ ഇടവകയിലെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ബഫർ സോൺ പ്രഖ്യാപനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഫൊറോന കൗൺസിൽ വിളിച്ച് ഉചിതമായ നടപടികൾ എടുക്കാൻ തീരുമാനിക്കുകയും ചെയ്തു. 65 വയസിനു മുകളിൽ പ്രായമുള്ള ദേവാലയത്തിൽ വരാൻ സാധിക്കാത്തവർക്ക് ഇടവകയുടെ സാഹചര്യം അനുസരിച്ച് ആത്മീയ കാര്യങ്ങൾ നിർവ്വഹിച്ച് കൊടുക്കാൻ തീരുമാനിച്ചു.

തുടർന്ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ ഉയർന്ന ചർച്ചകൾ ബഹു. കുര്യാക്കോസ് കുന്നത്ത് അച്ചൻ അവതരിപ്പിക്കുകയും മാസത്തിലൊരിക്കൽ വൈദികരുടെ പ്രാർത്ഥനാ കൂട്ടായ്മ നടത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സംസാരിക്കുകയും പ്രതിസന്ധികളിൽ പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പി ക്കുകയും ചെയ്തു. ബഹു. ഫാ. ജോബി CST ഏവർക്കും നന്ദി പറഞ്ഞു. അടുത്ത മാസധ്യാനം ചാത്തമുണ്ട CST ആശ്രമത്തിൽ വച്ച് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. പ്രിൻസ് തെക്കേതിൽ**
സെക്രട്ടറി

## മുള്ളൻക്കൊല്ലി ഫൊറോന

മുള്ളൻക്കൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം സെപ്റ്റംബർ 9-ാം തീയതി പാടിച്ചിറ ഇടവകയിൽ വച്ച് നടന്നു. വികാരി ജയിംസ് പൂതക്കുഴി അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

റവ.ഫാ. മാത്യു കപ്പൂച്ചിൻ ധ്യാന ചിന്തകൾ പങ്കുവെച്ചു. തുടർന്ന് ഫൊറോന വികാരി ബഹു. ജോസ് തേക്കനാടി അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ രൂപതാ നിയമാവലി പരിഷ്കരണത്തിനുവേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുകയും വിലയിരുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. തുടർന്ന് മുള്ളൻക്കൊല്ലി ഫൊറോനയിലെ രണ്ട് പഞ്ചായത്തുകൾ ബഫർ സോൺ പരിധിയിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ വിജ്ഞാപനത്തെ പറ്റി പഠിക്കാനും പ്രവർത്തിക്കാനുമായി ഒരു ഫൊറോന കമ്മറ്റി ഫൊറോന വികാരി ബഹു. ജോസ് തേക്കനാടി അച്ചന്റെയും ജയ്സ് പൂതക്കുഴി അച്ചന്റെയും നേതൃത്വത്തിൽ രൂപം നൽകി. വിവിധ സംഘടനകളുടെ ഓഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി മീറ്റിംഗ് അവസാനിപ്പിച്ചു.

**ഫാ. ജിഫിൻ മുട്ടപ്പള്ളി**
സെക്രട്ടറി

**നീലഗിരി റീജിയൻ**

നീലഗിരി റീജിയനിലെ സെപ്തംബർ മാസത്തെ വൈദിക കൂട്ടായ്മ കയ്യൂന്നി ഫാത്തിമ മാതാ ദേവാലത്തിൽ വച്ച് സെപ്തംബർ 9 – ന് നടത്തപ്പെട്ടു. ബഹു. ഫാ. അഗസ്റ്റിൻ താന്നിയിൽ 'അവൻ വളരുകയും ഞാൻ കുറയുകയും വേണം' എന്ന വിഷയത്തെക്കുറിച്ച് ധ്യാന ചിന്തകൾ പങ്കുവച്ചു. തുടർന്നുള്ള ചർച്ചകൾക്ക് ബഹു. ഫാ. വിൻസന്റ് കളപ്പുര നേതൃത്വം നല്കി. നീലഗിരി റീജിയനിൽ നിന്ന് രൂപതാ Presbyteral Council ലേക്ക് ബഹു. വിൻസന്റ് കളപ്പുരയച്ചനെ തിരഞ്ഞെടുത്തു. മേഖല മതബോധന ഡയറക്ടർ ഫാ. വിൻസന്റ് കൊരട്ടിപറമ്പിൽ ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 4–നാണെന്ന് അറിയിച്ചു. CML മേഖല ഡയറക്ടർ ഫാ. അനീഷ് ആലുങ്കൽ ഇനിയും ശാഖാ ഭാരവാഹികളെ തിരഞ്ഞെടുക്കാത്ത ഇടവകകൾ ഉണ്ടെങ്കിൽ തിരഞ്ഞെടുക്കണമെന്ന് അറിയിച്ചു. KCYM മേഖല ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ ഏതാനും ഭക്ഷണ കിറ്റുകൾ മേഖലയിൽ വിതരണം ചെയ്യുന്നതിനെക്കുറിച്ച് സംസാരിച്ചു. മാതൃവേദി മേഖല ഡയറക്ടർ ഫാ. അഗസ്റ്റിൻ താന്നിയിൽ, രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ Parenting എന്ന വിഷയത്തിൽ മാതാപിതാക്കൾക്കായി ഓൺലൈൻ സെമിനാർ സെപ്തംബർ 13–നു നടത്തുന്നുണ്ട് എന്നറിയിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ NDS-ന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചു സംസാരിച്ചു. ഒരു വിഷരഹിത പച്ചക്കറിത്തോട്ട മത്സരം നടത്തുമെന്നും, ഒക്ടോബർ 7 ലൂയിസ് അനുസ്മരണദിനമാണെന്നും അറിയിച്ചു.

തുടർന്ന്, രൂപതാ നിയമാവലി പരിഷ്കരണം, പരിസ്ഥിതിലോല പ്രദേശ വിജ്ഞാപനം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തി. ഫാ. ജയൻ മണ്ണുക്കുളം TOR മാസധ്യാനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുകയും, ഒക്ടോബർ 6–നു പനംചിറയിൽ വച്ചു നടക്കുന്ന അടുത്ത മാസധ്യാനത്തിലേയ്ക്ക് ഏവരേയും ക്ഷണിക്കുകയും ചെയ്തു.

**ഫാ. ജയൻ മണ്ണുക്കുളം TOR**

റീജണൽ സെക്രട്ടറി

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം സെപ്റ്റംബർ 9–ാം തിയതി ബുധനാഴ്ച്ച ബോയ്സ്ടൗൺ ഇടവകയുടെയും WSSS ന്റെയും നേതൃത്വത്തിൽ കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. ബഹു. പോൾ കൂട്ടാല അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഫാ. ജെയിംസ് കുറ്റിമാക്കൽ ധ്യാന ചിന്തകൾ പങ്കുവച്ചു. പൗരോഹിത്യ ജീവിതത്തിൽ സംതൃപ്തി നഷ്ടപ്പെടുത്തുന്ന ഘടകങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് എങ്ങനെ പൗരോഹിത്യം ജീവിക്കണം എന്ന് ജെയിംസ് അച്ചൻ തന്റെ വാക്കുകളിലൂടെ വ്യക്തമാക്കി.

ആരാധനയ്ക്കുശേഷമുള്ള ചർച്ചകൾക്ക് ഫൊറോനാ വികാരി ബഹു. സണ്ണി മഠത്തിൽ അച്ചൻ നേതൃത്വം നൽകി. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നാമഹേതുക തിരുനാളും ജന്മദിനവും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ അർപ്പിച്ചു. തുടർന്ന് കേന്ദ്രസർക്കാരിന്റെ ബഫർ സോൺ പ്രഖ്യപനം, സംസ്ഥന സർക്കാരിന്റെ കടുവാസങ്കേത പ്രഖ്യാപനം എന്നിവയെ എങ്ങനെ ചെറുത്തുനിൽക്കണം എന്നതിനേക്കുറിച്ച് ചർച്ച നടത്തി. ഫൊറോന ജനസംരക്ഷണസമിതി ചെയർമാനായി സണ്ണി മഠത്തിൽ അച്ചനെയും മാനന്തവാടി ഘടകം ചെയർമാന്മാരായി മാത്യു മലയിൽ അച്ചനെയും ജോസഫ് പരുവുമ്മേൽ അച്ചനെയും, തവിഞ്ഞാൽ ഘടകം ചെയർമാന്മാരായി തോമസ് കുറ്റിക്കാട്ടുക്കുന്നേൽ അച്ചനെയും സണ്ണി കൊല്ലാർത്തോട്ടം അച്ചനെയും തിരഞ്ഞെടുത്തു. 12/09/2020 ശനിയാഴ്ച ഫൊറോനാകൗൺസിൽ കൂടാനും, നിയമപരമായി പ്രതിഷേധം അറിയിക്കുവാനും, എല്ലാവരെയും ബോധവാന്മാരാക്കാനും വേണ്ട നടപടികൾ എടുക്കാൻ തീരുമാനിച്ചു. മതബോധന പ്രവർത്തനങ്ങളെ

ക്കുറിച്ച് മേഖലാ ഡയറക്ടർ ഫാ. ജോസഫ് കുടക്കച്ചിറ സംസാരിച്ചു. സെപ്റ്റംബർ 27 ന് വേദപാഠ അദ്ധ്യാപർക്കായി വെബിനാർ ഉണ്ടാകുമെന്നും, ഒക്ടോബർ 4 ന് വേദപഠം പരീക്ഷ ഉണ്ടാകും എന്നും അറിയിച്ചു. സെപ്റ്റംബർ 13 ന് ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ അമ്മമാർക്കായി വെബിനാർ നടത്തപ്പെടുന്നതിക്കുറിച്ച് സണ്ണി കൊല്ലാർത്തോട്ടം അച്ചൻ സംസാരിച്ചു. കെ.സി.വൈ.എം. ഇടവകകളിൽ നടത്തിയ കിറ്റ് വിതരണത്തെക്കുറിച്ച് മേഖലാ ഡയറക്ടർ ഫാ. ജോണി മലയിൽ വിവരിച്ചു. തുടർന്ന് മേഖലാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുവാൻ working director ആയി നിഷ്വിൻ തേൻപള്ളി അച്ചനെ തിരഞ്ഞെടുത്തു. മാനന്തവാടി ഫൊറോനയിലെ സമരിറ്റൻ ഗ്രൂപ്പിന്റെ രൂപികരണത്തെക്കുറിച്ചും, ചെറുപുഷ്പ മിഷൻലീഗീന്റെ പ്രവർത്തനത്തെക്കുറിച്ചും മേഖലാ ഡയറക്ടർ ഫാ. അനീഷ് കാട്ടാംകോട്ടിലും സംസാരിച്ചു. ബഹു. ജോർജ്ജ്കുട്ടി കണിപ്പള്ളിൽ അച്ചൻ എല്ലാവർക്കും നന്ദി അർപ്പിച്ചു.

**ഫാ. ജോഫിൻ മുളകൊടിയാങ്കൽ**
സെക്രട്ടറി

**അർദ്ധവാർഷിക പരീക്ഷ**

2020 ഒക്ടോബർ നാലാം തീയതി ആദ്യ സെമസ്റ്റർ പരീക്ഷയാണ്. കഴിഞ്ഞ വർഷത്തെ സിലബസാണ് ഈ വർഷവും നമ്മൾ പിന്തുടരുന്നത്. ഒക്ടോബർ നാലാം തീയതി നടക്കുന്ന പരീക്ഷയിൽ ഏഴ് പാഠങ്ങളിൽ നിന്നാണ് ചോദ്യങ്ങൾ വരുന്നത്. ടെക്സ്റ്റിൽ നിന്നും നമസ്കാരങ്ങളിൽ നിന്നും മാത്രമേ ഇത്തവണ ചോദ്യങ്ങൾ ഉണ്ടാവുകയുള്ളൂ. വാർഷിക പരീക്ഷക്ക് മുഴുവൻ സിലബസിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഇടവകയുടെ സാഹചര്യം പരിഗണിച്ച് പരീക്ഷ നടത്താവുന്നതാണ്. രൂപതയിൽ നിന്ന് തരുന്ന 50 ചോദ്യങ്ങളിൽ 25 ചോദ്യങ്ങളാണ് ചോദിക്കേണ്ടത്. Text ൽ നിന്ന് 46 ചോദ്യങ്ങളും നമസ്ക്കാരങ്ങളിൽ നിന്ന് 4 ചോദ്യങ്ങളും ഉണ്ടായിരിക്കും. ഇവയിൽ ആദ്യത്തെ 46 ചോദ്യങ്ങളിൽ നിന്ന് 23 എണ്ണവും 4 നമസ്ക്കാരങ്ങളിൽ നിന്ന് രണ്ടെണ്ണവും ചോദിക്കേണ്ടതാണ്. ചോദ്യങ്ങൾ Pdf ഫോർമാറ്റിൽ ഹെഡ്മാസ്റ്റേഴ്സിന്റെ വാട്സ്ആപ് ഗ്രൂപ്പിലേക്ക് അയച്ചു തരുന്നതാണ്.

**മതാധ്യാപകദിനം, നവംബർ 8**

സ്നേഹംനിറഞ്ഞ മതാധ്യാപകരെ,

മതാധ്യാപകദിനത്തിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു. മതാധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബോറോമിയോയുടെ തിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് നമ്മൾ മതാധ്യാപക ദിനമായി ആചരിക്കുന്നത്. പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി ഏറെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഈ വർഷം വിശ്വാസപരിശീലന പ്രവർത്തനങ്ങളെ വിജയകരമായി ലക്ഷ്യത്തിലേക്ക് നമ്മൾ നയിക്കുന്നത്. നിങ്ങളുടെ സന്മനസ്സിനെയും ത്യാഗത്തെയും ഹൃദയത്തിലെ പ്രേഷിതാഗ്നിയേയും സ്നേഹ

ത്തോടെ ആദരിക്കുകയും അനുമോദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഇടവകയിലെ പ്രഥമ മതാധ്യാപകനായ എല്ലാ ബഹു. വികാരിയച്ചന്മാർക്കും പ്രധാനാധ്യാപകർക്കും രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന രൂപതയിലെ എല്ലാ മതാധ്യാപകർക്കും മേഖല ഡയറക്ടർ അച്ചന്മാർക്കും, മേഖല സെക്രട്ടറിമാർ, ടീമംഗങ്ങൾ, രൂപത ടീമംഗങ്ങൾ എന്നിവർക്കും മതാധ്യാപക ദിനത്തിന്റെ ആശംസകൾ നേരുന്നു.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

---

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**ലോഗോസ് 2020**

ലോഗോസ് പരീക്ഷ ഡിസംബർ മാസത്തിലായതുകൊണ്ട് പരമാവധി ആളുകളെ പങ്കെടുപ്പിക്കുക എന്ന ഉദ്ദേശത്തോടെ ലോഗോസ് രജിസ്ട്രേഷൻ ഒക്ടോബർ അവസാനം വരെ തുടരാവുന്നതാണെന്ന് അറിയിക്കുന്നു. വളരെ കുറച്ച് ഇടവകകൾ മാത്രമാണ് നിലവിൽ രജിസ്ടേഷൻ നടത്തിയിട്ടുള്ളു. ബാക്കി ഇടവകകളും ഈ ലോക്ക് ഡൗൺ കാലം വചനം പഠിക്കാനുള്ള നല്ല അവസരമായി കണ്ട് ആളുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ. പരീക്ഷ ഡിസംബർ 27 ന് ആയിരിക്കും നടത്തപ്പെടുക.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളുടെ ആത്മീയ ഉത്സവ ദിനങ്ങളാണ് ഒക്ടോബർ മാസം. സംഘടനാ പ്രവർത്തനങ്ങൾ ശാഖകളിൽ കൂടുതൽ സജീവമാകുന്ന മിഷൻമാസം. മിഷൻമാസാചരണവും മിഷൻ ഞായർ ആഘോഷവുമെല്ലാം മിഷൻലീഗ് അംഗമെന്ന നിലയിൽ ക്രിസ്തു അവബോധത്തിലേക്കും നമ്മുടെ ദൗത്യത്തിലേക്കും നമ്മെ ഉണർത്തുമെന്നത് തീർച്ചയാണ്. 'മിഷനെ അറിയാം മിഷന്നിയാകാം മിഷൻലീഗിലൂടെ' എന്ന പ്രവർത്തന വിഷയം ഈ മിഷൻ മാസത്തിൽ നമുക്കു കരുത്തു പകരട്ടെ.

നാമെല്ലാവരും മിഷനറിമാരാണ്. പഠനസ്ഥലത്തായാലും ജോലിസ്ഥലത്തായാലും വീട്ടിലായാലും ഏതു മേഖലയിലായാലും ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുക എന്നത് ഒരോ മിഷൻലീഗ് അംഗത്തിന്റെയും കടമയും ഉത്തരവദിത്വവുമാണ്. സ്വന്തം ജീവിതംകൊണ്ട് ക്രിസ്തുവിന് സാക്ഷ്യമേകണം. വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പ അമേരിക്ക സന്ദർശിച്ചപ്പോൾ ലക്ഷക്കണക്കിനുവരുന്ന യുവജനങ്ങളോടു പറഞ്ഞു:'Love Jesus, Live Jesus, Bear witness to Jesus'. ഓരോ മിഷൻലീഗ് അംഗവും അനുഷ്ഠിക്കേണ്ട ധർമ്മമാണിത്.

പ്രിയ മിഷൻലീഗ് അംഗങ്ങളെ, ഈ മഹാവ്യാധിയുടെ കാലഘട്ടത്തിൽ മിഷൻമാസം ആചരിക്കുമ്പോൾ ക്രിസ്തുവിന്റെ സൗരഭ്യം മറ്റുള്ളവരിലേക്ക് സ്വന്തം ജീവിതത്തിലൂടെ പകർന്നുകൊടുക്കുവാനും മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാനും നമുക്ക് പരിശ്രമിക്കാം. വചനംകൊണ്ടും കർമ്മംകൊണ്ടും മാനവ ഹൃദയങ്ങളിൽ ഇടം നേടിയ സ്ഥാപക നേതാവായ കുഞ്ഞേട്ടന്റെ ജീവിത മാതൃക നമുക്കു കരുത്താകട്ടെ.

ഏവർക്കും മിഷൻ മാസത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

പ്രേഷിതാഭിവാദ്യങ്ങളോടെ,

ഷിജു അച്ചൻ.

**2020 ഒക്ടോബർ** – ഓരോ ക്രൈസ്തവനും മിഷനറിയാണ്
**പ്രയർ 2020** – എല്ലാ മിഷൻ രൂപതകൾക്കും വേണ്ടി
**മിഷൻ പ്രയർ ബാങ്ക്** – ഷംസാബാദ് – നിലമ്പൂർ മേഖലയിലെ ശാഖ കൾ
മാണ്ഡ്യ – മണിമൂളി മേഖലയിലെ ശാഖകൾ

**ജസ്റ്റിസ് ഫോർ മരിയ**

തോക്കു ചൂണ്ടി, തട്ടികൊണ്ട് പോയി പീഡിപ്പിച്ചു മതം മാറ്റിയ അതേ ക്രിമിനലിന്റെ കൂടെ ശിഷ്ടകാലം നല്ല ഭാര്യയായി ജീവിക്കണമെന്ന് പാക്ക് ഹൈക്കോടതി വിധിച്ച മരിയ എന്ന നമ്മുടെ സഹോദരിക്ക് നീതി ലഭിക്കുന്നതിനായി ശക്തമായ പ്രധിക്ഷേധവുമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത രംഗത്തു വന്നു. മതമൗലികവാദികളുടെ ഇരുട്ടറകളിലേക്ക് വലിച്ചെറിയപ്പെടുന്ന മരിയയ്ക്കും മരിയയെപ്പോലുള്ള അനേകം പെൺകുട്ടികൾക്കും നീതി ലഭിക്കുന്നതിനായി ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ കമ്മീഷന്റെ എഫ്. ബി പേജിൽ 'ജസ്റ്റിസ് ഫോർ മരിയ' എന്നെഴുതി രൂപതയിലെ ആയിരക്കണക്കിനു കുഞ്ഞുമിഷണറിമാർ പ്രതികരിച്ചുകൊണ്ട് യു എൻ –നിൽ തങ്ങളുടെ സ്വരം കേൾപിച്ചു.

**ഗ്രീൻ ചലഞ്ച്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടത്തിയ ഗ്രീൻ ചലഞ്ച് പ്രോഗ്രാമിൽ നിന്നും പ്രചോദനം ഉൾകൊണ്ട് ഹൈസ്കൂൾ വിദ്യാർത്ഥിയും കാർമൽ ഹിൽ ശാഖാംഗവും ആയ അമൽ ഷാജി തന്റെ പുരയിടവും പരിസരവും വിവിധ ഇനം പച്ചകറികളാലും മറ്റു കൃഷി ഇനങ്ങളാലും ഹരിത പൂർണ്ണമാക്കി. ഭാവിയുടെ അഭിമാനമായ അമൽ ഷാജി എന്ന കുഞ്ഞു കർഷകന് മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**നല്ല അയൽക്കാരൻ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഈ വർഷത്തെ 'നല്ല അയൽക്കാരൻ പദ്ധതി' ഉദ്ഘാടനം ചെയ്തു. കമ്മില്ലസ് സന്യാസ സഭയുടെ സഹകരണത്തോടെ, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെയും വിവിധ മേഖലകളുടേയും നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്കുള്ള ഭക്ഷണകിറ്റ് വിതരണം 'നല്ല അയൽക്കാരൻ' പദ്ധതി ആഗസ്റ്റ് 24 ന് ദ്വാരക സെന്റ് അൽഫോൻസാ ഫൊറോന വികാരി റവ. ഫാ. ഷാജി മുളകുടിയാങ്കൽ ചെറുപുഷ്പ മിഷൻലീഗ് ദ്വാരക മേഖല ഭാരവാഹികൾക്കു നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, റിലീഫ്

പ്രൊജക്ട് കോ-ഓർഡിനേറ്റർ ഫാ. ജോഫ്രീ കമില്ലസ്, രൂപത ഓർഗ നൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, ഓഫീസ് സെക്രട്ടറി സി.സിനി മരിയ സി.എം.സി എന്നിവർ നേതൃത്വം നൽകി.

**സ്നേഹപൂർവ്വം ആശംസകൾ**

അമ്മമാരുടെ മദ്ധ്യസ്ഥയായ വി.മോനിക്കയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 27 ന് മാനന്തവാടി രൂപതയിലെ മാതൃവേദി കുടുംബ ത്തിനും എല്ലാ അമ്മമാർക്കും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പ്രാർത്ഥനകളും ആസംസകളും നേർന്നു.

**അഭിനന്ദനങ്ങൾ**

ഡൽഹി കേന്ദ്ര സംസ്കൃത സർവ്വകലാശാലയുടെ പ്രാക് ശാസ്ത്രി പരീക്ഷയിൽ ദേശീയതലത്തിൽ ബെസ്റ്റ് ടോപ്പേഴ്സിൽ ഇടം നേടിയ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ജൂനിയർ ടീം അംഗവും കണിയാരം ഇടവകാംഗവുമായ അലൻ ജിയോ സോയിക്കും, പെൻസിൽ കാർവിങ്ങിലൂടെ ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സും ദേശീയ റെക്കോർഡും കരസ്ഥമാക്കിയ ചെറുപുഷ്പ മിഷൻലീഗ് തരി യോട് ശാഖ മുൻ പ്രസിഡന്റ് ജിത്തു ചെറിയാനും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ..

**കരുണയുടെ തീരത്ത്**

തിരുവോണക്കാലത്തൊരു സ്നേഹകൈനീട്ടവുമായി ആഗസ്റ്റ് 28 ന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ കരുത്തുറ്റ സാരഥികൾ വീണ്ടും ഒത്തൊരുമിച്ചു. അഗതികളും വൃദ്ധരും രോഗി കളുമായ 300 ഓളം ആളുകൾ താമസിക്കുന്ന കോളയാട് അറയങ്ങാടുള്ള സ്നേഹഭവൻ എന്ന അഗതി മന്ദിരത്തിൽ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഏകദേശം 50,000 രൂപയുടെ ഭക്ഷ്യവസ്തു ക്കളും മറ്റ് ഗൃഹോപകരണ സാധനങ്ങളും എത്തിച്ചു കൊടുത്തു. കോവിഡ്-19 മൂലം നിത്യ ചിലവുകൾക്ക് പ്രതിസന്ധി നേരിടുന്ന അനാഥ മന്ദിരങ്ങളെ സഹായിക്കാൻ സംഘടന നടപ്പിലാക്കുന്ന കരുണയുടെ തീരത്ത് പദ്ധതിയുടെ ഭാഗമായി രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള അംഗങ്ങളുടെ സംഭാവനയിലൂടെയാണ് ഭക്ഷ്യവസ്തുക്കളും മറ്റും സമാ ഹരിച്ചത്. ഭക്ഷ്യവസ്തുക്കൾ നിറച്ച വാഹനത്തിന്റെ ഫ്ളാഗ് ഓഫ് മാന ന്തവാടി രൂപത ബിഷപ്പ് മാർ ജോസ് പൊരുന്നേടം നിർവഹിച്ചു. കരുണ യുടെ തീരം ആദ്യ ഘട്ടം ഏറ്റവും വിജയപ്രദമാക്കാൻ അത്യദ്ധ്വാനം ചെയ്ത എല്ലാ സുമനസുകൾക്കും നന്ദി.

**മരിച്ചാലും മറക്കില്ലാട്ടോ..**

ഒരു ചെറു വാക്കിന് ഇത്രയേറെ ഊർജ്ജം പകരാൻ ആകുമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ക്രിസ്തുവിന്റെ മണവാട്ടി, വി.എവുപ്രാസ്യാമ്മ

യുടെ തിരുനാൾ മംഗളങ്ങൾ ചെറുപുഷ്പ മിഷൻലീഗ് രൂപത കുടുംബം ഏവർക്കും ആശംസിച്ചു.

**ഒരുമയുടെ ഓണം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഏവർക്കും ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും ഓണാശംസകൾ നേർന്നു.

**മലയാള തനിമ**

ഓണത്തിനോടനുബന്ധിച്ച് മലയാള തനിമ എന്ന പേരിൽ കേരളത്തിന്റെയും ഓണത്തിന്റെയും പാരമ്പര്യവും തനിമയും ഉൽക്കൊള്ളുന്ന വേഷങ്ങൾ അണിഞ്ഞ് കുടുംബം ഒന്നിച്ചുള്ള ഫോട്ടോഗ്രാഫി മത്സരം നടത്തി. ഈ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കുര്യൻ പെരുംകുഴി & കുടുംബം (കമ്മന ശാഖ), സന്തോഷ് സ്കറിയ കുളമാക്കൽ & കുടുംബം (തലഞ്ഞി), തോമസ് കാട്ടാംപള്ളിൽ & കുടുംബം (സീതാമൗണ്ട്) എന്നിവർ കരസ്ഥമാക്കി. വിജയികളായ കുടുംബങ്ങൾക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**കുട്ടി മാവേലി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത, 10 വയസ് വരെയുള്ള തിരുബാലസഖ്യാംഗങ്ങൾക്കായി കുട്ടിമാവേലി എന്ന പേരിൽ ഫോട്ടോഗ്രാഫി മത്സരം നടത്തി. കേരളീയരുടെ തനിമയും പാരമ്പര്യവും ഉൾക്കൊള്ളുന്ന വേഷം അണിഞ്ഞ കുഞ്ഞു മാവേലിമാരിൽ, അനുഗ്രഹ ഷാജി വലിയമാക്കൽ (ഇരുളം), ആൽബിൻ രാജീവ് കാട്ടാശ്ശേരി (ഇടിവണ്ണ), ഏബൽ പുളിക്കതടത്തിൽ (പേരിയ) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവരും വിജയികളായവരുമായ എല്ലാവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**അതിജീവനത്തിനൊരു ജപമാല**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി 'അതിജീവനത്തിന് ഒരു ജപമാല' ചൊല്ലി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്ത സാഹചര്യത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സെപ്റ്റംബർ 2 ബുധനാഴ്ച രൂപതയിലെ 13 മേഖലകളും 157 ശാഖകളും, രൂപത സമിതിയും ഏക മനസോടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പരി.അമ്മയോടൊപ്പം നടത്തിയ അതിജീവനത്തിനുവേണ്ടിയുള്ള ഈ പോരാട്ടത്തിൽ പങ്കാളികളായ എല്ലാ കുഞ്ഞു മിഷനറിമാർക്കും നന്ദി.

**ദിവ്യകാരുണ്യമേ... ആരാധ്യനേ....**

പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനൊരുക്കമായി മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ പരിശുദ്ധ

അമ്മയോടൊപ്പം ദിവ്യകാരുണ്യ വിചിന്തനവും ആരാധനയും, സ്വർഗ്ഗത്തിലേക്കുള്ള 8 പടവുകളായ സുവിശേഷ ഭാഗ്യങ്ങളിലൂടെ നടത്തി. സെപ്റ്റംബർ മാസം ഒന്നാം തീയതി മുതൽ എട്ടാം തീയതി വരെ, വൈകുന്നേരം 7.30 മുതൽ 7.45 വരെ രൂപതയിലെ മുഴുവൻ കുഞ്ഞുമിഷനറിമാർക്കും അവരുടെ കുടുംബങ്ങളിൽ ഇത് കേൾക്കാനും ധ്യാനിക്കാനും പ്രാർത്ഥിക്കാനും അവസരമൊരുക്കി. രൂപതയിലെ കുഞ്ഞുമക്കൾ പരിശുദ്ധ അമ്മയ്ക്കു നൽകിയ പിറന്നാൾ സമ്മാനമായിരുന്നു ഈ വചന ധ്യാനം. ചെറുപുഷ്പ മിഷൻലീഗിന്റെയും മീഡിയ കമ്മീഷന്റെയും എപ്പാർക്കി ഓഫ് മാനന്തവാടിയുടെ യൂട്യൂബ്, ഫേസ് ബുക്ക് ചാനലുകളിലൂടെയും ഏവർക്കും ഇത് സംലഭ്യമാക്കി. ആത്മീയതയുടെ ആഴങ്ങളിലേക്കു കടന്നു ചെല്ലാൻ ഞങ്ങളെ സഹായിച്ച ബഹുമാനപ്പെട്ട ബിജോയ് സി.എം.എഫ്. അച്ചന് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും നന്ദിയും.

**അദ്ധ്യാപകദിനാശംസകൾ**

അക്ഷരങ്ങളിൽ പിച്ചവച്ചു നടത്തി അറിവിൻ ലോകങ്ങൾ തുറന്നു തന്ന എല്ലാ അദ്ധ്യാപരെയും നന്ദിയോടെ ഓർത്തുകൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപക ദിനത്തിന്റെ ആശംസകൾ നേർന്നു. അന്നേ ദിനത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞുകൊണ്ട് ഹെലേന ലിസ്ബത്ത് ഷിബു (ചുണ്ടക്കര ശാഖ) എന്ന കൊച്ചു മിടുക്കി തന്റെ ശക്തവും വ്യക്തവുമായ ഭാഷയിൽ ആ നല്ല ദിനത്തിന്റെ ആശംസകൾ നേർന്നു. ഹെലേനയ്ക്കു രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും..

**എന്റെ പ്രിയ ഗുരുനാഥന് സ്നേഹപൂർവ്വം**

സെപ്റ്റംബർ 5 അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ജീവിതത്തിൽ ഒരുപാട് സ്വാധീനം ചെലുത്തിയ ഏറ്റവും പ്രിയപ്പെട്ട അദ്ധ്യാപകനോ അദ്ധ്യാപികയ്ക്കോ നന്ദിയും സ്നേഹവും പ്രകടിപ്പിച്ചുകൊണ്ട് 8 വാക്യത്തിൽ കൂടാതെ കത്തെഴുതുവാൻ പ്രായഭേദമില്ലാതെ അവസരം ഒരുക്കി. അതനുസരിച്ച് എഴുതിയ കത്തുകളിൽ ഏറ്റവും ഹൃദയസ്പർശകമായി കത്തെഴുതിയ ബിജു പാറാനിക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

**പാവങ്ങളുടെ അമ്മയ്ക്കു പ്രണാമം**

വി. മദർതെരേസയുടെ തിരുനാൾ ദിനത്തിൽ സെപ്റ്റംബർ 5, വിവേചനങ്ങളില്ലാതെ ദൈവത്തിന്റെ കരങ്ങളായി ദൈവിക സ്നേഹം സഹജീവികൾക്ക് ആവോളം നൽകി ലോകം മുഴുവന്റെയും അമ്മയായ, പാവങ്ങളുടെ അമ്മയ്ക്കു ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ പ്രണാമം.

**കനിവ് 2020**

അഗതികളുടെ അമ്മയായ വി. മദർ തെരേസയുടെ തിരുനാളി നോടനുബന്ധിച്ച് രൂപത മേഖല ശാഖ തലങ്ങളിൽ പാവപ്പെട്ടവർക്കും അനാഥാലയങ്ങളിൽ ഉള്ളവർക്കും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്ന കനിവ് 2020 എന്ന പരിപാടിയുടെ മാനന്തവാടി രൂപതാതല ഉദ്ഘാടനം രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ കാട്ടി കുളത്തെ കരുണഭവനിൽ, ഫാ.ജിന്റോ O.carm ന് കൈമാറികൊണ്ട് നിർവഹിച്ചു. രൂപത പ്രസിഡന്റ് രഞ്ചിത് മുതുപ്ലാക്കൽ, രൂപത റീജണൽ ഓർഗനൈസർ സജീഷ് എടത്തട്ടേൽ എന്നിവർ നേതൃത്വം നല്കി.

**അതിജീവനത്തിന്റെ ശബ്ദം**

സോഷ്യൽ മീഡിയകളിലൂടെ ഇന്ന് ഏവർക്കും ഏറെ സുപരി ചിതയായ ജിലുമോൾ മരിയറ്റ് തോമസ് എന്ന ഇരു കൈകളും ഇല്ലാതെ ജനിച്ച ഈ പെൺകുട്ടിയുടെ ജീവിതാനുഭവം പങ്കു വയ്ക്കുന്ന വെബി നാർ അതിജീവനത്തിന്റെ ശബ്ദം എന്ന പേരിൽ സെപ്റ്റംബർ 6 ഞായ റാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ നടത്തി . രൂപതയുടെ വിവിധ ഭാഗങ്ങ ളിൽ നിന്നായി നൂറിലേറെ കുഞ്ഞു മിഷനറിമാർക്ക് ഏറെ പ്രചോദ നവും ആവേശവും പകർന്ന അപൂർവ നിമിഷങ്ങളായിരുന്നു അതിജീവന ത്തിന്റെ ശബ്ദം. ഞങ്ങളുടെ കുഞ്ഞുമിഷനറിമാരിൽ ജീവിതാനുഭവങ്ങളെ ധീരതയോടെ അതിജീവിക്കാൻ അതിജീവനത്തിന്റെ കരുത്തുപകർന്ന ജിലുമോൾക്ക് മാനന്തവാടി ചെറുപുഷ്പ മിഷൻലീഗ് രൂപത കുടുംബ ത്തിന്റെ പ്രാർത്ഥനാ നിർഭരമായ നന്ദിയും അഭിനന്ദനങ്ങളും..

**ആദരാഞ്ജലികൾ**

ദീർഘകാലത്തെ ത്യാഗോജ്വലമായ ഇടയ ധർമ്മത്തിനു ശേഷം കർത്താവിൽ നിദ്രപ്രാപിച്ച താമരശ്ശേരി രൂപതയുടെ മുൻ ഇടയൻ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനും, ദൈവപിതാവിന്റെ സന്നിധിയിലേക്കു യാത്രയായിരിക്കുന്ന ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത മുൻ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട കുര്യാക്കോസ് മുണ്ടപ്ലാക്കൽ അച്ചനും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ആദരാ ഞ്ജലികൾ. ആത്മീയ ആചാര്യൻമാരേ, തളരാത്ത നിങ്ങളുടെ പ്രേഷിത തീക്ഷ്ണതയ്ക്കും ആദ്ധ്യാത്മിക ചൈതന്യത്തിനും മുൻപിൽ പ്രാർ ത്ഥനാപൂർവ്വകമായ പ്രണാമം.

**മേരിമസ്സ്**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പരി.അമ്മയുടെ ജൻമദിനത്തിന്റെ ആശംസകൾ ഏവർക്കും നേർന്നു. അന്നേദിനം വിശ്വ മാതാവായ പരി.അമ്മയുടെ മാതൃസവിശേഷതകൾ എടുത്തു പറഞ്ഞു

കൊണ്ട് മരിയ (വടക്കനാട് ശാഖ) തിരുനാൾ സന്ദേശം നൽകി. കുഞ്ഞു മിഷനറി മരിയയ്ക്കു രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ..

**തിരുനാൾ ആശംസകൾ**

സെപ്റ്റംബർ 8-ാം തീയതി തങ്ങളുടെ നാമഹേതുക തിരുനാളിൽ സന്തോഷിക്കുന്ന ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഓഫീസ് സെക്രട്ടറി സി.സിനി മരിയ സി.എം.സി, എക്സിക്യൂട്ടീവ് അംഗം അഖില, ജോ.സെക്രട്ടറി അലോഷിൻ എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ ആശംസകൾ നേർന്നു.

**ഡയറക്ടേഴ്സ് ഡേ**

സെപ്റ്റംബർ 9 ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ അനുസ്മരണദിനം. കുഞ്ഞു മിഷനറിമാരുടെ മനസ്സുകളിൽ എന്നും ജീവിക്കുന്ന മാലിപ്പറമ്പിലച്ചന്റെ നിറമുള്ള ഓർമ്മകളിൽ, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത അന്നേ ദിനം ഡയറക്ടേഴ്സ് ഡേ ആയി ആചരിച്ചു. ശാഖാ, മേഖല, രൂപത, മേൽഘടകങ്ങളിൽ, പ്രേഷിത മനസ്സുകളിൽ ദിശാബോധത്തിന്റെ ഉൾക്കരുത്തുപകരുന്ന നമ്മുടെ ഡയറക്ടേഴ്സ് ആണ് സംഘടനയുടെ ആത്മീയ ശക്തികേന്ദ്രം. ചെമ്മഞ്ഞക്കൊടിയേന്തുന്നവരെ നിരന്തരം പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ ഡയറക്ടേഴ്സിനും പ്രത്യേകിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയെ തനതായ ശൈലിയിൽ ധീരതയോടെ നയിക്കുന്ന ഷിജു അച്ചനും രൂപത കുടുംബത്തിന്റെ നന്ദിയും ആശംസകളും അറിയിച്ചു.

**വെബിനാർ വിത്ത് ജസ്റ്റിസ് കുര്യൻ ജോസഫ്**

റവ.ഫാ.ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ ദിനത്തോടനുബന്ധിച്ച് ജസ്റ്റിസ് കുര്യൻ ജോസഫ് സർ നയിച്ച വെബിനാറിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയിൽ നിന്നും 15 പേർ പങ്കെടുത്തു. മിഷൻചൈതന്യം സദാ നെഞ്ചിലേറ്റി മിഷൻലീഗിന്റെ മുദ്രാവാക്യങ്ങൾ ജീവിത ബന്ദിയാക്കി സംഘടനയുടെ സ്ഥാപക ചൈതന്യത്തിൽ നിന്നും അണുവിട മാറാത്ത വലിയ വ്യക്തിത്വത്തിന്റെ ഉടമയായ ജസ്റ്റിസ് കുര്യൻ ജോസഫ് സാറിന്റെ വാക്കുകൾ ഏറെ ഉപകാരപ്രദവും പ്രചോദനാത്മകവും ആയിരുന്നു. സംഘടനയുടെ അല്മായ നേതൃത്വത്തിലെ കരുത്തുറ്റ നേതാവായ ജസ്റ്റിസ് കുര്യൻ ജോസഫ് സാറിന് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**ശ്രദ്ധേയമാകുന്ന നല്ല അയൽക്കാരൻ പദ്ധതി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 'നല്ല അയൽക്കാരൻ' പദ്ധതിയുടെ ഭാഗമായി സുമനസ്സുകളുടെ സഹായത്തോടെ സമാഹരിക്കുന്ന തുകയിൽ നിന്നും കേണിച്ചിറ ഇടവകയിലെ ഒരു വീടിന്

ആവശ്യമായ ടൈൽസ് കുടുംബനാഥന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയ്ക്കുവേണ്ടി ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ കൈമാറി. രൂപത ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, പ്രസിഡന്റ് രഞ്ചിത് മുതുപ്ലാക്കൽ, സെക്രട്ടറി ടോം ജോസ് പൂവക്കുന്നേൽ, എക്സിക്യൂട്ടീവ് അംഗങ്ങളായ സാബു ഊളവള്ളിക്കൽ, ടോണി ചെമ്പോട്ടിക്കൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ**

മാനന്തവാടി രൂപത മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻ പുറത്തിറക്കുന്ന പ്രതിധ്വനി എന്ന മാസികയിൽ, ചെറുപുപഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിലെ കലാപ്രതിഭകളുടെ സൃഷ്ടികളും ഉൾകൊള്ളിക്കുന്നു. ജൂലൈ മാസത്തിൽ നിമിഷ ഷാജിയുടെ (തരിയോട്) കവിതയും, ആഗസ്റ്റ് മാസത്തിൽ അന്ന തടങ്ങഴിയുടെ (ചുങ്കക്കുന്ന്) സ്വാതന്ത്ര്യദിന ക്വിസ്സ്, മെറീന ക്രിസ്റ്റിയുടെ കവിത എന്നിവയും, സെപ്റ്റംബർ മാസത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗം സിനീഷിന്റെ (ചെറുകാട്ടൂർ) ലഘുലേഖനവും പ്രതിധ്വനിയിൽ പ്രസിദ്ധീകരിച്ചു. ഭാവി വാഗ്ദാനങ്ങളായ കലാപ്രതിഭകൾക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ..

**നന്ദിയോടെ..**

കഴിഞ്ഞ 7 വർഷക്കാലം ചെറുപുഷ്പ മിഷൻലീഗ് പയ്യംമ്പള്ളി മേഖലയുടെ ജോ.ഡയറക്ടറായി പ്രവർത്തിച്ച്, തന്റെ കഴിവും സമയവും ദീർഘവീക്ഷണവും സംഘടനാ പ്രവർത്തനങ്ങൾക്കായി അർപ്പിച്ച് ജോ.ഡയറക്ടർ സ്ഥാനത്തു നിന്നും മാറുന്ന പ്രിയപ്പെട്ട സി.തെരേസ് എസ്.എ.ബി.എസ്. ന് രൂപത കുടുംബത്തിന്റെ നന്ദിയും തുടർന്നുള്ള ജീവിതത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് പയ്യംമ്പള്ളി മേഖല ജോ.ഡയറക്ടറായി സ്ഥാനമേൽക്കുന്ന സി ഷീജ എസ്.സി.വി ക്ക് രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**ഒരിക്കലും തളരില്ല ഈ പ്രേഷിത തീക്ഷ്ണത**

ശാഖാ ജോ.ഡയറക്ടേഴ്സ് സംഗമം. രൂപതയിലെ മുഴുവൻ ശാഖാ ജോ.ഡയറക്ടേഴ്സിനുമായി, സെപ്റ്റംബർ 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു വിഭാഗമായി സൂം ആപ്പിലൂടെ സംഗമവും ക്ലാസ്സും സംഘടിപ്പിച്ചു. രൂപതയുടെ വിവിധ ശാഖകളിൽ നിന്നുമായി നൂറിലേറെ ശാഖാ ഡയറക്ടേഴ്സ് പങ്കെടുത്ത സംഗമത്തിൽ സംസ്ഥാന എക്സിക്യൂട്ടീവ് അംഗവും മോട്ടിവേഷണൽ സ്പീക്കറുമായ ശ്രീ. അരുൺ ജോസ് ക്ലാസ്സ് എടുത്തു.

ഈ കാലഘട്ടത്തിൽ ജോ.ഡയറക്ടേഴ്സിന്റെ സ്വാധീനവും പ്രസക്തിയും, തന്നെ താനാക്കി മാറ്റാൻ സഹായിച്ച സി.റാണി സി.എം.സി. എന്ന അദ്ദേഹത്തിന്റെ ജോ.ഡയറക്ടറായിരുന്ന സിസ്റ്ററിനെ പറ്റി പറഞ്ഞു കൊണ്ട് സ്വന്തം ജീവിതാനുഭവത്തിൽ നിന്നും പങ്കുവച്ചപ്പോൾ തങ്ങളുടെ പ്രേക്ഷിത വീര്യം ഉജ്ജ്വലിപ്പിച്ച് കൂടുതൽ തീക്ഷ്ണതയോടെ ആത്മാക്കളുടെ രക്ഷയ്ക്കായി അദ്ധ്വാനിക്കുവാനുള്ള താല്പര്യവും ആഗ്രഹവും എല്ലാ ജോ.ഡയറക്ടേഴ്സിന്റെയും ഹൃദയങ്ങളിൽ ഇരട്ടിച്ചു. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കനുസരിച്ച് വേറിട്ട രീതിയിൽ പ്രേഷിത ഹൃദയങ്ങളെ രൂപപ്പെടുത്താൻ രൂപതയിലെ മുഴുവൻ ജോ.ഡയറക്ടേഴ്സിനും ചുരുങ്ങിയ സമയംകൊണ്ട് ഉണർവ്വും ഉൻമേഷവും പകർന്ന, മിഷൻലീഗ് സംഘടനയെ എന്നും എപ്പോഴും ഹൃദയത്തിൽ പേറി സംഘടനാ ചൈതന്യം ജീവിതമാക്കുന്ന ശ്രീ.അരുൺ ജോസിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും...

**മിഷൻ മാസാചരണം – ഒക്ടോബർ 18–മിഷൻ ഞായർ**

ഒക്ടോബർ ഒന്നാം തീയതി എല്ലാ മേഖലാ കേന്ദ്രങ്ങളിലും, ശാഖകളിലും, ഓരോ ശാഖയിലും ഉള്ള മുഴുവൻ കുടുംബങ്ങളിലും മിഷൻലീഗിന്റെ ചെമ്മഞ്ഞ കൊടി ഉയർത്താൻ ശാഖാ മേഖലാ നേതൃത്വങ്ങൾ ശ്രദ്ധിക്കുമല്ലോ. ഒക്ടോബർ 18– ആഗോള സഭ മിഷൻ ഞായറായി ആചരിക്കുമ്പോൾ, കോവിഡ് പശ്ചാത്തലത്തിൽ നിന്നു കൊണ്ടുതന്നെ ഓരോ ശാഖയും അന്നേ ദിനം ഏറ്റവും മനോഹരമാക്കാൻ വേണ്ട കാര്യങ്ങൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ

**മേഖല വാർത്തകൾ**

**കൽപറ്റ മേഖല**

ഓണത്തിനോടനുബന്ധിച്ച് കാർട്ടൂൺ മത്സരം നടത്തി. രൂപതയോട് ചേർന്ന് 10 കുടുംബങ്ങൾക്ക് ഓണകിറ്റ് നല്കി. സെപ്റ്റംബർ 10 ന് മേഖല തലത്തിൽ മരിയൻ ക്വിസ്സ് നടത്തി. വെളിപാടു പുസ്തക പഠനം തുടർന്നുകൊണ്ടിരിക്കുന്നു.

**ബത്തേരി മേഖല**

വിയാനി ദിനത്തിൽ മേഖലയിലുള്ള എല്ലാ ഡയറക്ടേഴ്സിനും ആശംസകൾ അറിയിച്ചു. കുഞ്ഞേട്ടൻ അനുസ്മരണദിനത്തിൽ എല്ലാ അൽമായ നേതൃത്വങ്ങൾക്കും ആശംസകൾ അറിയിച്ചു. സ്വർഗ്ഗാരോപണ തിരുനാളിൽ മാറ്റങ്ങളുടെ ഭാരതം എന്ന വിഷയത്തെ ആസ്പദമാക്കി മേഖലയിലെ കുട്ടികൾക്കായി കൊളാഷ് മത്സരം നടത്തി. നീതി നിഷേധിക്കപ്പെട്ട മരിയ ഷാമ്പ്വാസിനുവേണ്ടി മേഖലയിലെ അംഗങ്ങൾ

സമൂഹമാധ്യമങ്ങളിലൂടെ തങ്ങളുടെ ശബ്ദമുയർത്തി. ശാഖാ ജോ.ഡയറക്ടേഴ്സ് മീറ്റിംങ്ങ് നടത്തി. നല്ല അയൽക്കാരൻ പദ്ധതിയുമായി സഹകരിച്ച് മേഖലയിലെ തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ നൽകി. ഓണത്തിന് പൂക്കളമത്സരം നടത്തി. സെപ്റ്റംബർ 8 നോടനുബന്ധിച്ച് പരിശുദ്ധ അമ്മയുടെ മാതൃക എന്റെ ജീവിതത്തിൽ എന്ന വിഷയത്തിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിലായി പ്രസംഗ മത്സരം നടത്തുകയും മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുകയും ചെയ്തു. ഡയറക്ടേഴ്സ് ഡേയിൽ ശാഖാ, മേഖല, രൂപത ഡയറക്ടേഴ്സിന് ആശംസകൾ അറിയിച്ചു.

**ശാഖാ വാർത്തകൾ**

**മരക്കടവ് ശാഖ:-** ആഗസ്റ്റ് 15 ന് 'സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണവും' എന്ന വിഷയത്തെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തി. ഓണത്തിന് സെൽഫി പൂക്കളമത്സരം നടത്തി. 8 നോമ്പിന് ആയിരം നന്മനിറഞ്ഞമറിയമേ ചൊല്ലി ലോകം മുഴുവനും വേണ്ടി കാഴ്ചവച്ചു. അദ്ധ്യാപകദിനത്തിൽ എല്ലാവരും പ്രിയപ്പെട്ട അദ്ധ്യാപകരെ വിളിച്ച് ആശംസകൾ അറിയിച്ചു. മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണദിനത്തിൽ രൂപത, മേഖല ഡയറക്ടർമാരെ വിളിച്ച് ആശംസകൾ അറിയിച്ചു. ശാഖാ ഡയറക്ടറിന് പ്രത്യേകവിധം ആശംസകൾ അറിയിച്ചു.

**ചുണ്ടക്കര ശാഖ:-** 8 നോമ്പിനോടനുബന്ധിച്ചുള്ള ഉപവാസ ദിനത്തിൽ ഇടവകയുടെ മുഴുവൻ വഴികളിലൂടെ ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തി. പാവപ്പെട്ട കുട്ടികൾക്ക് നോട്ട് ബുക്ക് വിതരണം ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു.

**ചുങ്കക്കുന്ന് ശാഖ:-** എസ്.എസ്.എൽ.സി., +2 വിന് ഉന്നത വിജയം നേടിയ കുട്ടികളെ മെമന്റോ കൊടുത്തു അനുമോദിച്ചു. ആഗസ്റ്റ് 15 ന് മരിയൻ ക്വിസ്സ് നടത്തി. പഠനാവശ്യത്തിനായി 3 കുട്ടികൾക്ക് സ്മാർട്ട് ഫോൺ നല്കി.

**നിലമ്പൂർ ശാഖ:-** ആഗസ്റ്റ്1-15, പരി.അമ്മയുടെ പുണ്യങ്ങൾക്കൊപ്പം വിവിധ നിയോഗങ്ങളും ഉൾക്കൊള്ളിച്ച വീഡിയോകൾ ഉണ്ടാക്കി എല്ലാവരിലും എത്തിച്ചു. ബൈബിളിലെ പുസ്തകങ്ങളുടെ പേരുകൾ പഠിക്കുന്നതിനായി വീഡിയോ ഉണ്ടാക്കി എല്ലാവർക്കും നല്കി. സെപ്റ്റംബർ 1-8, പരി.അമ്മയോടുള്ള പ്രാർത്ഥനയും നിയോഗങ്ങളും എല്ലാ ദിവസവും അംഗങ്ങളിൽ എത്തിച്ചു.

**വഞ്ഞോട് ശാഖ:-** ആഗസ്റ്റ് 15 നോടനുബന്ധിച്ച് പ്രസംഗം, ക്വിസ്സ്, ബൈബിളിലെ പുസ്തകങ്ങളുടെ പേര് പറച്ചിൽ തുടങ്ങിയ മത്സരങ്ങൾ

നടത്തി വിജയികൾക്കു സമ്മാനങ്ങൾ നല്കി. പരി.അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് മുഴുവൻ സി.എം.എൽ. അംഗങ്ങളേയും വാട്സ് ആപ്പ് ഗ്രൂപ്പിൽ ചേർത്ത് പരി. അമ്മയെ കുറിച്ചുള്ള സന്ദേശങ്ങൾ എത്തിച്ചുകൊടുത്തു. കൊറോണ വൈറസിനെ എങ്ങനെ പ്രതിരോധിക്കാം എന്നതിനെ പറ്റി സി.എം.എൽ. അംഗം ക്ലാസ്സ് എടുത്തു.

**മൂലംകാവ് ശാഖ:-** കാലവർഷക്കെടുതി മൂലം വീട് തകർന്നുപോയ ഒരു കുടുംബത്തെ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ച് 5000 രൂപ നല്കി. ആഗസ്റ്റ് 15 ന് കുട്ടികൾക്കായി മരിയൻ ഗാനം, പ്രസംഗം (പരി.അമ്മ എന്റെ ജീവിതത്തിൽ), ക്വിസ്സ് എന്നീ മത്സരങ്ങൾ നടത്തി .

**അമരക്കുനി:-** ആഗസ്റ്റ് 15 ന് ക്വിസ്സ് മത്സരം നടത്തി. അദ്ധ്യാപക ദിനത്തിൽ സി.എം.എൽ. അംഗങ്ങൾ എല്ലാ അദ്ധ്യാപകരെയും ഫോൺ വിളിച്ച് ആശംസകൾ അറിയിച്ചു.

**ചെറുകാട്ടൂർ:-** കൊറോണ 2k20 എന്ന പേരിൽ ഓണത്തിന് ചിത്രരചന, സെൽഫി, ചെറുകഥ, കവിത, മലയാളി മങ്ക തുടങ്ങിയ മത്സരങ്ങൾ നടത്തി. മാനന്തവാടി സമരിറ്റൻ ഭവനിൽ വച്ച് ശാഖാ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അദ്ധ്യാപക ദിനത്തിൽ എല്ലാ മതാധ്യാപകർക്കും ആശംസകൾ അറിയിച്ചു. ഡയറക്ടേഴ്സ് ഡേ ആചരിച്ചു.

**നടവയൽ:-** ആഗസ്റ്റ് 15 ന് പതാക ഉയർത്തുകയും വിവിധ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പൂവിളി 20 എന്ന പേരിൽ ഓണത്തിന് വിവിധ മത്സരങ്ങൾ നടത്തി. ഇടവകാ സമൂഹത്തിനായി ജനറൽ ക്വിസ്സ് നടത്തി. സെപ്റ്റംബർ 4 ന് ശാഖാ അംഗങ്ങളുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല നടത്തി.

**കയ്യൂന്നി:-** വി. വിയാനിയുടെ തിരുനാൾ ദിനത്തിൽ ദിയ പാറ്റക്കുടി ഓൺലൈൻ ആയി വൈദീകർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തിരുബാലസംഖ്യത്തിലെ കുട്ടികൾക്കും മുതിർന്നവർക്കും ആയി ആഗസ്റ്റ് 15 ന് പ്രസംഗം, ഉപന്യാസം എന്നീ മത്സരങ്ങൾ നടത്തി. സ്വർഗ്ഗാരോപണ തിരുനാൾ ആശംസ അഞ്ജന ചെറുതറപ്പേൽ വീഡിയോയിലൂടെ ഇടവകാംഗങ്ങളിൽ എത്തിച്ചു. അന്നേദിനം മരിയൻ ക്വിസ്സ് നടത്തി. കൊറോണ മൂലം ദുരിതം അനുഭവിക്കുന്ന 50 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. പരി.അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് മരിയൻ ഗാന മത്സരം നടത്തി. ലോഗോസ് പരിശീലനം ഓൺലൈൻ ആയി നൽകി.

**അമ്പലവയൽ:-** ആഗസ്റ്റ് 15 ന് കുഞ്ഞുമിഷനറിമാർ വിവിധ വീഡിയോ പ്രോഗ്രാമുകൾ ഓൺലൈനായി ചെയ്തുകൊണ്ട് അന്നേദിനം മനോ

ഹരമാക്കി. ഡയറക്ടേഴ്സ് ഡേ ദിനത്തിൽ ശാഖാ ഡയറക്ടർക്കും സംഘടനയെ വിവിധ തലങ്ങളിൽ നയിച്ചുകൊണ്ടിരിക്കുന്ന പ്രിയ വൈദികർക്കും ആശംസകൾ നേർന്നു.

**ചിത്രഗിരി:–** പ്രകൃതി ഭംഗിയുടെ മൊബൈൽ ഫോട്ടോഗ്രാഫി മത്സരം നടത്തി. ലോഗോസ് പരീക്ഷയ്ക്കു കുട്ടികളെ പരിശീലിപ്പിക്കുന്നു. വീഡിയോ പ്രസംഗമത്സരം നടത്തി. മേഖല പൂക്കള മത്സരത്തിൽ അൽനയ്ക്കു രണ്ടാം സ്ഥാനം ലഭിച്ചു. 8 നോമ്പിന്റെ എല്ലാ ദിനങ്ങളിലും ഓൺലൈൻ  വിചിന്തനം നടത്തി.

**മീനങ്ങാടി:–** മിഠായി നോമ്പ് –8 നോമ്പിന്റെ ദിനങ്ങളിൽ മിഠായി ഒഴിവാക്കി നോമ്പ് എടുത്തു. ആവേ മരിയ വീഡിയോ സന്ദേശം–8 നോമ്പിന്റെ ദിനങ്ങളിൽ മാതാവിനെ പറ്റിയുള്ള ഒരു മിനിറ്റ് വീഡിയോ സന്ദേശം തയ്യാറാക്കി ഇടവകയിലെ മുഴുവൻ കുടുംബങ്ങളിലും എത്തിച്ചു. റിങ്ങിംങ് ബെൽസ് – മിഷൻലീഗ് അംഗങ്ങൾ ചേർന്ന് കഥ ച്ചെപ്പ്, കവിത, മഹാപഥം, വിശുദ്ധരുടെ ജീവചരിത്രം, മഹത് വചനങ്ങൾ, ബി പോസിറ്റീവ്, ജി.കെ കോർണർ തുടങ്ങിയവ ചേർത്ത് റിങ്ങിംങ് ബെൽസ് എന്ന റേഡിയോ മാഗസിൻ രൂപീകരിച്ച് ഇടവകജനങ്ങളിൽ എത്തിച്ചു.

കർമ്മ വീഥികളിൽ നന്മയുടെയും കാരുണ്യത്തിന്റെയും ചിന്തകൾ നിറച്ച്, മിഷൻ മുദ്രാവാക്യങ്ങൾ ജീവിതബന്ധിയാക്കി നമുക്ക് ചെമ്മഞ്ഞക്കൊടിക്കീഴിൽ അണിനിരക്കാം...

**ടോം ജോസ് പൂവക്കുന്നേൽ**

സി.എം.എൽ.  രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

## Justice For Mariya Shahbaz - Comment March

നീതി നിഷേധിക്കപ്പെട്ട മരിയ ഷഹബാസ് എന്ന പതിനാലു വയസുകാരിയുടെ വേദനയിൽ പങ്കുചേർന്ന് നീതി നടപ്പാക്കണം എന്ന ആവശ്യവുമായി കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കമന്റ് മാർച്ച് നടത്തി. ആഗസ്റ്റ് 21 ന് നടന്ന കമന്റ് മാർച്ച് കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി ശ്രീ. സിബിൻ സാമുവേൽ ഉദ്ഘാടനം ചെയ്തു. UN മനുഷ്യാവകാശ സംഘടനയുടെ ഫേസ്ബുക്ക് പേജിൽ കമന്റ് ചെയ്തുകൊണ്ട് പ്രതിഷേധം രേഖപെടുത്തി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തോളം പേർ ഇതിൽ പങ്കാളികളായി.

## Mariyan Melodies ഫലപ്രഖ്യാപനം

പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതയും SH നിർമ്മല പ്രൊവിൻസ് മാനന്തവാടിയും സംയുക്തമായി നടത്തിയ മരിയൻഗാന മത്സരത്തിൽ 102 പേർ പങ്കെടുത്തു. വിജയികളെ ആഗസ്റ്റ് 26 ന് കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ പ്രഖ്യാപിച്ചു. **1-ാം സമ്മാനം** നിമ മാത്യു (ചുണ്ടക്കര യൂണിറ്റ്), **2-ാം സമ്മാനം** ആൻനിയ (കണിയാരം), **3-ാം സമ്മാനം** മരിയ ജോളി (മരക്കടവ്), അഞ്ചു ജോസഫ് (കല്ലോടി), സാനിയ ആൽഫി (കണിയാരം) എന്നിവർ പങ്കിട്ടു. ധനു മരിയ ബാബു (പുൽപ്പള്ളി), ക്രിസ്റ്റി ജോയ് (കബനിഗിരി), ആൻലിയ അഭിലാഷ് (കൽപ്പറ്റ), ഷിൻസ് കെ.എസ്. (യവനാർകുളം), അയോണ കൂനംമാക്കിയിൽ (വിളമ്പുക്കണ്ടം) എന്നിവർ പ്രോത്സാഹന സമ്മാനത്തിന് അർഹരായി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

## ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ ദിനം

രക്തസാക്ഷികളുടെ ചുടുനിണം വീണ മണ്ണിലാണ് സഭ തഴച്ചു വളരുന്നത്. ദൈവത്തിനും ദൈവജനത്തിനുമായി ജീവൻ വെടിഞ്ഞവരെ ഓർക്കുന്ന പുണ്യദിനമാണ് ആഗസ്റ്റ് 28, ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം. ക്രിസ്തുവിന്റെ മുഖമായി മാറിയ ഈ

പുണ്യാത്മാക്കളെ അനുസ്മരിച്ചുക്കൊണ്ട്, ഈ ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്ററും സന്ദേശവും വിവിധ മാധ്യമങ്ങളിലൂടെ പങ്കുവച്ചു.

**സംസ്ഥാന അർദ്ധവാർഷിക സെനറ്റ്**

ആഗസ്റ്റ് 30 ന് ZOOM വഴി നടത്തപ്പെട്ട സംസ്ഥാന അർദ്ധ വാർഷിക സെനറ്റിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ കെ.സി.വൈ.എം. രൂപത പ്രസിഡൻറ് ശ്രീ. ബിബിൻ ചെമ്പക്കര, രൂപത ആനിമേറ്റർ സി. സാലി സി.എം.സി, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. എബിൻ മുട്ടപ്പള്ളി, കുമാരി. റോസ് മേരി തേറുകാട്ടിൽ, സംസ്ഥാന സെനറ്റ് അംഗം ശ്രീ. റ്റോബി കൂട്ടുങ്കൽ, രൂപത സെക്രട്ടറി കുമാരി മേബിൾ ജോയ് പുള്ളോലിക്കൽ എന്നിവർ പങ്കെടുത്തു.

**നാമഹേതുക തിരുനാൾ ആഘോഷം സ്നേഹസദനിൽ**

കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിലിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. മംഗളങ്ങൾ ആശംസിച്ചു. കൽപ്പറ്റ സ്നേഹസദനിൽ വെച്ച് നടന്ന പരിപാടിയിൽ കെ.സി.വൈ.എം. കൽപ്പറ്റ മേഖല ആനിമേറ്റർ സി. അനിലിറ്റ് എസ്.എച്ച്. സ്വാഗതമാശംസിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര ആശംസകളർപ്പിച്ച് സംസാരിച്ചു. കെ.സി.വൈ.എം. രൂപതാ സെക്രട്ടറി മേബിൾ ജോയി പുള്ളോലിക്കൽ, ട്രഷറർ ശ്രീ. റ്റിബിൻ പാറയ്ക്കൽ എന്നിവർ പങ്കെടുക്കുകയും, സ്നേഹസദനിലെ അന്തേവാസികൾക്ക് ഭക്ഷണം നൽകുകയും ചെയ്തു.

**ജനസ്വരം**

കെ.സി.വൈ.എം. മാനന്തവാടി രൂപത ജനകീയ പ്രശ്നങ്ങളെ ചർച്ചയ്ക്ക് വയ്ക്കുന്ന പുതിയ സംരംഭമാണ് ജനസ്വരം. പാവപ്പെട്ടവന്റെയും തിരസ്ക്കരിക്കപ്പെടുന്നവരുടെയും കൂടെ പക്ഷംചേരലാണ് ജനസ്വരം. പൊതുജനത്തിന് വിവരദായകവും ഫല പ്രദവുമായ ചർച്ചകൾക്കുള്ള വേദിയാണിത്. 27/08/2020-ന് കണ്ണീർ കൊയ്യുന്ന കർഷകൻ എന്ന വിഷയത്തെ മുൻനിർത്തി ജനസ്വരത്തിന്റെ ജൈത്രയാത്ര ആരംഭിച്ചു. പ്രഥമ എപ്പിസോഡിൽ ശ്രീ. ജോസ് പള്ളത്ത് (മോഡറേറ്റർ), റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വടക്കനാട് കർഷക സമരനേതൃത്വം), ശ്രീ. കെ.എൽ. പൗലോസ് (പൊതുപ്രവർത്ത കൻ), ശ്രീ. മാനുവൽ പള്ളിക്കമാലിൽ (ജൈവ കർഷകൻ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു. 03/09/2020-ന് അപകട മുനമ്പിലെ ജനജീവിതം എന്ന വിഷയം ചർച്ച ചെയ്തു. ജനസ്വരത്തിന്റെ രണ്ടാമത്തെ

എപ്പിസോഡിൽ ശ്രീ. ജോസ് പള്ളത്ത് (മോഡറേറ്റർ), ശ്രീമതി ഷജ്ന കരിം (ആറളം വൈൽഡ് ലൈഫ് വാർഡൻ), റവ. ഫാ. ലാൽ പൈനുങ്കൽ (KCYM മുൻ രൂപതാ ഡയറക്ടർ), ശ്രീ. പി. എം. ജോയ് (പൊതുപ്രവർത്തകൻ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു. 17/9/2020 ന് വഴിയാധാരമാവുന്ന മലയോര ജനത എന്ന വിഷയം ചർച്ച ചെയ്തു. ജനസ്വരത്തിന്റെ മൂന്നാം എപ്പിസോഡിൽ ജോസ് പള്ളത്ത് (മോഡറേറ്റർ), ഉസ്മാൻ (വ്യാപാരി ഏകോപന സമിതി പ്രസിഡന്റ്), ശ്രീ. ജോസ് കൊച്ചുമലയിൽ (കർഷക പ്രതിനിധി), ശ്രീ. ഷനോജ് (മലയാള മനോരമ ന്യൂസ് റിപ്പോർട്ടർ), എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെയും മാനന്തവാടി രൂപത മീഡിയ കമ്മീഷന്റെയും ഔദ്യോഗിക ഫേസ്ബുക്ക് പേജിലും, യൂട്യൂബ് ചാനലിലും ലൈവായി ജനസ്വരം സംപ്രേക്ഷണം ചെയ്യുന്നു. നമ്മുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും ചർച്ചകളിലും തുറവി ഉണ്ടാകട്ടെ, അന്നമൂട്ടുന്ന കർഷക സമൂഹത്തിനായി ഒരുമയോടെ പ്രവർത്തിക്കാം.

**ഓണം ഡോട്ട് mp3**

ഒരുമയുടേയും സാഹോദര്യത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതീകമായ ഓണത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഓണപാട്ടുമത്സരം നടത്തപ്പെട്ടു. 15 -നും 35-നും ഇടയിൽ പ്രായമുള്ള, ജാതിമതഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്ന രീതിയിൽ നടത്തപ്പെട്ട മത്സരത്തിൽ 20 പേർ പങ്കെടുത്തു. ലിൻജു (വൈത്തിരി യൂണിറ്റ്), മരിയ (കയ്യൂന്നി യൂണിറ്റ്), ലിയ എസ് (നിലമ്പൂർ) എന്നിവർ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

**വനിത നേതൃത്വയോഗം**

സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 2020 സെപ്റ്റംബർ 10-ാം തീയതി നടത്തപ്പെട്ട വനിതാ നേതൃത്വയോഗത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയും പങ്കുചേർന്നു. വനിതാ സംസ്ഥാന സിൻഡിക്കേറ്റ് അംഗം റോസ്മേരി തേറുകാട്ടിലും രൂപത വൈസ് പ്രസിഡന്റ് ടെസിൻ വയലിലും പങ്കെടുത്തു.

**പ്രസംഗ മത്സരം**

സമൂഹത്തിന്റെ ശബ്ദമായി മാറിക്കൊണ്ട് മാറ്റത്തിന് തുടക്കം കുറിക്കാൻ വ്യത്യസ്തവും പ്രാധാന്യമർഹിക്കുന്നതുമായ സാമൂഹ്യ പ്രശ്നങ്ങളെ ഉയർത്തിക്കാട്ടിക്കൊണ്ട് പുതിയ ചർച്ചകൾക്ക് വേദി ഒരുക്കുകയാണ് ജനസ്വരം. ഈ സാഹചര്യത്തിൽ കെ.സി.വൈ.എം.

മാനന്തവാടി രൂപത പരിസ്ഥിതി പരിപാലന നയങ്ങൾ കർഷക സൗഹൃദമോ? എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. മാനന്തവാടി രൂപതയിലെ 15 നും 35 നും ഇടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. വിജയികൾക്ക് ഒന്നാം സമ്മാനം 3,000 രൂപ, രണ്ടാം സമ്മാനം 1500 രൂപ, മൂന്നാം സമ്മാനം 750 രൂപ എന്ന രീതിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും.

**വിവാഹ മംഗളങ്ങൾ**

കെ.സി.വൈ.എം. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബിജോ പി. ബാബുവിനും വധു ജീതുവിനും, കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കരക്കും വധു അഞ്ജിത മേരിക്കും വിവാഹ മംഗളങ്ങൾ ആശംസിക്കുന്നു.

**ആദരാഞ്ജലികൾ**

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട താമരശ്ശേരി രൂപത മുൻ മെത്രാൻ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനും, തലശ്ശേരി അതിരൂപത മുൻ കെ.സി.വൈ.എം. ഡയറക്ടറും ഭദ്രാവതി രൂപതയുടെ വികാരി ജനറാളുമായ റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കലച്ചനും, പാകിസ്ഥാനെതിരെയുള്ള പോരാട്ടത്തിൽ രാജ്യത്തിനായി ജീവൻ സമർപ്പിച്ച ധീര ജവാൻ അനീഷ് തോമസിനും കെ.സി.വൈ.എം. മാനന്തവാടി രൂപതാ സമിതിയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**മേഖല വാർത്തകൾ**

**കല്ലോടി മേഖല**

കെ.സി.വൈ.എം. കല്ലോടി മേഖല രൂപതാ സമിതിയോടു ചേർന്ന് ആഗസ്റ്റ് 15 ന് കർഷക വിരുദ്ധ സർക്കാർ നടപടികൾക്കെതിരെ ഏകദിന ഉപവാസ സമരം സംഘടിപ്പിച്ചു. കർഷകദിനമായ ചിങ്ങം 1 ന് തളരാതെ തലയുയർത്തി കർഷകർക്കൊപ്പം ശബ്ദമായി കൈകോർത്ത് എന്ന മുദ്രാവാക്യമുയർത്തി കർഷക കണ്ണീർദിനമായി ആചരിച്ചു.

**മുള്ളൻകൊല്ലി മേഖല**

കെ.സി.വൈ.എം. മുള്ളൻകൊല്ലി മേഖലയുടെ ഡയറക്ടറായി സ്ഥാനമേറ്റെടുത്ത റവ. ഫാ. സാന്റോ അമ്പലത്തറയ്ക്കും മേഖല ആനിമേറ്റർ സിസ്റ്റർ അഞ്ജലി എസ്. കെ. ഡിക്കും മേഖലാ കുടുംബത്തിലേക്ക് സ്വാഗതം ആശംസിച്ചു. മുള്ളൻകൊല്ലി മേഖലയെ നയിച്ചുകൊണ്ടിരുന്ന റവ. ഫാ. പോൾ ഇടയകൊണ്ടാട്ടിനും ആനിമേറ്റർ സി. മെർലിൻ പള്ളിക്കാട്ടിനും നന്ദിയുടെ നറുമലരുകൾ അർപ്പിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് രക്തദാനക്യാമ്പ് നടത്താനുള്ള പ്രാഥമിക സർവേ ഗൂഗിൾ ഫോം

ഉപയോഗിച്ച് നടത്തി. മേഖലയുടെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികളും ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിക്കുകയും യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ മാസ്കുകളും ഭക്ഷണ കിറ്റുകളും വിതരണം ചെയ്യുകയും ചെയ്തു.

**തരിയോട് മേഖല**

പെൻസിൽ കാർവിങ്ങിൽ ദേശീയ റെക്കോർഡ് നേടിയ ബിബിൻ തോമസിന് തരിയോട് മേഖല അഭിനന്ദനങ്ങൾ അർപ്പിച്ചു. വി. മോനിക്ക, വി. എവുപ്രാസ്യാമ്മ എന്നിവരുടെ തിരുനാൾ മംഗളങ്ങളും രൂപതാ കെ.സി. വൈ. എം. ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിലിന് നാമഹേതുക തിരുനാൾ മംഗളങ്ങളും, തിരുവോണ ദിനാശംസകളും സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കുവച്ചു.

**മാനന്തവാടി മേഖല**

ജസ്റ്റിസ് ഫോർ മരിയ ഷഹബാസ് എന്ന പെൺകുട്ടിക്കുവേണ്ടി നീതി നിഷേധത്തിനെതിരായി രൂപതാ സമിതിയോടു ചേർന്ന് UN മനുഷ്യാവകാശ കമ്മീഷന്റെ ഫേസ്ബുക്ക് പേജിലെ കമന്റ് മാർച്ചിൽ പിന്തുണ നൽകുകയും, ഇന്റർനാഷണൽ സംഘടനയായ change.org എന്ന വെബ്സൈറ്റ് സഹായത്തോടെ Sign The Petition നടത്തുകയും, സുപ്രീംകോടതിക്കും UN മനുഷ്യാവകാശ ഓഫീസിലേക്കും, പോലീസിനും Sign The Petition കോപ്പികൾ അയച്ചുകൊണ്ട് പ്രതിഷേധങ്ങൾ അറിയിച്ചു. മേഖലയുടെ കീഴിലുള്ള 18 യൂണിറ്റുകളിലും പാവപ്പെട്ട കുടുംബങ്ങളെ ആശ്വാസം പദ്ധതിയിൽ ചേർക്കുകയും കിറ്റുകൾ നൽകുന്നതിനായി മേഖലയിൽനിന്ന് 2000 രൂപ വീതം നല്കി കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**നീലഗിരി മേഖല**

ആഗസ്റ്റ് 20-ാം തീയതി മേഖലയുടെ നേതൃത്വത്തിൽ കോവിഡ് വോളണ്ടിയേഴ്സിന് ക്ലാസ് ക്രമീകരിച്ചു. ഡോ. സി. ക്രിസ്റ്റീന PPE കിറ്റ് ഉപയോഗത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. രൂപതയിൽ നിന്നുള്ള PPE കിറ്റുകൾ രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ നീലഗിരി സി.വൈ.എം. പ്രസിഡന്റ് ജെസ്സിൻ കാപ്പിൽ, റീജനൽ ഡയറക്ടർ ഫാ. വിൻസന്റ് കളപ്പുരയ്ക്കൽ എന്നിവർക്ക് കൈമാറി. തിരുവോണ നാളിൽ യൂണിറ്റ് തലങ്ങളിൽ ആഘോഷങ്ങളും മത്സരങ്ങളും ഓണക്കിറ്റ് വിതരണവും നടത്തി.

**യൂണിറ്റ് വാർത്തകൾ**

**മരക്കടവ് യൂണിറ്റ്–:** ഓൺലൈൻ വഴി ദേശഭക്തിഗാനം, വന്ദേ ഭാരത പ്രച്ഛന്നവേഷം, കൊളാഷ് 2020 എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. യൂണിറ്റിലെ നിർദ്ധനരായ ഒരു കുടുംബത്തിന് ഭവനം നിർമിച്ചു നൽകാനുള്ള

പ്രാരംഭ നടപടിയായി യുവജനങ്ങൾ സമാഹരിച്ച 30,000 രൂപ നൽകി. **'ഹാർവെസ്റ്റ് 2020'** എന്ന പേരിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തു. രോഗിയായ ഒരു സഹോദരിക്ക് ഡയാലിസിസ് വേണ്ടി 4500 രൂപ നൽകി.

**നിരവിൽപുഴ യൂണിറ്റ്–:** ഇടവകയിലെ രോഗിയായ സഹോദരന് വിവിധ ഇടങ്ങളിൽ നിന്നായി 15,000 രൂപ പിരിവെടുത്തു നൽകി. ഇടവകയിലെ മരണാനന്തര കർമ്മങ്ങളിൽ യുവജനങ്ങൾ സഹായിച്ചു.

**കല്ലോടി യൂണിറ്റ്–:** വി.മോനിക്ക പുണ്യവതിയുടെ തിരുനാളി നോടനുബന്ധിച്ച് **'അമ്മയുരുകലിന്റെ ഓർമ്മചിത്രം'** എന്ന പേരിൽ പോസ്റ്റർ തയ്യാറാക്കി. ഓണത്തോടനുബന്ധിച്ച് ഇടവകയിലെ യുവജനങ്ങൾ പൂക്കളം തയ്യാറാക്കുകയും പായസം വിതരണം ചെയ്യുകയും ചെയ്തു. സെൽഫി കോമ്പറ്റീഷൻ, സിംഗിംഗ് കോമ്പറ്റീഷൻ എന്നിവ ഓൺലൈനായി നടത്തുകയും ചെയ്തു.

**ജൂഡ്സ് മൗണ്ട് യൂണിറ്റ്–:** പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിനും ഒരുക്കമായി ആഗസ്റ്റ് 5 മുതൽ 15 വരെ ജപമാല, ആരാധന, വിശുദ്ധ കുർബാന എന്നിവ യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തുകയും ഇടവകയുടെ യൂട്യൂബ് ചാനലിൽ തത്സമയം സംപ്രേഷണം ചെയ്യുകയും ചെയ്തു.

**ചുങ്കക്കുന്ന് യൂണിറ്റ്–:** പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി ആഗസ്റ്റ് 1 മുതൽ 15 വരെ മരിയൻ സന്ദേശങ്ങൾ എന്ന പേരിൽ വാട്സ്ആപ്പ് വഴിയായി സന്ദേശങ്ങൾ പങ്കുവച്ചു. മാനന്തവാടി സെന്റ് കമ്മില്ലസ് ഫാദേഴ്സിന്റെ നേതൃത്വത്തിൽ ചുങ്കക്കുന്ന് ഇടവകയിലെത്തിച്ച ഭക്ഷ്യക്കിറ്റ് വിതരണത്തിന് യുവജനങ്ങൾ സജീവ പ്രവർത്തകരായിരുന്നു. 18 വയസ്സ് തികഞ്ഞവർക്കും രക്തം ദാനം ചെയ്യാൻ ആഗ്രഹിക്കുവർക്കും KCYM Blood Group Directory എന്ന പേരിൽ പേര് രജിസ്റ്റർ ചെയ്യിപ്പിച്ചു. EIA ബില്ലിനെതിരെ- പ്രകൃതിക്കൊരു കൈത്താങ്ങ് എന്ന പേരിൽ 70 യുവജനങ്ങൾ ഓരോ വൃക്ഷത്തൈകൾ നട്ടു പ്രതിഷേധത്തിൽ പങ്കെടുത്തു.

**അരുൾനിലയം യൂണിറ്റ്–:** നീലഗിരി മേഖലയുടെ നേതൃത്വത്തിൽ നടത്തിയ PPE കിറ്റ് പരിശീലനത്തിൽ യൂണിറ്റിൽ നിന്നും 3 പേർ പങ്കെടുത്തു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ഉപവാസ സമര ത്തിൽ യൂണിറ്റിൽ നിന്നും കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്തു. മഴക്കെടുതി കാരണം ക്യാമ്പിൽ താമസിക്കുന്നവർക്ക് ഭക്ഷണ സാധനങ്ങൾ എത്തിച്ചു കൊടുത്തു.

**പാതിരിപ്പാടം യൂണിറ്റ്–:** കൊറോണയുടെ ഭാഗമായി ദുരിതത്തിൽ കഴിയുന്ന ഭവനങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്തു. ബ്രേക്ക് ദി ചെയിൻ പരിപാടിയുടെ ഭാഗമായി മണിമൂളിയിൽ വച്ച് നടന്ന സമരിറ്റൻസ് മാനന്തവാടി ട്രെയിനിംങ് പ്രോഗ്രാമിൽ ഇടവകയിൽ നിന്നും 10 യുവജനങ്ങൾ പങ്കെടുത്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ മരിയൻഗാന മത്സരവും, ആഗസ്റ്റ് 15 ന് പ്രസംഗ മത്സരവും സംഘടിപ്പിച്ചു.

**കയ്യൂന്നി യൂണിറ്റ്–:** കോവിഡ് 19–ന്റെ പശ്ചാത്തലത്തിൽ 10 അംഗങ്ങൾ ഉൾപ്പെട്ട ധ്രുതകർമസേന ഇടവകയിൽ രൂപീകരിച്ചു. ഇടവകയിൽ കരിയർ ഗൈഡൻസ് സെൽ രൂപീകരിച്ചു. സി.വൈ.എം. ന്റെ നേതൃത്വത്തിൽ ഫാഷൻ ഫ്രൂട്ട് കൃഷി ആരംഭിച്ചു. നിർദ്ധന കുടുംബത്തിനായി ആട്ടിൻകൂട് നിർമ്മിച്ചു നൽകി. 125 ഭക്ഷണ കിറ്റുകൾ ഇടവകയിൽ വിതരണം ചെയ്തു.

**ധർമ്മഗിരി യൂണിറ്റ്–:** യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സമരിറ്റൻസ് മാനന്തവാടി ട്രെയിനിംങ് ഗ്രൂപ്പിന്റെ ഭാഗമായി അംഗങ്ങളെ തിരഞ്ഞെടുത്തു. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ PPE കിറ്റ് പരിശീലനത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ഇടവകയിലെ എല്ലാ ഭവനങ്ങളിലും കിറ്റുകൾ വിതരണം ചെയ്തു.

**വിളമ്പുകണ്ടം യൂണിറ്റ്–:** മാനന്തവാടിയിലെ കമ്മില്ലസ് വൈദീകരുടെ നേതൃത്വത്തിൽ നൽകിയ കിറ്റുകൾ ഇടവകയിൽ വിതരണം ചെയ്യുവാൻ യുവജനങ്ങൾ സഹായിച്ചു. മഴക്കാലത്ത് വെള്ളം കയറിയ ഭവനങ്ങളിൽ സഹായ ഹസ്തവുമായി യുവജനങ്ങൾ പ്രവർത്തനനിരതരായിരുന്നു.

**ആലാറ്റിൽ യൂണിറ്റ്–:** നാടിനെയും മനുഷ്യരെയും ഒരുപോലെ പ്രതിസന്ധിയിലാക്കുന്ന വന്യജീവി സങ്കേതം കരട് വിജ്ഞാപനത്തിന് എതിരെ മീഡിയകളിൽ പ്രസ്താവന നൽകുകയും പ്രതിഷേധങ്ങൾ അറിയിക്കുകയും ചെയ്തു. മേഖലാ പ്രവർത്തന പരിപാടിയായ ആശ്വാസം പദ്ധതിക്ക് യൂണിറ്റിൽ തുടക്കം കുറിച്ചു.

**ബോസ്പറ യൂണിറ്റ്–:** മാസ്ക്കുകൾ നിർമ്മിച്ച് യൂണിറ്റിലെ അംഗങ്ങൾക്ക് നൽകുന്നതിനും ഫണ്ട് സ്വരൂപിക്കുന്നതിനും തീരുമാനിച്ചു. യൂണിറ്റിലെ എല്ലാ യുവജനങ്ങളും എട്ടുനോമ്പ് ആചരിച്ചു. മാതാവിന് പിറന്നാൾ സമ്മാനമായി 500 ജപമാല ചൊല്ലി കാഴ്ചവച്ചു.

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക സെമിനാർ**

സെപ്റ്റംബർ 18, 19, 20 തീയതികളിൽ ഓൺലൈൻ വഴി നടത്തിയ സെമിനാറിൽ 92 പേർ പങ്കെടുത്തു. അടുത്ത സെമിനാർ ഒക്ടോബർ 9, 10, 11 തീയതികളിൽ.

രൂപതാ കുടുംബപ്രേഷിതത്വ വിഭാഗവും മാതൃവേദിയും ചേർന്ന് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കായി നടത്തിയ ഓൺലൈൻ സെമിനാറിൽ ധാരാളം ആളുകൾ പങ്കെടുത്തു. യൂട്യൂബിലും ഫേസ് ബുക്കിലുമായി നാലായിരത്തിലധികം ആളുകൾ ക്ലാസ്സ് കേട്ടു.

**മരിയൻ സിംഗിൾസ്**

മരിയൻ സിംഗിൾസിലെ അംഗങ്ങൾ കഴിഞ്ഞമാസം 2000 കരുണക്കൊന്ത, 1000 ജപമാല, 600 കുരിശിന്റെ വഴി എന്നിവ ചൊല്ലി തിരുസഭയ്ക്കുവേണ്ടി കാഴ്ചവച്ചു.

**മാതൃവേദി**

സെപ്റ്റംബർ 12 ന് രൂപതാ എക്സിക്യൂട്ടീവ് ഓൺലൈൻ മീറ്റിംഗ് നടത്തി. മുൻ മാസങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. അമ്മമാർക്കായി സംഘടിപ്പിച്ച കിന്നരം സംഗീതപരിപാടിയിലെ പാട്ടുകൾ എഡിറ്റ് ചെയ്ത് ഒരു മണിക്കൂർ ദൈർഘ്യമുള്ള വീഡിയോ രൂപതയുടെ മീഡിയ & കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ യൂട്യൂബ് ചാനൽ വഴി സംപ്രേഷണം ചെയ്തു. പാട്ടുകൾ പാടിയ എല്ലാ അമ്മമാർക്കും, ആശംസകൾ അയച്ചുതന്ന പ്രശസ്ത ഗായകർക്കും ഇതിനായി അക്ഷീണം യത്നിച്ച രൂപതാ എക്സിക്യൂട്ടീവിനും അഭിനന്ദനവും കൃതജ്ഞതയും അറിയിക്കുന്നു.

മാതൃവേദിയുടെ 2019-2020 പ്രവർത്തനവർഷം സമാപിക്കുകയാണ്. പ്രവർത്തനവർഷ റിപ്പോർട്ടുകൾ മുൻ വർഷങ്ങളിലേതുപോലെ ഇടവകയിലെ റെക്കോഡ് ബുക്കുകളിൽ എഴുതിവയ്ക്കുക. ഈ വർഷം മേഖലകൾ ശാഖകളിൽ സന്ദർശനം നടത്തുന്നതല്ല. ശാഖകൾക്കു നൽകുന്ന പ്രത്യേക ഫോർമാറ്റിൻ പ്രകാരം പ്രവർത്തനങ്ങൾ ചുരുക്കി എഴുതി ഒക്ടോബർ 30 ന് മുമ്പായി മേഖലകളിൽ എത്തിക്കുക. മേഖലകൾ അവരുടെ പ്രവർത്തന റിപ്പോർട്ടും ശാഖകളെക്കുറിച്ചുള്ള ചുരുക്ക റിപ്പോർട്ടും നവംബർ 30 ന് മുമ്പായി രൂപതക്ക് നൽകുക.

**മേഖലാ വാർത്തകൾ**

**തരിയോട്:** വി. ജോൺ മരിയ വിയാനിയുടെ തിരുനാളിന് വൈദികർക്ക് ആശംസകൾ നേർന്നു. രൂപതാ പ്രാർത്ഥനാദിനം ആചരിച്ചു. വീട്ടിലെ ഓണം എന്ന പരിപാടിയിൽ എല്ലാവർക്കും ആശംസകൾ നേർന്നു. കിന്നരം പ്രോഗ്രാമിൽ പങ്കെടുത്തു. സഹമദ്ധ്യസ്ഥരുടെ തിരുനാൾ ആചരിച്ചു. മേഖല ആനിമേറ്ററിന്റെ മാതാപിതാക്കളുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.

**കൽപ്പറ്റ:** 11 യൂണിറ്റുകൾ ചേർന്ന് വിവിധ നിയോഗങ്ങൾക്കായി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സംസ്ഥാന അദ്ധ്യാപക അവാർഡിനർഹയായ ഷാലമ്മ ടീച്ചറെ ആദരിച്ചു.

**ശാഖാവാർത്തകൾ**

**തോണിച്ചാൽ:** വീടുകളിൽ മാതാവിന്റെ രൂപം അലങ്കരിച്ച് മത്സരം നടത്തി. വാട്ട്സാപ്പ് ഗ്രൂപ്പുവഴി ജപമാല ചൊല്ലി. എട്ടു നോമ്പ് ആചരിച്ചു. ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. ചികിത്സാസഹായം നൽകി. താലന്ത്, കിന്നരം പ്രോഗ്രാമിൽ പങ്കെടുത്തു.

**അമ്പായത്തോട്:** ക്യാൻസർ രോഗിക്ക് 5000 രൂപ ചികിത്സാസഹായം നൽകി. പള്ളിയിൽ ചാരുബെഞ്ച് വാങ്ങാൻ 8250 രൂപ നൽകി. വി.മോനിക്ക പുണ്യവതിയുടെ തിരുനാൾ ആചരിച്ചു. നാല് മക്കളുള്ള കുടുംബങ്ങൾക്ക് 1000 രൂപ വീതമുള്ള ഓണകിറ്റ് നൽകി.

**വടപുറം:** കോവിഡ്-19 നിർമ്മാർജ്ജനത്തിനായ് നടത്തിയ പ്രാർത്ഥന യജ്ഞത്തിൽ പങ്കെടുത്ത് 1000 ജപമാല ചൊല്ലി. വീട്ടിലെ ഓണം എന്ന പേരിൽ ഒരു ഓൺലൈൻ വീഡിയോ മത്സരം നടത്തി.

**ബത്തേരി:** ജപമാല സഖ്യത്തിൽ ചേർന്ന് മാതൃവേദി നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. പഴൂർ സെന്റ് മാത്യൂസ് ഭവനിലെയും തേജസ്സ് കോൺവെന്റിലെയും അന്തേവാസികൾക്ക് മാസ്ക്കുകൾ നൽകി. രോഗീ സന്ദർശനം നടത്തി. കർഷക ദിനത്തിൽ കാർഷിക വിളകൾ സമർപ്പിച്ച് പ്രാർത്ഥിച്ചു. വി. മോനിക്ക പുണ്യവതിയുടെ തിരുനാളിൽ ഒമ്പത് എത്രയും ദയയുള്ള മാതാവെ എന്ന പ്രാർത്ഥന ചൊല്ലി. വി. അഗസ്റ്റ്യന്റെ തിരുനാൾ ദിനത്തിൽ യുവജനങ്ങൾക്കുവേണ്ടി കരുണകൊന്ത ചൊല്ലി.

**ചുങ്കക്കുന്ന്:** എട്ടുനോമ്പെടുത്ത് പള്ളിയിൽ വന്ന് പ്രാർത്ഥിച്ചു. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിന് വൈദികരെ സമർപ്പിച്ച് പ്രാർത്ഥിച്ചു. ഓൺലൈൻ ക്വിസ് മത്സരത്തിൽ പങ്കെടുത്ത് സമ്മാനം നേടി. വി. മോനിക്കയുടെ തിരുനാളിൽ അംഗത്വനവീകരണം നടത്തി. ഒരു നിർദ്ധന വിദ്യാർത്ഥിക്ക് പഠനസഹായമായി 7500 രൂപയുടെ

മൊബൈൽ ഫോൺ നൽകി. മൂന്നു പാവപ്പെട്ട കുടുംബങ്ങൾക്ക് 750 രൂപ വീതം വരുന്ന കിറ്റ് വിതരണം ചെയ്തു. 20 കുടുംബങ്ങൾക്ക് പച്ച ക്കറി വിത്ത് അടങ്ങുന്ന കിറ്റ് വിതരണം ചെയ്തു. ആദിവാസി കോളനി യിലെ രാജുവിന് 500 രൂപ സഹായം നൽകി.

**കൽപ്പറ്റ:** മേഖല നിയോഗങ്ങൾക്കായി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. 8 നോമ്പാചരണം നടത്തി. ഇടവകയിലെ 75 -ഓളം അധ്യാ പകരെ ആദരിച്ചു. സംസ്ഥാന അധ്യാപക അവാർഡിനർഹയായ ഷാലമ്മ ടീച്ചറിനെ ആദരിച്ചു.

**കുഞ്ഞോം:** കൊറോണ വൈറസ് മാറുവാനായി എല്ലാവരും ഒന്നു ചേർന്ന് 4500 ജപമാലയും 300 കരുണക്കൊന്തയും ചൊല്ലി. 10000 രൂപ പഠനസഹായമായി നൽകി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ സമുചിതമായി ആചരിച്ചു.

**കല്ലോടി:** വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ ഉപന്യാസ മത്സരത്തിൽ വിജയികൾക്ക് സമ്മാനം നൽകി ആദരിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന് ദിവ്യബലിയിൽ പങ്കെടുത്തു. ജപമാല ചൊല്ലി .

**വാളേരി:** കൊറോണ വിട്ടുമാറുന്നതിന് ജപമാല ചൊല്ലി. സ്വർഗ്ഗാരോ പണ തിരുനാൾ ആചരിച്ചു. മാതാവിന്റെ രൂപം അലങ്കരിച്ചു. വി. ബലി യിൽ പങ്കെടുത്തു. വി. മോനിക്കയുടെ തിരുനാൾ ആചരിച്ചു.

**തലഞ്ഞി:** മേഖലയിലെ എല്ലാ വൈദികർക്കുംവേണ്ടി എത്രയും ദയ യുള്ള മാതാവെ എന്ന പ്രാർത്ഥന നടത്തി. വിവിധ നിയോഗങ്ങൾക്കായി മൂന്നു നേരം ത്രിസന്ധ്യാജപം, ജപമാല, കരുണക്കൊന്ത വിശ്വാസ പ്രമാണം എന്നീ പ്രാർത്ഥനകൾ ചൊല്ലി. ഉപവാസ പ്രാർത്ഥന ദിനം ആചരിച്ചു. വികാരിയച്ചന് ബർത്ത് ഡേ ആശംസിച്ചു. സ്വാർഗ്ഗാരോപണ തിരുനാൾ ആചരിച്ചു. യൂ ട്യൂബ് ചാനലിലൂടെ വികാരിയച്ചന്റെ നേതൃത്വ ത്തിൽ 'പരി. അമ്മയുടെ കരംപിടിച്ച്' എന്ന പ്രോഗ്രാമിൽ അമ്മമാർ പങ്കുചേർന്നു. സാന്ത മേനിക്ക പ്രാർത്ഥന കൂട്ടായ്മയിൽ അമ്മമാർ പങ്കെ ടുത്തു. വി. എവുപ്രാസിയമ്മയുടെ തിരുനാൾ ആചരിച്ചു.

**കുറുമണി:** വി.ജോൺ വിയാനിയുടെ തിരുനാൾ ആചരിച്ചു. സാന്ത മോനിക്ക പ്രാർത്ഥന ഗ്രൂപ്പിൽ പങ്കെടുത്തു. ഒരു നിർധന കുടുംബത്തിന് 2100 രൂപ സഹായം നൽകി. 12 മണിക്കൂർ ജപമാല നടത്തിവരുന്നു. വി. മോനിക്ക, വി. അഗസ്റ്റ്യൻ, വി. എവുപ്രാസിയ എന്നിവരുടെ തിരുനാൾ ആചരിച്ചു.

**സീതാമൗണ്ട്:** പരി. അമ്മയുടെ തിരുനാൾ ആഘോഷിച്ചു. ബഹു. വികാ രിയച്ചന്റെ ബർത്ത് ഡേക്ക് ആശംസകൾ നേർന്നു. കൊറോണ വൈറ

സ്സിന്റെ നിർമ്മാർജ്ജനത്തിനായി കരുണകൊന്ത ചൊല്ലി വി. മോനിക്ക യുടെ തിരുനാൾ ആചരിച്ചു.

**മരക്കടവ്:** ഉപവാസമെടുത്ത് പ്രാർത്ഥനാദിനം നടത്തി. വീടുകളിൽ 91-ാം സങ്കീർത്തനം, കരുണ കൊന്ത എന്നിവ ചൊല്ലി പ്രാർത്ഥിച്ചു. കവിത, ക്വിസ്, മാതാവിനെ അലങ്കരിക്കൽ എന്നീ മത്സരങ്ങൾ നടത്തി. സാന്ത മോനിക്ക പ്രാർത്ഥന ഗ്രൂപ്പിൽ ഒരാൾ പങ്കുചേർന്നു. പരി. അമ്മ, വി. മോനിക്ക, വി. എവുപ്രാസിയ, വി. മദർതെരേസ എന്നിവരുടെ തിരു നാളുകൾ ആചരിച്ചു. മേഖല പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. പച്ച ക്കറിത്തോട്ട മത്സരത്തിൽ വിജയികൾക്ക് ക്യാഷ് അവാർഡ് നൽകി. വീട് നിർമ്മാണത്തിന് സഹായമായി 10000 രൂപ നൽകി.

**ആടിക്കൊല്ലി:** വിവിധ നിയോഗങ്ങൾക്കായി ജപമാല, കരുണകൊന്ത തിരുഹൃദയകൊന്ത എന്നീ പ്രാർത്ഥനകൾ ചൊല്ലി. ഉപവാസ ദിനം ആച രിച്ചു. താലന്ത്, കിന്നരം, ഹരിതം എന്നീ പരിപാടികളിൽ പങ്കെടുത്തു. ടീച്ചേഴ്സ് ഡേയിൽ എല്ലാ ടീച്ചേഴ്സിനേയും ഫോൺ വിളിച്ച് ആശം സകൾ നേർന്നു

**കോട്ടത്തറ:** വി. ജോൺ മരിയ വിയാനി തിരുനാളിൽ എല്ലാ വൈദി കർക്കും വേണ്ടി പ്രാർത്ഥിച്ചു. സാഹിത്യ മത്സരം നടത്തി. സാന്ത മോനിക്ക പ്രാർത്ഥന ഗ്രൂപ്പിൽ ഒരാൾ പങ്കുചേർന്നു. എല്ലാ ഭക്ത സംഘ ടനകൾക്കുംവേണ്ടി കരുണ കൊന്ത, കൊറോണ വൈറസ് മാറുവാൻ 5 എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥനയും ചൊല്ലി. രോഗീ സന്ദർശനം നടത്തി.

**നരിവാലമുണ്ട:** പലതരത്തിൽ മൃതിയടഞ്ഞവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു നിർദ്ധനകുടുംബത്തിന് ചികിത്സാ സഹായം നൽകി. വി. ജോൺ വിയാനി തിരുനാളിന് വികാരിയച്ചന് ആശംസകൾ നേർന്നു. രൂപതാ പ്രാർത്ഥനദിനം ആചരിച്ചു. ജപമാല, കരുണക്കൊന്ത 51-ാം സങ്കീർത്തനം, കുടുംബ പ്രതിഷ്ഠ എന്നിവ നടത്തി. യൂത്ത് ഡേ യിൽ യുവജനങ്ങൾക്ക് ആശംസകൾ അറിയിച്ചു. സാന്ത മോനിക്ക പ്രാർത്ഥന ഗ്രൂപ്പിൽ ഒരാളെ ചേർത്തു. സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു. ബഹു. സെബാസ്റ്റ്യൻ പാറയിലച്ചന്റെ ജൂബിലി ഉദ്ഘാടനം ചെയ്തു.

**കയ്യൂന്നി:** അമലോത്ഭവ തിരുനാൾ ആഘോഷിച്ചു. മരിയൻ ക്വിസ്, ഉപന്യാസം, പ്രസംഗം എന്നീ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. വി. ജോൺ വിയാനി തിരുനാളിന് ബഹു. വൈദീ കർക്ക് ആശംസകൾ നേർന്നു. ഒരു ദിവസം പ്രാർത്ഥനാ ദിനമായി ആച രിച്ചു. കൊറോണ വൈറസ്സിനെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തി. സ്വർഗ്ഗാരോ

പണ തിരുനാൾ ആചരിച്ചു. രോഗീസന്ദർശനം നടത്തി. സ്നേഹ ചാരിറ്റി ട്രസ്റ്റ് വഴി ലഭിച്ച 50 കിറ്റുകൾ വിതരണം ചെയ്തു. വി. മോനിക്കയുടെ തിരുനാളിൽ അംഗത്വ നവീകരണം നടത്തി. ഹെൽത്ത് ഇൻസ്പെക്ടർ ബഹു. ഷീജ കൊടിയംക്കുന്നേൽ കൊറോണയെ സംബന്ധിച്ച് വീഡിയോവഴി ബോധവത്കരണ ക്ലാസ്സ് നൽകി. ഓണകിറ്റ് ധനസഹായമായി 700 രൂപ വികാരിയച്ചനെ ഏൽപ്പിച്ചു. അഖണ്ഡ ജപമാല ചൊല്ലി. ഓണാഘോഷ പരിപാടികൾക്ക് സമ്മാനം നൽകി.

**ആലാറ്റിൽ:** ഓരോ ആഴ്ചയും 10 പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി പ്രാർത്ഥന നടത്തുന്നു. ഗവ. ആശുപത്രിയിൽ 40 പൊതിച്ചോർ വിതരണം ചെയ്തു. രൂപതയുടെ നിർദേശപ്രകാരം പ്രാർത്ഥനാഗ്രൂപ്പിലേക്ക് ഒരാളെ തെരഞ്ഞെടുത്തു.

**പേര്യ:** കോവിഡ്–19 ബാധിച്ച് മരിച്ച ഇടവകാംഗത്തിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു. സാമ്പത്തിക സഹായം നൽകി. ആദ്യവെള്ളിയാഴ്ച ഉപവാസമനുഷ്ഠിച്ചു. വിവിധ നിയോഗങ്ങൾ വെച്ച് കരുണക്കൊന്ത ചൊല്ലി. വൈദികർക്കുവേണ്ടി പ്രാർത്ഥിച്ചു. വി.മോനിക്കയുടെ തിരുനാൾ ആചരിച്ചു.

**കരിമാനി:** വി. വിയാനി തിരുനാളിൽ വൈദികർക്കുവേണ്ടി പ്രാർത്ഥിച്ചു. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, തിരുഹൃദയക്കൊന്ത, ജപമാല, തിരുമണിക്കൂർ എന്നിവ നടത്തി. രോഗി സഹായം, ഭവനസന്ദർശനം എന്നിവ നടത്തി. വി. എവുപ്രാസിയ, വി. മോനിക്ക എന്നിവരുടെ തിരുനാൾ ആചരിച്ചു. താലന്ത് പ്രോഗ്രാമിലേക്ക് ധാരാളം വീഡിയോകൾ നൽകി.

**മാനന്തവാടി:** പരിശുദ്ധ അമ്മ, വി. മോനിക്ക, വി. അഗസ്റ്റ്യൻ, വി.എവുപ്രാസിയ എന്നിവരുടെ തിരുനാളിൽ ദേവാലയത്തിൽ വന്ന് വി. കുർബാനയിലും ആരാധനയിലും സംബന്ധിച്ചു. ബഹു. വികാരിയച്ചന്റെ ജൂബിലി ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ ഓൺലൈൻ ക്ലാസ്സുകളിൽ അമ്മമാർ ശ്രദ്ധിക്കുന്നു. ഓൺലൈൻ ധ്യാനം, ബൈബിൾ പാരായണം, ബൈബിൾ പഠനം, പ്രാർത്ഥനകൾ എന്നിവയിൽ പങ്കെടുക്കുന്നു.

**കുറുമ്പാല:** പ്രാർത്ഥനദിനം ആചരിച്ചു. പരി. അമ്മയുടെ തിരുനാൾ ആഘോഷിച്ചു. കൊറോണ വൈറസ് നിർമ്മാർജ്ജനം ചെയ്യുവാൻ 3 മണിക്ക് കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വിശ്വാസപരിശീലനത്തിൽ അമ്മമാരുടെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് പ്രസംഗം, മാതൃവേദി ആന്തം എന്നീ മത്സരങ്ങൾ നടത്തി. സാന്ത മോനിക്ക ഗ്രൂപ്പു വഴി നൽകി വരുന്ന പ്രാർത്ഥനകൾ വിവിധ നിയോഗങ്ങൾ വെച്ച് പ്രാർത്ഥിക്കുന്നു.

**പുതിയിടം:** പരി. അമ്മയുടെ തിരുനാൾ ആഘോഷിച്ചു. സാന്ത മോനിക്ക ഗ്രൂപ്പിലേക്ക് ഒരാളെ തെരഞ്ഞെടുത്തു. കുട്ടികളുടെ ഓൺലൈൻ പഠനത്തിൽ അമ്മമാർ ശ്രദ്ധിക്കുന്നു. യൂ ട്യൂബ് ചാനലിൽ വരുന്ന ധ്യാനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. ഇടവകയിൽ നിന്നുള്ള കിറ്റ് വിതരണത്തിൽ അമ്മമാർ സജ്ജീവമായി സഹകരിച്ചു. പച്ചക്കറി, പൂന്തോട്ടനിർമ്മാണം, കരകൗശലം, നൈപുണ്യം എന്നിവയിൽ പങ്കെടുത്തു.

**വഞ്ഞോട്:** വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികൾക്കും പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകി. എട്ടുനോമ്പ് ആചരിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യശനി (5-09-2020)**

ആദ്യശനിയാഴ്ച വൈകിട്ട് ആറര മുതൽ എട്ടര വരെ, മീഡിയ കമ്മീഷന്റെ സഹായത്തോടെ ഓൺലൈൻ കൺവെൻഷൻ നടന്നു. സീയോൻ അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വചന പ്രഘോഷണവും ആരാധനയും നടത്തി. സി. നിർമ്മല SH, സി. മെറീന FCC, ബ്ര. ബേബി കുപ്പയിൽ എന്നിവർ ജപമാല പ്രാർത്ഥനയ്ക്കും ബ്ര. ബിജു പുളിക്കൽ വാകേരി, സി. അന്ന ഫിക്ക് എന്നിവർ ഗാന ശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

ഞായറാഴ്ചകളിലും കുരിന്റെ പുകഴ്ചയുടെ തിരുനാൾ ദിനമായ സെപ്റ്റംബർ 14 നും ഓൺലൈൻ വചനപ്രസംഗങ്ങൾ ചെയ്തു.

എല്ലാ വെള്ളിയാഴ്ചകളിലും സീയോൻ ചാപ്പലിൽ മധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു. റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, സി. നിർമ്മല SH, സി. അന്ന FCC, സി. ട്രീസ SH എന്നിവർ നേതൃത്വം നൽകി.

**NB: അടുത്ത ആദ്യ ശനി ഓൺലൈൻ കൺവെൻഷൻ ഒക്ടോബർ 3 ന് വൈകിട്ട് 6.30 മുതൽ നടത്തുന്നതാണ്. അന്ന് എല്ലാ യുവജനങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരിക്കും. ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് നേതൃത്വം നൽകും.**

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# Department of Youth Ministry

## 1. CATHOLIC YOUTH CHANNEL

**പ്രസംഗ മത്സരം**

2020 ആഗസ്റ്റ് 25 ന്, ക്രൈസ്തവർക്ക് എതിരെയുള്ള മതപീഡനം നിശബ്ദത പാലിക്കുന്ന ലോകം എന്ന വിഷയത്തെ ആധാരമാക്കി പ്രസംഗ മത്സരം ആരംഭിച്ചു. കാത്തലിക്ക് യൂത്ത് ചാനലും യൂത്ത്മിനിസ്ട്രിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ മത്സരത്തിൽ പ്രായഭേദമെന്യെ ആർക്കും വ്യത്യസ്ത റീത്തിലുള്ള വർക്കും പങ്കെടുക്കാം.

**നിർദ്ദേശങ്ങൾ**

1. സ്വന്തം ഫേയ്സ് ബുക്ക് അക്കൗണ്ടിലോ പേജിലോ 5 മിനിട്ട് പ്രസംഗം.
2. മികച്ച അവതരണം, നല്ല ആശയം.
3. കുറഞ്ഞത് 1K വ്യൂവേഴ്സ്, 50 ഷെയർ എന്നിവ ലഭിക്കുന്നവരെയാണ് മത്സരത്തിന് പരിഗണിക്കുക.
4. രജിസ്ട്രേഷൻ നിർബന്ധമാണ്.

ഒന്നാം സമ്മാനം - Rs. 3000
രണ്ടാം സമ്മാനം - Rs. 2000
മൂന്നാം സമ്മാനം - Rs. 1000

നേതൃത്വം നല്കുന്ന നീരജ് ചിറപ്പുറത്തിനും അലീനയ്ക്കും അഭിനന്ദനങ്ങൾ.

## 2. YOUR NEIGHBOUR ASSOCIATION

**അദ്ധ്യാപക ദിനം**

2020 സെപ്റ്റംബർ 5-ന് അദ്ധ്യാപകദിനത്തോടനുബന്ധിച്ച് ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥികൾ ആശംസകളും പ്രാർത്ഥനകളും തങ്ങളുടെ ഗുരുസ്ഥാനീയർക്ക് നേർന്നു. കൂടാതെ നല്ല സന്ദേശങ്ങൾ നിറഞ്ഞ 3 വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തു. 2018 ബാച്ചുകാരുടെ നേതൃത്വത്തിൽ അദ്ധ്യാപന ജീവിതത്തിന്റെ മഹത്വം സൂചിപ്പിക്കുന്ന സ്കിറ്റ് വീഡിയോ തയ്യാറാക്കി സോഷ്യൽ മീഡിയായിൽ പങ്കുവെച്ചു.

**എന്റെ സ്ക്കൂൾ**

2020 സെപ്റ്റംബർ 10 ന് നാഷണൽ സ്ക്കൂൾ പിച്ചർ ഡെ യോടനുബന്ധിച്ച് എന്റെ സ്ക്കൂൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി കുട്ടികൾ ചിത്രം വരയ്ക്കുകയും അവ വീഡിയോയാക്കി ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. 48 കുട്ടികൾ ഇതിൽ പങ്കുചേർന്നു.

**എന്റെ അനുഭവം**

2020 സെപ്റ്റംബർ 12 ന് നാഷണൽ ഡെ ഓഫ് എൻകറേജ്മെന്റ് ആചരണത്തോടനുബന്ധിച്ച് 20 കുട്ടികൾ തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കുന്ന വീഡിയോകൾ തയ്യാറാക്കി. പ്രചോദനാത്മകമായ വീഡിയോകളുമായി മുന്നോട്ട് വന്ന വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**ഭരണഘടന അവബോധം**

ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനങ്ങൾ കണ്ടെത്തി ലൈഫ് ട്രെയിനിങ്ങ് 2016 ബാച്ച് വിദ്യാർത്ഥികൾ വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്കിൽ പ്രസിദ്ധപ്പെടുത്തി. ഇത് കൂടുതൽ പഠനത്തിനും അറിവിനും സഹായകമായി.

## 3. JESUS PROFESSIONALS COMMUNITY

### Zoom Meeting For JP Community

2020 ആഗസ്റ്റ് 21 ന് 3 മണി മുതൽ 4 മണി വരെ ജെ പി കമ്മ്യൂണിറ്റിയെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി സൂമിൽ ഒന്നു ചേർന്നു. സെബാസ്റ്റ്യൻ പുരയ്ക്കൻ (യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീം), ഐസക്ക് തോമസ് (കരീയർ ട്രെയിനർ), ഡെയ്സൺ പാണേങ്ങാടൻ (പ്രൊഫസർ സെന്റ് തോമസ് കോളേജ് തൃശ്ശൂർ), ദീപേഷ് ജോർജ്ജ് (ഷാർജ) യൂത്ത് മിനിസ്ട്രി ടീം എന്നിവർ ഇതിൽ പങ്കു ചേർന്നു. ഫാ.ലാൽ പൈനുംങ്കൽ എല്ലാവരെയും പരിചയപ്പെടുത്തി സ്വാഗതം ചെയ്തു. എല്ലാവരും തങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ പങ്കുവെച്ചു. വ്യത്യസ്തമായ പഠനവും സംവിധാനവും ജെ പി കമ്മ്യൂണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. പ്രാർത്ഥനയോടെ മീറ്റിങ്ങ് അവസാനിച്ചു.

### Mariyan Experience of Youth

2020 സെപ്റ്റംബർ 8-ന് മാതാവിന്റെ ജനനതിരുനാളിന് ഒരുക്കമായി 1-ാം തീയതി മുതൽ 7-ാം തിയതി വരെ ജെ പി കമ്മ്യൂണിറ്റിയിലെ വിദ്യാർത്ഥികളുടെ Marian Experience Sharing യൂത്ത് മിനിസ്ട്രി യൂട്യൂബ് ചാനലിലൂടെ ജനമദ്ധ്യത്തിൽ എത്തിച്ചു. ആൻ റോസ് ബെന്നി,

ആൻസൺ ജോസഫ്, ലെനാ ജിമ്മി, ജോർജ്ജീൻ ഷാജു, കാതറീൻ, ആഷ്‌ളിൻ അന്ന തോമസ്, ലിതിയ ജോയി എന്നിവരാണ് തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചത്. കുട്ടികൾക്കിടയിൽ കുട്ടികൾ തന്നെ അവരുടെ അനുഭവം പങ്കുവെച്ചപ്പോൾ അവരുടെ മനസ്സിൽ ചലനം സൃഷ്ടിച്ചു.

**അമ്മയ്ക്ക് പിറന്നാൾ സമ്മാനം (2020 സെപ്റ്റംബർ 8)**

ജെ പി കമ്മ്യൂണിറ്റി അഗംങ്ങൾ മാതാവിനോടുള്ള സ്നേഹം പ്രകടമാക്കാൻ സഹായിക്കുന്ന കാര്യങ്ങൾ ചെയ്യുകയും അത് മാതാവിന് പിറന്നാൾ സമ്മാനമായി അയച്ച് തരുകയും ചെയ്തു. മാതാവിനെ കുറിച്ച് പ്രസംഗിച്ചും, കഥ പറഞ്ഞും, പ്രാർത്ഥനകൾ ഉരുവിട്ടും, ഗാനങ്ങൾ ആലപിച്ചും, പദ്യങ്ങൾ രചിച്ചും, ചിത്രങ്ങൾ വരച്ചും, ജപമാലകൾ ചൊല്ലി ഉപവസിച്ചും പിറന്നാൾ സമ്മാനം പരി. അമ്മയ്ക്ക് നല്കി.

**ഗുരുവന്ദനം**

2020 സെപ്റ്റംബർ 5-ാം തീയതിയിലെ അധ്യാപക ദിനത്തിൽ ജെ പി കമ്മ്യൂണിറ്റി അംഗങ്ങൾ ഗുരുവന്ദനം എന്ന പരിപാടി നടത്തി. ഇന്നുവരെയുള്ള ജീവിതത്തിൽ കുട്ടികളെ ഏറ്റവും അധികം സ്വാധീനിച്ച ഒരു ഗുരുവിനെ കുറിച്ച് അഞ്ച് വാചകം എഴുതി അവരുടെ ഫോട്ടോ സഹിതം ഉൾപ്പെടുത്തി ഒരു വീഡിയോ തയ്യാറാക്കി ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തു.

## JP Community Online Gathering

## St. Patric JP Community

2020 സെപ്റ്റംബർ 12 ന് രാവിലെ 10 ന് സെന്റ് പാട്രിക്ക് സ്ക്കൂളിൽ പഠിച്ച കുട്ടികളുടെ കൂട്ടായ്മ സൂമിൽ നടന്നു. 11 പേർ പങ്കെടുത്തു. മെറിൻ മരിയയെ ലീഡറായും ദിയ റോജസിനെ കമ്മ്യൂണിറ്റി ബിൽഡറായും തിരഞ്ഞെടുത്തു.

## St. Mary's JP Community

2020 സെപ്റ്റംബർ 12 ന് രാവിലെ 11.15 ന് പുൽപ്പള്ളി സെന്റ് മേരീസ് സ്ക്കൂളിലെ അംഗങ്ങളുടെ സമ്മേളനം സൂമിൽ നടന്നു. 18 പേർ പങ്കെടുത്തു. നമിത്ത് ലീഡറായും അബിറ്റ കമ്മ്യൂണിറ്റി ബിൽഡറായും തിരഞ്ഞെടുക്കപ്പെട്ടു.

## St. Jodeph's JP Community

2020 സെപ്റ്റംബർ 12 ന് ഉച്ചയ്ക്ക് 12.30 ന് ചെറുകാട്ടൂർ സെന്റ് ജോസഫിൽ പഠിച്ച കുട്ടികളുടെ കൂട്ടായ്മ സൂമിൽ നടന്നു. സ്വയം പരിചയപ്പെടുത്തിയ ശേഷം ആഷ്റിൻ മാത്യു എഴുതിയ പദ്യങ്ങൾ ചൊല്ലി കേൾപ്പിച്ചു. ഈ കമ്മ്യൂണിറ്റിയിൽ മരിയ റോസ് കുര്യൻ ലീഡറായും ആഷ്റിൻ മാത്യു കമ്മ്യൂണിറ്റി ബിൽഡറായും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു.

## Infant Jesus JP Community

2020 സെപ്റ്റംബർ 12 ന് ഉച്ചയ്ക്ക് 1.30 ന് കേണിച്ചിറ ഇൻഫന്റ് ജീസസ് സ്ക്കൂളിലെ കുട്ടികളുടെ കൂട്ടായ്മ സൂമിൽ നടന്നു. ഇതിൽ 15 കുട്ടികൾ പങ്കെടുത്തു. അമിത്ത് ലീഡറായും എഡ്വിൻ കമ്മ്യൂണിറ്റി ബിൽഡറായും തിരഞ്ഞെടുക്കപ്പെട്ടു.

## Sanjoe JP Community

കണിയാരം സാൻജോ സ്ക്കൂളിൽ പഠിച്ച കുട്ടികളുടെ കൂട്ടായ്മ 2020 സെപ്റ്റംബർ 12 ന് ഉച്ചയ്ക്ക് 02.30 ന് സൂമിൽ നടന്നു. ജെ പി കമ്മ്യൂണിറ്റി യൂണിഫോം ധരിച്ച് 12 പേർ പങ്കെടുത്തു. ലെന ജിമ്മി ലീഡറായും അലീന ഷെറി കമ്മ്യൂണിറ്റി ബിൽഡറായും തിരഞ്ഞെടുക്കപ്പെട്ടു.

## Mananthavady JP Community

മാനന്തവാടി രൂപതയുടെ വിവിധ ഭാഗങ്ങളിലുള്ള 22 ജെ പി കമ്മ്യൂണിറ്റി അംഗങ്ങളുടെ കൂട്ടായ്മ 2020 സെപ്റ്റംബർ 12 ന് ഉച്ച കഴിഞ്ഞ് 03.15 ന് സൂമിൽ നടന്നു. പരസ്പരം പരിചയപ്പെടുത്തിയ ശേഷം ജെ പി കമ്മ്യൂണിറ്റി യുടെ ലക്ഷ്യത്തെ കുറിച്ച് ലാലച്ചൻ പങ്കുവെച്ചു. മാനന്തവാടി ഗ്രൂപ്പിന്റെ ലീഡറായി അന്ന റോസ് ബെന്നിയും കമ്മ്യൂണിറ്റി ബിൽഡറായി ഷെറിൻ റോസും ഉത്തരവാദിത്വം ഏറ്റെടുത്തു.

## Online JP Community

2020 സെപ്റ്റംബർ 12 ന് വൈകുന്നേരം 4 മണി മുതൽ ജെ പി കമ്മ്യൂണിറ്റിയുടെ ഓൺലൈൻ ഗ്രൂപ്പിന്റെ സൂം മീറ്റിങ്ങ് നടത്തി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 14 പേരാണ് പങ്കെടുത്തത്. ആദിത്യൻ ആലുവ ലീഡറായും കാതറീൻ അങ്കമാലി കമ്മ്യൂണിറ്റി ബിൽഡറായും നിയോഗിക്കപ്പെട്ടു. ജെ പി കമ്മ്യൂണിറ്റിയ്ക്ക് നേതൃത്വം നല്കിവരുന്ന സി. ഡിവ്ന എസ്.ഡി. ക്ക് അഭിനന്ദനങ്ങൾ.

## 4.JESUS BAND MUSIC MINISTRY

2020 സെപ്റ്റംബർ 17 ജീസസ് ബാന്റിലെ ആറ് അംഗങ്ങൾ ഒന്നുചേർന്ന് പുതിയ കവർ സോങ്ങിനും, കൺവെൻഷൻ മ്യൂസിക്ക് മിനിസ്ട്രിയ്ക്കുവേണ്ടിയും പ്രാർത്ഥിച്ച് പരിശീലിച്ച് ഒരുങ്ങി.

## 5. YOUTH MINISTRY LEADERS

2020 സെപ്റ്റംബർ 15-ാം തീയതി രാവിലെ ലാലച്ചന്റെ നേതൃത്വത്തിൽ യൂത്ത് മിനിസ്ട്രി ലീഡേഴ്സ് ഓൺലൈനിൽ സൂം വഴി പങ്കുചേർന്നു. 9 ലീഡേഴ്സ് ആണ് സംബന്ധിച്ചത്. ഈ ഗ്രൂപ്പിന്റെ ലീഡേഴ്സ്സായി ജോനാഥ് ഷൈജൻ, അതുല്ല്യ കെ. കുര്യനെയും തിര

ഞ്ഞെടുത്തു. യൂത്ത് മിനിസ്ട്രിയുടെ വിവിധ പരിപാടികളുടെ നേതൃത്വം ഏറ്റെടുത്ത് ചെയ്യാൻ ചുമതലപ്പെടുത്തി. ഓൺലൈൻ കൺവെൻഷന്റെ റജിസ്ട്രേഷൻ, പബ്ലിസിറ്റി ഇവ നടത്താനും തീരുമാനിച്ചു. മികച്ച വ്യക്തികളായി സഭയിലും സമൂഹത്തിലും പ്രവർത്തിക്കാനും, തിരക്കുകൾക്കിടയിൽ സജീവമായി പ്രവർത്തിക്കണമെന്നും തീരുമാനമായി.

2020 സെപ്റ്റംബർ 16-ാം തിയതി 11 മണിക്ക് സൂം മീറ്റിങ്ങ് നടത്തി. കൺവെൻഷനുവേണ്ടി നന്നായി പ്രാർത്ഥിക്കാനും പരമാവധി പോസ്റ്ററുകൾ ഷെയർ ചെയ്യാനും തീരുമാനിച്ചു. മാസത്തിലൊരിക്കൽ ഗ്രൂപ്പ് ഒന്നുചേരാനും യുവജനങ്ങളുടെ വിശ്വാസരൂപീകരണം ലക്ഷ്യം വെച്ച്, സാമുദായിക വിഷയങ്ങളിൽ ഇടപ്പെട്ട് സഭയുടെ മുഖമാകാനും ലാലച്ചൻ നിർദ്ദേശിച്ചു. 'സഭയിൽ ഇന്നത്തെ യുവത്വത്തിന്റെ പ്രസക്തിയെ' കുറിച്ച് ആരതി സംസാരിച്ചു. ലീഡേഴ്സ്സായ ജോനാഥ് ഷൈജൻ, അതുല്ല്യ കെ. കുര്യൻ എന്നിവർ എല്ലാവർക്കും നന്ദി പറഞ്ഞു.

## 6. LIFE TRAINING

### ഇടയനോടൊപ്പം

2020 സെപ്റ്റംബർ 6-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4.15 വരെ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം ലൈഫ് ട്രെയിനിങ്ങ് കുടുംബം മുഴുവൻ ഓൺലൈനിൽ സൂം വഴി പങ്കുചേർന്നു. 250 പേർ ഇതിൽ പങ്കുചേർന്നു. റിച്ചാർഡും അബിറ്റയും ഈ മീറ്റിങ്ങിന് നേതൃത്വം വഹിച്ചു. ജോൺ സോനു നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിങ്ങിന് ഐറിൻ സ്വാഗതവും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണവും പറഞ്ഞു. തുടർന്ന് ആൻമരിയ, അനോവ, ജോസ്ന, ആഷ്ളിൻ, ആൻമരിയ ഷിബു എന്നിവർ ലൈഫ് അനുഭവങ്ങൾ പങ്ക് വെച്ചു.

അഭിവന്ദ്യ പിതാവ് കുഞ്ഞുങ്ങളോടും മാതാപിതാക്കളോടും സംസാരിച്ചു. സ്വയം വളരാൻ കാര്യങ്ങൾ ചെയ്തു പഠിക്കാനും, ലിംഗ സമത്വത്തെ കുറിച്ചും സത്യസന്ധതയെ കുറിച്ചും പിതാവ് എടുത്ത് പറഞ്ഞു. ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ മുഴുവനും വായിക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടു. മാതാപിതാക്കളുടെ പ്രതിനിധിയായി ബിജു പാലത്തിങ്കൽ സംസാരിച്ചു. ലൈഫ് ട്രെയിനിങ്ങ് കോഡിനേറ്റർ സി. ആൻസി തോമസ് പ്രവർത്തനങ്ങളെ കുറിച്ച് വിവരിച്ചു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാർത്ഥികളെ ലാലച്ചൻ പ്രത്യേകം അഭിനന്ദിച്ചു. ജോയേൽ പി. ജോണി എല്ലാവർക്കും നന്ദി പറഞ്ഞു. ടെസ്വിൻ പാടിയ മാതാവിന്റെ ഗാനത്തിനുശേഷം അഭിവന്ദ്യ പിതാവ് ലൈഫ് കുടുംബങ്ങളെ മുഴുവൻ ആശീർവദിച്ചു പ്രാർത്ഥിച്ചു.

ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, സി. ബെൻസി എസ്. എച്ച്, സി. ഡിവ്ന എസ്. ഡി. എന്നിവർ നേതൃത്വം നല്കി.

അഭിവന്ദ്യ പിതാവിനും, യൂത്ത്മിനിസ്ട്രി ടീമിനും, ലൈഫ് ഫാമിലി മുഴുവനും ഹൃദയം നിറഞ്ഞ നന്ദി.

## Weekly Scrutiny

ലൈഫ് ട്രെയിനിങ്ങിലെ 2015 മുതൽ 2019 വരെയുള്ള ബാച്ചുകാർക്കായി എല്ലാ ഞായറാഴ്ചയും രാത്രി 8.30 നും തിങ്കളാഴ്ച രാത്രി 8.30 നും വീക്കിലി സ്ക്രൂട്ടിനിറ്റി എന്ന പേരിൽ ഓൺ ലൈൻ ക്വിസ് നടത്തി വരുന്നു. ഓരോ ആഴ്ചയിലെയും പഠനഭാഗത്തു നിന്ന് പൊതു വിജ്ഞാനം, വൊക്കാബുലറി, വചനം എന്നിവയാണ് ഉൾപ്പെടുത്തുന്നത്. വീക്കിലി സ്ക്രൂട്ടിനിറ്റി നടത്തുന്ന എമിൽ ഷാജു മംഗലത്തിന് അഭിനന്ദനങ്ങൾ

| SL No | Date | | BATCH | TIME | NUMBERS |
|---|---|---|---|---|---|
| 1 | 15-08-20 | GK | 2015-2019 | 8.30 pm | 49 |
| 2 | 23-08-20 | GK | 2015-2019 | 8.30 pm | 50 |
| 3 | 24-08-20 | Vocabulary | 2015-2019 | 8.30 pm | 52 |
| 4 | 30-08-20 | GK | 2015-2019 | 8.30 pm | 48 |
| 5 | 31-08-20 | Vocabulary | 2015-2019 | 8.30 pm | 50 |
| 6 | 06-09-20 | GK | 2015-2019 | 8.30 pm | 52 |
| 7 | 07-09-20 | Vocabulary | 2015-2019 | 8.30 pm | 50 |
| 8 | 13-09-20 | GK | 2015-2019 | 8.30 pm | 52 |
| 9 | 14-09-20 | Vocabulary | 2015-2019 | 8.30 pm | 50 |

## OnlineTraining

ലോക്ക്ഡൗൺ ഓൺലൈൻ പരിശീലനത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികൾക്കായി ആഴ്ചയിൽ ഒന്നു വീതം ഓരോ ബാച്ചിനും സൂം മീറ്റിങ്ങ് നടത്തുകയും അനുദിനവും വിവിധ പ്രോജക്ടുകൾ കുട്ടികൾക്ക് നല്കുകയും അവരുടെ ആത്മീയ പഠന മേഖലകളിൽ അവരെ സഹായിക്കുകയും ചെയ്തു വരുന്നു. 2020 ബാച്ചുകാർക്ക് എല്ലാ ദിനവും സൂം വഴിയോ വീഡിയോ കോൾ വഴിയോ പരിശീലനം നടത്തുന്നു. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, സി.ആൻസി തോമസ് സി.എം.സി. എന്നിവർ ഇതിന് നേതൃത്വം നല്കുന്നു.

| SL No | ZOOM DATE | BATCH | TIME | TOTAL NUMBERS | PRESENT |
|---|---|---|---|---|---|
| 1 | 18/08/20 | 2015 | 11.30 am | 3 | 3 |
| 2 | 20/08/20 | 2017 | 04.00 pm | 13 | 12 |
| 3 | 20/08/20 | 2018 | 05.00 pm | 13 | 12 |
| 4 | 25/08/20 | 2016 | 04.00 am | 12 | 10 |
| 5 | 25/08/20 | 2020 | 10.00 am | 25 | 25 |
| 6 | 25/08/20 | 2020 | 10.45 am | 25 | 24 |
| 7 | 25/08/20 | 2015 | 11.30 am | 3 | 3 |
| 8 | 26/08/20 | 2020 | 10.00 am | 25 | 22 |
| 9 | 26/08/20 | 2016 | 03.00 pm | 12 | 10 |
| 10 | 26/08/20 | 2017 | 04.00 pm | 13 | 12 |
| 11 | 27/08/20 | 2020 | 10.00 am | 25 | 22 |
| 12 | 27/08/20 | 2018 | 04.00 pm | 13 | 10 |
| 13 | 28/08/20 | 2020 | 10.00 am | 25 | 21 |
| 14 | 28/08/20 | 2019 | 04.00 pm | 22 | 18 |
| 15 | 29/08/20 | 2019 | 08.15 am | 22 | 17 |
| 16 | 03/09/20 | 2020 | 10.00 am | 25 | 22 |
| 17 | 03/09/20 | 2016 | 04.00 pm | 12 | 12 |
| 18 | 04/09/20 | 2020 | 10.00 am | 25 | 25 |
| 19 | 06/09/20 | 2015, 2016 | 03.00 pm | 15 | 15 |
| 20 | 06/09/20 | 2017, 2018 | 03.00 pm | 13,13 | 12,13 |
| 21 | 06/09/20 | 2019 | 03.00 pm | 22 | 20 |
| 22 | 06/09/20 | 2020 | 03.00 pm | 25 | 22 |
| 23 | 10/09/20 | 2020 | 10.00 am | 25 | 23 |
| 24 | 10/09/20 | 2016, 2015 | 04.00 pm | 15 | 10 |
| 25 | 11/09/20 | 2017 | 04.00 pm | 13 | 07 |
| 26 | 14/09/20 | 2018 | 04.00 pm | 13 | 08 |
| 27 | 14/09/20 | 2019 | 04.45 pm | 22 | 12 |

**അമ്മയ്ക്കുള്ള മക്കളുടെ സമ്മാനം**

2020 സെപ്റ്റംബർ ഒന്നാം തീയതി മുതൽ എട്ടാം തീയതി വരെ മാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് എട്ട് നോമ്പ് എടുക്കുകയും, നിയോഗങ്ങൾ അടങ്ങിയ പോസ്റ്ററുകൾ അയയ്ക്കുകയും, അമ്മയ്ക്കൊരു സമ്മാനമായി 2015, 2016 ലൈഫ് ട്രെയിനിങ്ങ് വിദ്യാർത്ഥി

കൾ സന്ദേശങ്ങൾ അടങ്ങിയ വീഡിയോ പ്രസംഗങ്ങൾ തയ്യാറാക്കുകയും ഫെയ്സ് ബുക്കിൽ അപ്ലോഡ് ചെയ്യുകയും ചെയ്തു. ഇതിന് നേതൃത്വം എടുത്ത അബിറ്റ, ആൻമരിയ, അനോവ, അപർണ്ണ, മെൽന, ഐെറിൻ, ആഷ്ളിൻ, ആൽഫ്രഡ്, ജോയൽ, മേധ, ആഷിഷ്, ജോയേൽ എന്നിവർക്ക് അനുമോദനങ്ങൾ.

**പാവങ്ങളുടെ അമ്മ**

2020 സെപ്റ്റംബർ 5 മദർ തെരേസ ദിനം ആചരിച്ചു. അമ്മയുടെ വചനങ്ങൾ കോർത്തിണക്കിയ നല്ലൊരു വീഡിയോ 2016 ബാച്ചുകാരും മദറിന്റെ ജീവചരിത്രം അടങ്ങിയ ഒരു വീഡിയോ, 2017 ബാച്ചുകാരും വ്യത്യസ്തമായ നല്ലൊരവതരണം, 2018 ബാച്ചുകാരുടെ നേതൃത്വത്തിൽ നടത്തിയ വീഡിയോകളെല്ലാം ഫേയ്സ് ബുക്കിൽ പ്രസിദ്ധപ്പെടുത്തി.

**കുരിശിന്റെ പുകഴ്ച**

2020 സെപ്റ്റംബർ 14 ന് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനം പോസ്റ്ററുകൾ നിർമ്മിക്കുകയും ജോയേൽ പി. ജോണി വി. കുരിശിന്റെ സന്ദേശം സാമൂഹിക മാധ്യമങ്ങളിലൂടെ എല്ലാവർക്കും നല്കുകയും ചെയ്തു.

**ന്യൂസ് അവതരണം**

ലൈഫ് ട്രെയിനിങ്ങ് പഠനത്തിന്റെ ഭാഗമായി അനുദിനവും വിജ്ഞാനപ്രദമായ പത്രവാർത്താ വീഡിയോകൾ കുട്ടികൾ തയ്യാറാക്കുകയും ഗ്രൂപ്പിൽ പങ്ക് വെയ്ക്കുകയും അധ്യാപകർ വിലയിരുത്തി നല്കുകയും ചെയ്തുവരുന്നു.

**7. TEAM PRAYER**

**പ്രാർത്ഥനാ ദിനം**

2020 ആഗസ്റ്റ് 19, 2020 ആഗസ്റ്റ് 26, 2020 സെപ്റ്റംബർ 9, 2020 സെപ്റ്റംബർ 18, എന്നീ ദിനങ്ങളിലായി യൂത്ത് മിനിസ്ട്രി ടീം 09.30 മുതൽ 12.30 വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി വരുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

2020 സെപ്റ്റംബർ 18 വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 05.00 മണിവരെ കൺവെൻഷനു വേണ്ടി യൂത്ത് മിനിസ്ട്രി ടീം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**ABOVE ONLINE CONVENTION**

യുവജന വർഷമായ 2018-ൽ ഒക്ടോബർ 18-20 തീയതികളിൽ നടത്തിയ ABOVE YOUTH CONVENTION ന്റെ ഫോളോപ്പായി 2020 സെപ്റ്റംബർ 25-27 തീയതികളിൽ ഓൺലൈൻ കൺവെൻഷൻ

നടത്താൻ തീരുമാനിച്ചതിൻ പ്രകാരം 2018-ൽ കൺവെൻഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ള യുവജനങ്ങൾ ഒന്നു ചേർന്ന് വിവിധ കമ്മറ്റികൾക്ക് രൂപം കൊടുത്തു.

1. Intercessory Prayer
   Leaders - Akhila Devasia Mullenkolly, Anu Joy Puzhamudy, Lijina George Kadalmad, Anjana Shaji Thomattuchal.
2. Publicity
   Leaders - Dalwin Johns Nadavayal, Athul Sebastine Kallody, Athulya Sebastine Cherukattoor, Aparna Maria George Marakkadavu.
3. Registration
   Leaders - Aparna Sebastine Cherukattoor, Linsha Maria Nadavayal, Athul Sebastine Cherukattoor, Irine Maria Kabanigiri
4. Media.
   Leaders - Jomol George Kadalmad, Merlin Elizebeth Ootty, Nisha mol K.C Chungakkunnu, Angel P.A Coonoor.
5. Viewers Builders
   Leaders - Jerin K.V Dharmagiri, Justine K.G Chungakkunnu, Athira Sunny Payyampally, Aleena Sunny Thomattuchal.

യൂത്ത് മിനിസ്ട്രിയുടെ നേരത്തെ നടത്തിയിട്ടുള്ള കൺവെൻഷനിൽ പങ്കെടുത്ത യുവജനങ്ങളെ സി. ബെൻസി ഫോൺവഴി നിരന്തരം സംസാരിക്കുകയും സൂം മീറ്റിങ്ങ് നടത്തുകയും ചെയ്തു വരുന്നു. യുവജനങ്ങൾ തന്നെ വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ഭംഗിയായി ചെയ്തു വരുന്നു.

ഡാൽവിൻ ജോസ് ഗൂഗുൾ ഫോം തയ്യാറാക്കുകയും യുവജനങ്ങൾ ഒന്ന് ചേർന്ന് കുട്ടികളുടെ റജിസ്ട്രേഷൻ തുടങ്ങുകയും ചെയ്തു. മെർലിൻ എലിസബത്ത്, അൽജോസ്, ലിജിന ജോർജ്ജ്, എന്നിവർ കൺവെൻഷനെ കുറിച്ചുള്ള വീഡിയോകൾ തയ്യാറാക്കുകയും അതുൽ കല്ലോടി, അഞ്ചന ഷാജി, സ്നേഹ തോമസ്, അതുൽ സെബാസ്റ്റ്യൻ, നിഷാമോൾ, ജെസ്പിൻ എന്നിവർ പോസ്റ്റർ തയ്യാറാക്കുകയും സോഷ്യൽ മീഡിയായിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. യുവജനങ്ങളുടെ ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥന കൺവെൻഷന് കൂടുതൽ ശക്തി പകരുന്നു.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## സമരിറ്റൻസ് കോവിഡ് പ്രതിരോധസേനയ്ക്ക് പരിശീലനം നൽകി

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രൂപികരിച്ച സമരിറ്റൻസ് സന്നദ്ധസേനയ്ക്കുള്ള പരിശീലനം സംഘടിപ്പിച്ചു. മാനന്തവാടി രൂപതയുടെ 13 മേഖലകളിൽ നിന്നായി 402 അംഗങ്ങളാണ് സമരിറ്റൻസ് മാനന്തവാടി സന്നദ്ധസേനയിൽ അംഗങ്ങളായുള്ളത്. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സന്നദ്ധസേനയിലെ ആദ്യ ബാച്ചിനുള്ള പരിശീലനം സംഘടിപ്പിച്ചു. കോവിഡ് വൈറസ് ബാധയാൽ മരണപ്പെടുന്ന വ്യക്തികളുടെ മരണാനന്തര ചടങ്ങുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിലെ അസി. പോലീസ് സർജൻ ഡോ. ബിബിൻ, ഡോ. മഹേഷ് എന്നിവർ ക്ലാസുകൾ നയിച്ചു. സമരിറ്റൻസ് മാനന്തവാടിയുടെ സേവനം ആവശ്യം വരുന്ന മുറയ്ക്ക് ജാതിമതഭേദമെന്യേ എവർക്കും ലഭ്യമാക്കുമെന്ന് ജനറൽ കോ-ഓർഡിനേറ്റർ ഫാ. പോൾ കൂട്ടാല അറിയിച്ചു. പൂർണ്ണമായും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കും പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ജനറൽ മാനേജർ ഫാ. ഷിജു ഐക്കരക്കാനായിൽ, ജനറൽ ക്യാപ്റ്റൻ ബിബിൻ ചെമ്പക്കര, ഫാ. ആന്റോ മമ്പള്ളിൽ, ഫാ.അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, രഞ്ജിത്ത് മുതുപ്ലായ്ക്കൽ, ഡോ. കെ.പി. സാജു എന്നിവർ നേതൃത്വം നൽകി.

ചുങ്കക്കുന്ന് ഫൊറോനയിലെ കോവിഡ്-19 ടാസ്ക് ഫോഴ്സിനു വേണ്ടിയുള്ള പരിശീലന ക്ലാസ് 11-09-2020 വെള്ളിയാഴ്ച വൈകുന്നേരം 4 മണി മുതൽ ചുങ്കക്കുന്ന് പള്ളിയിൽ വച്ച് രൂപതാ കോഡിനേറ്റർ ബഹു. പോൾ കൂട്ടാല അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഫൊറോന ടീം മാനേജർ ബഹു. ഫാ. ബിജു ഉറുമ്പിൽ ഏവരേയും സ്വാഗതം ചെയ്തുകൊണ്ട് സംസാരിക്കുകയും തുടർന്ന് ബഹു. പോൾ കൂട്ടാല അച്ചൻ അദ്ധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. ടീമിന്റെ പേട്രൺ ഫൊറോന വികാരി ബഹു. ഫാ.ജോയ് തുരുത്തേൽ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് പി. എച്ച്. സി. കൊട്ടിയൂരിലെ ഡോ. സരുൺ ഘോഷ് കോവിഡ് കാലഘട്ടത്തിൽ പാലിക്കേണ്ടുന്ന മുൻകരുതലുകൾ, കോവിഡ് ബാധിച്ച്

മരിക്കുന്ന വ്യക്തികളുടെ സംസ്കാരം എന്നിവയെക്കുറിച്ചുള്ള ക്ലാസും, PPE കിറ്റ് ധരിക്കുന്നതിനുള്ള പരിശീലനവും നൽകി. ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള സാന്നിധ്യം ഉണ്ടായിരുന്നു. ചുങ്കക്കുന്ന് ഇടവകയിൽ നിന്നുള്ള ജിജോ താന്നിവേലിയെ ടീമിന്റെ ക്യാപ്റ്റനായി തിരഞ്ഞെടുത്തു. കമില്ലോ കണ്ണന്താനം ഏവർക്കും നന്ദി പറഞ്ഞു.

**കോവിഡ് കാലത്ത് നബാർഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ജലമണ്ണ് സംരക്ഷണ പ്രവർത്തങ്ങൾ അനുഗ്രഹമാകുന്നു**

നബാർഡ് കെഎഫ്ഡബ്ല്യൂ സോയിൽ പ്രോജെക്ടിൽ ഉൾപ്പെടുത്തി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ജലമണ്ണ് സംരക്ഷണ പ്രവർത്തങ്ങൾ കോവിഡ് 19 മൂലം പുറത്തു ജോലിക്ക് പോകാൻ സാധിക്കാത്ത അനേകം കുടുംബങ്ങൾക്ക് വലിയ ഒരു അനുഗ്രഹമായി മാറുകയാണ്. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം, പോർലോം നീർത്തട പ്രദേശങ്ങളിലാണ് ജലമണ്ണ് സംരക്ഷണ പ്രവർത്തങ്ങളുടെ ഭാഗമായി മൺ കയ്യാലകൾ, കല്ല് കയ്യാലകൾ, നീർകുഴികൾ എന്നിവ നിർമ്മിക്കുന്നത്. നീർത്തട പ്രദേശത്തു പ്രവർത്തിക്കുന്ന വില്ലേജ് നീർത്തട കമ്മിറ്റികളുടെയും പദ്ധതി നിർവ്വഹണ ഏജൻസിയായ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും നേതൃത്വത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നത്. കരാറുകാരെ പൂർണ്ണമായും ഒഴിവാക്കികൊണ്ട് ഗുണ ഭോക്താക്കൾ നേരിട്ട് കല്ല് കയ്യാലകൾ, മൺ കയ്യാലകൾ, നീർകുഴികൾ എന്നിവ നിർമ്മിക്കുന്നു. നീർത്തട കമ്മിറ്റിയും നിർവ്വഹണ ഏജൻസി ആയ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും പദ്ധതിയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറക്ക് പരിശോധന നടത്തി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് പദ്ധതി സഹായ തുക നിക്ഷേപിക്കുന്നു. 02 നീർത്തടങ്ങളിലായി 3000 ക്യൂബിക് മീറ്റർ മണ്ണ് കയ്യാലയും 5000 മീറ്റർ കല്ല് കയ്യാലയും 1600 നീർകുഴികളും ഇതിനോടകം പൂർത്തീകരിച്ചു. കൂലിപണി അടക്കം മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാതായ ഘട്ടത്തിൽ നബാർഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ജലമണ്ണ് സംരക്ഷണ പദ്ധതികൾ ഏറെ ആശ്വാസകരമാണെന്ന് നീർത്തട സമൂഹം സാക്ഷ്യപ്പെടുത്തുന്നു.

**ഈ ശക്തി പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി നബാർഡ് ഈ ശക്തി പദ്ധതിയുടെ ഭാഗമായി ഫീൽഡ്തലത്തിൽ പ്രവർത്തിക്കുന്ന ആനിമേറ്റേഴ്സിനു വേണ്ടി പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട്

സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടന്ന പരിശീലനം വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.പോൾ കൂട്ടാല ഉദ്ഘടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാം ഓഫീസർ ജോസ്.പി.എ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ജാൻസി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

കോവിഡ് -19 മൂലം കണ്ടെയ്ൻമെന്റ് സോണുകളിൽ ഉള്ള ആനിമേറ്റേഴ്സിന് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതിനാൽ അവർക്കുള്ള പരിശിലനം zoom മീറ്റിംഗിലൂടെ നൽകുകയും ചെയ്തു.

**തൈകൾ സൗജന്യമായി വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എടവക, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തുകളിലെ 500 കർഷകർക്ക് തീർത്തും സൗജന്യമായി കാപ്പി, കുരുമുളക് എന്നിവയുടെ തൈകൾ വിതരണം ചെയ്തു. എടവക ഗ്രാമ പഞ്ചായത്തിലെ ഒരപ്പ്, എള്ളുംമന്ദം, ഒഴക്കോടി, പാണ്ടിക്കടവ്, ചാമാടിപോയിൽ എന്നീ വാർഡുകളിലെ 235 കർഷകർക്ക് 150 വീതം കുരുമുളക് തൈകളും, 300 വീതം കാപ്പി തൈകളും വിതരണം ചെയ്തു. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ പുതുശ്ശേരിക്കടവ്, മുണ്ടക്കുറ്റി, ചേരിയംകൊല്ലി, കുറുമണി എന്നിവിടങ്ങളിലെ 265 കർഷകരെയാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ ചേരിയംകൊല്ലിയിലെ 70 കർഷകർക്ക് കാപ്പി, കുരുമുളക് തൈകൾ വിതരണം പൂർത്തിയാക്കി. കുറുമണി വാർഡിലെ 70 കർഷകർക്കും പുതുശ്ശേരിക്കടവ്‌വാർഡിലെ 58 കർഷകർക്കും കുരുമുളക് തൈകൾ വിതരണം ചെയ്തു. ഇനി 67 കർഷകർക്ക് കൂടി കുരുമുളക് തൈകൾ വിതരണം ചെയ്യുവാനുണ്ട്. കുരുമുളക് തൈകൾ ഈ സീസണിൽ തന്നെ വിതരണം ചെയ്യും. കാപ്പിതൈകൾ ലഭിക്കാത്തവർക്ക് അടുത്ത സീസണിൽ ആയിരിക്കും വിതരണം നടത്തുക. ഈ പദ്ധതിയിലേക്കുള്ള കർഷകരുടെ തെരഞ്ഞെടുപ്പ് നടത്തിയത് അതാത് വാർഡ് മെമ്പർമാരാണ്. അവർ തന്ന ലിസ്റ്റ് അടിസ്ഥാനമാക്കിയാണ് കർഷകർക്ക് തൈകൾ വിതരണം ചെയ്തത്. കർഷകരിൽ നിന്നും ആധാർകാർഡിന്റെ കോപ്പി മാത്രമാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി സ്വീകരിച്ചിട്ടുള്ളത്. തീർത്തും സൗജന്യമായി വിതരണം ചെയ്ത തൈകൾ ബോയ്സ് ടൗണിൽ നിന്നും അതാതു സ്ഥലങ്ങളിൽ എത്തിക്കുന്നതിന് കർഷകർ വാഹന ചെലവ് സ്വന്തം വഹിച്ചു.

**സോപ്പ് നിർമ്മാണ യൂണിറ്റുകൾക്ക് പരിശീലനം നൽകി**

എടവക, പടിഞ്ഞാറത്തറ പഞ്ചായത്തുകളിൽ വെള്ളപ്പൊക്കത്താൽ കഷ്ടപ്പെടുന്ന വീട്ടമ്മമാരെ പങ്കാളികളാക്കി പുതിയതായി ആരംഭിച്ചിരിക്കുന്ന നാല് സോപ്പ് നിർമ്മാണ യൂണിറ്റുകളിലേക്കുള്ള തിരഞ്ഞെടുക്കപ്പെട്ട വീട്ടമ്മമാർക്കുള്ള സോപ്പ് നിർമാണ പരിശീലനം നൽകി.

## DDU-GKY

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കീഴിൽ ഗ്രാമങ്ങളിലെ 18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ തൊഴിൽ പരമായി കൂടുതൽ കഴിവുള്ളവർ ആക്കുന്നതിനു വേണ്ടി കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും ഒന്ന്ചേർന്ന് നടത്തിവരുന്ന DDU-GKY എന്ന പദ്ധതിയുടെ പഠന പരിശീലനങ്ങൾ മാനന്തവാടി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ബോയ്സ്ടൗണിലെ പരിശീലന കേന്ദ്രത്തിൽ നടന്നുവരുന്നു.

പ്രസ്തുത പദ്ധതിയുടെ കീഴിൽ ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ബ്യൂട്ടീഷ്യൻ എന്നീ കോഴ്സുകളാണ് ഇപ്പോൾ നടന്നുവരുന്നത്. പ്രഗൽഭരായ അധ്യാപകരുടെ ശിക്ഷണത്തിൽ പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്ത്യയിലും വിദേശത്തുമായി ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്തുവരുന്നു. പുതിയതായി കാട്ടിക്കുളം കേന്ദ്രമായി പ്രവർത്തിക്കുന്ന ജയമാതാ ആശ്രമത്തിൽ DDU-GKY യുടെ കോഴ്സുകൾ തുടങ്ങുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവം അറിയിക്കുന്നു.

DDU-GKY യുടെ അടുത്ത പദ്ധതിയിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ആരംഭിച്ചു കഴിഞ്ഞു. ഫാബ്രിക്കേഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ബ്യൂട്ടീഷ്യൻ, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകളിലേക്കാണ് അഡ്മിഷൻ ആരംഭിക്കുന്നത്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി നൽകുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്‌ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്. തൊഴിൽപരമായ പരിശീലനത്തിനു മുൻതൂക്കം കൊടുക്കുന്ന ഈ കോഴ്സുകൾക്ക് യാതൊരുവിധ ഫീസോ മറ്റോ ഈടാക്കുന്നില്ല. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ താമസവും ഭക്ഷണവും തികച്ചും സൗജന്യമാണ്.

## സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി തുടർന്നുകൊണ്ടിരിക്കുന്നു. ഈ മാസം മാനന്തവാടി, കൽപ്പറ്റ റീജിയണുകളിലെ തൃശ്ശിലേരി, കരുമാനി, കല്ലോടി ഇടവകകളിൽ നിന്നുമായി 3 കുടുംബങ്ങൾക്ക് ഈ പദ്ധതിയിൽ അംഗത്വം ലഭിച്ചു. ഈ ലോക്ക്ഡൗൺ ദിവസങ്ങളിൽ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷണ സാധനങ്ങളും ചികിത്സാ സഹായവും എത്തിച്ചു കൊടുത്തു. മാനന്തവാടി, കൽപ്പറ്റ പുൽപ്പള്ളി റീജിയണുകളിൽ നിന്നുമായി 3 കുടുംബങ്ങൾക്ക് വരുമാന ദായക പ്രവർത്തനങ്ങൾക്കായി പ്രത്യേക ധനസഹായം സമ്മാനമായി ലഭിച്ചു. ഇപ്പോൾ നമ്മുടെ രൂപതയിൽ 320 കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നുണ്ട്. ഈ മാസം മരകാവ്, മുള്ളൻകൊല്ലി, പാടിച്ചിറ പുതുശ്ശേരിക്കടവ് ഇടവകകളിൽ നിന്നുമായി 4 കുടുംബങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2021-2022 വർഷത്തിലേക്കുള്ള പുതിയ അംഗങ്ങളെ ചേർത്തുവരുന്നു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ചെറുകിടസംരംഭകങ്ങൾക്കായി | - | 65000 (SAFP) |
| കൃഷിക്കായി | - | 117500 (SAFP) |
| മൃഗസംരക്ഷണത്തിനായി | - | 89000 (SAFP) |
| നിർമ്മാണ പ്രവർത്തനങ്ങൾക്കായി | - | 18000 (SAFP) |
| വിദ്യാഭ്യാസം | - | 11000 (SAFP) |
| ചികിത്സാ സഹായം | - | 11028 (Local) |
| ഭക്ഷണസാധനങ്ങൾ | - | 14000 (Local) |
| **ആകെ** | - | **325528/** |

## ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT) (2 YEARS)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT കോഴ്സിലേക്ക് 2020-2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ജൂലൈ 10 മുതൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്.എസ്.എൽ.സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

മാനന്തവാടി രൂപതയുടെ സാമൂഹിക സേവന സ്ഥാപനമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രധാനമായും ജനങ്ങളിലേക്ക് സഹായങ്ങൾ എത്തിക്കുന്നത് സോഷ്യൽ വെൽഫയർ സൊസൈറ്റികൾ വഴിയാണ്. കഴിഞ്ഞ മാസം Zoom മീറ്റിംഗിലൂടെ സോഷ്യൽ വെൽഫയർ സൊസൈറ്റി അംഗങ്ങളുമായി ഈ കോവിഡ് കാല പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച നടത്തി. ഈ മാസം പ്രധാനമായും യൂണിറ്റ് തലങ്ങളിൽ പുതിയ ഗ്രൂപ്പുകളുടെ രൂപീകരണമാണ് നടത്തിയത്. വിവിധ സ്ഥലങ്ങളിലായി സോപ്പ് ട്രെയിനിംഗ് നടത്തി. കോവിഡ് കാലമായതിനാൽ ഗ്രൂപ്പ് മീറ്റിംഗുകൾ zoom മീറ്റിംഗിലൂടെ നടത്തി. കുറുക്കൻമൂല യൂണിറ്റിൽ പഴം പച്ചക്കറി തൈകളുടെ വിതരണം നടത്തുകയുണ്ടായി. SSLC, PLUS TWO പരീക്ഷകളിൽ ഉയർന്ന മാർക്കുകൾ നേടിയ വിദ്യാർത്ഥികളെ ഗ്രൂപ്പുകളിൽ ആദരിച്ചു. വിവിധ യൂണിറ്റുകളിൽ പരിസരശുചീകരണം നടത്തി. അംഗങ്ങൾക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുവാനായി ലോണുകൾ നൽകി വരുന്നു.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകി വരുന്നു. 5,86,563 രൂപ ഇതിനോടകം ലഭിച്ചിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്തവരുടെ പോളിസി നമ്പറുകൾ അറിയുന്നതിനും ക്ലെയിമുകളെ കുറിച്ച് അറിയുന്നതിനുമായി 9400367560 എന്ന ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

ക്ഷേമനിധിയിൽ ചേർന്നിട്ട് രണ്ടിൽ അധികം തവണ അംശാദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനസ്ഥാപിക്കുന്നതിനുള്ള സമയ പരിധി ആഗസ്റ്റ് 31 വരെ എന്നുള്ളത് സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**സ്കോളർഷിപ്പ്**

ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായ അപേക്ഷകൾ കോഴ്സ് തുടങ്ങി 45 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

ഈ ക്ഷേമനിധിയിൽ ചേരുവാനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. ഒക്ടോബർ 1 മുതൽ ഡിസംബർ 30 വരെയാണ് രജിസ്ട്രേഷൻ കാലാവധി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വച്ച് ക്യാമ്പ് നടത്തിതരുമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

**അറിയിപ്പ്**

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ സാമൂഹ്യ സുരക്ഷ പെൻഷനുകളും സർക്കാർ സഹായത്തോടെ ക്ഷേമനിധി പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളുടെയും പെൻഷനുകളിൽ 100 രൂപ വർദ്ധനവ് വരുത്തുന്നതും എല്ലാ മാസവും അതാത് മാസത്തെ പെൻഷൻ വിതരണം ചെയ്യണമെന്നും ട്രേഡ് യൂണിയൻ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് നിലവിൽ 1300 രൂപ നിരക്കിൽ സാമൂഹ്യക്ഷേമനിധി ബോർഡ് പെൻഷനുകൾ വാങ്ങിവന്നിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ 100 രൂപ വർദ്ധനവ് വരുത്തി പ്രതിമാസ നിരക്ക് 1400 രൂപയായി 01-09-2020 ന് പ്രാബല്യത്തിൽ വരുത്തി. അതാത് മാസത്തെ പെൻഷൻ എല്ലാമാസവും 20 നും 30 നും ഇടയിൽ വിതരണം ചെയ്യുന്നതാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

കേരളത്തിലെ വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലും, തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലുമായി വോഫാ (SWSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസ്സോസിയേഷൻ), കഫേ (കേരള അഗ്രോ ഫൗണ്ടേഷൻ ഫോർ ഫെയർട്രേഡ് എൻഹാൻസ്മെന്റ്) എന്നിങ്ങനെ രണ്ടു സംഘടനകളിലുൾപ്പെടുത്തി 18031 കർഷകരും, 1191 കർഷക ഗ്രൂപ്പുകളുമാണ് (ഒരു ഗ്രൂപ്പിൽ 05 മുതൽ 25 വരെ കർഷകർ) ജൈവ കൃഷി സാക്ഷ്യപത്രവും ലഭ്യത പദ്ധതിയിൽ നിലവിലുള്ളത്. ഇവയിൽ 162 കർഷക ഗ്രൂപ്പുകൾ ക്രെഡിറ്റ് യൂണിയനുകളാണ്. വിവിധ പഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കർഷ കർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, വിപണി-വില നില വാരങ്ങൾ കർഷകരിലെത്തിക്കുക, കർഷകർ ഉദ്പാദിപ്പിക്കുന്ന വിളവു കളുടെ ഗുണമേന്മ ഉറപ്പുവരുത്തുക, കൃത്യസമയത്ത് ഉത്പ്പന്ന സംഭരണം നടത്തുക, ഇന്റേണൽ ഇൻസ്പെക്ഷനിലൂടെ കൃഷിയിടങ്ങ ളിലെ പ്രവർത്തനങ്ങൾ ജൈവകൃഷിക്കുതകുന്നതാണെന്ന് ഉറപ്പുവരു ത്തുക തുടങ്ങിയ പ്രവർത്തനങ്ങളുമായി 16 റീജണൽ കോർഡി നേറ്റർമാർ നിലവിലുണ്ട്.

**സത്വ പ്രോജക്ട്**

കർഷകർക്ക് ശാസ്ത്രീയ രീതിയിലുള്ള പരിശീലനങ്ങൾ നൽകി ഉത്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അനഘ ട്രസ്റ്റ് നടപ്പി ലാക്കുന്ന സത്വ (SATVA) പ്രോജക്റ്റിൽ, 2019 ഓഗസ്റ്റ് മുതൽ 2021 ജൂലൈ വരെയുള്ള കാലയളവിൽ 2000 കർഷകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള അംഗീകാരം ലഭിക്കുകയും സമ്മതപത്രം ഒപ്പു വയ്ക്കുകയും ചെയ്തു. പുതുതായി ചേരുന്ന കർഷകരെയാണ് പ്രൊജക്റ്റിലുൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. കർഷകരെ 50 ക്ലസ്റ്ററുകളാക്കി പരിശീലനങ്ങൾ നൽകു കയും, ജൈവസാക്ഷ്യപത്ര പദ്ധതിയിൽ IC 01 സ്റ്റാറ്റസിൽ എത്തിക്കു കയും ചെയ്യുന്നതാണ് പദ്ധതി.

**നീറ്റുകക്ക വിതരണം**

കഫേയുടെ പ്രീമിയം പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയ സൗജന്യ നീറ്റുകക്ക വിതരണം 8003 കർഷകർക്ക് നൽകി പൂർത്തീ കരിച്ചു.

**ജൈവ സാക്ഷ്യപത്രം പുതുക്കൽ**

ജൈവകൃഷി സാക്ഷ്യപത്രം പുതുക്കുന്നതിനായുള്ള ഓഡിറ്റ് 12 ICS കളിൽ പൂർത്തീകരിച്ചു. അവശേഷിക്കുന്ന ICS കളിൽ ഓഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു. ലാക്കോൺ ക്വാളിറ്റി സർട്ടിഫിക്കേഷനിലെ ഓഡിറ്റർമാരായ ശ്രീ. യദുകൃഷ്ണ, ശ്രീ. അനൂപ് കൃഷ്ണൻ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി വരുന്നു. കൃഷിയിടങ്ങൾ ICS കോർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പി. ജെ.യുടെ നേതൃത്വത്തിലും ഡോക്യുമെന്റുകൾ ശ്രീമതി രമ്യയുടെ നേതൃത്വത്തിലും ക്രമീകരിച്ച് വരുന്നു.

**വോഫ എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

കോവിഡ് -19 വ്യാപന സാധ്യത നിലനിൽക്കുന്നതിനാൽ പൊതുയോഗം ചേരുന്നത് ഉചിതമല്ലെന്നതിനാൽ ആഗസ്റ്റ് 6 ന് ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിന്റെ അധ്യക്ഷതയിൽ വൊഫ എക്സിക്യൂട്ടീവ് യോഗം ചേർന്ന് 2019-20 വർഷത്തെ വാർഷിക റിപ്പോർട്ട്, വരവ് - ചെലവ് കണക്കുകൾ എന്നിവ സെക്രട്ടറി ശ്രീ. ജോയ് പരിയാരത്ത് അവതരിപ്പിക്കുകയും യോഗം വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തു. 2020-21 വർഷത്തെ പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുകയും, വോഫയിലെ മുഴുവൻ കർഷകർക്കും പ്രയോജനകരമാകുംവിധം 2020-21 വർഷത്തേയ്ക്കുള്ള ബജറ്റ് തയ്യാറാക്കി ചെയർമാൻ അവതരിപ്പിക്കുകയും ചർച്ചയ്ക്കുശേഷം യോഗം അംഗീകരിക്കുകയും ചെയ്തു. മുഴുവൻ അംഗങ്ങളും പങ്കെടുത്ത യോഗത്തിൽ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതമാശംസിക്കുകയും വൈസ് ചെയർമാൻ ശ്രീ. ചാക്കോ ചെറുപ്ലാവിൽ കൃതഞ്ജത രേഖപ്പെടുത്തുകയും ചെയ്തു.

**കഫെ വാർഷിക പൊതുയോഗം**

സംഘടനയുടെ 2019-20 വർഷത്തെ വാർഷിക പൊതുയോഗം ആഗസ്റ്റ് മാസം 8 ന് ബയോവിൻ കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. നിലവിലെ കോവിഡ് സാഹചര്യങ്ങൾ മൂലം എക്സിക്യൂട്ടീവ് മെമ്പർമാരെ മാത്രം ഉൾക്കൊള്ളിച്ചാണ് പൊതുയോഗം നടത്തിയത്. കഫെ ചെയർമാൻ റവ. ഫാ. ബിനു പൈനുങ്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യപ്രഭാഷണം നടത്തി. യോഗ തീരുമാനങ്ങൾ: മുൻവർഷം ഉത്പ്പന്നങ്ങൾ സംഘടനയിൽ വിപണനം നടത്തിയ കർഷകർക്ക് ഉത്പന്നത്തിനാനുപാധികമായി അധിക വില നൽകുവാൻ നിശ്ചയിക്കുകയും ചെയ്തു. ടെസ്റ്റ് പാസായ കാപ്പി കിലോയ്ക്ക് 3 രൂപയും ടെസ്റ്റ് പരാജയപ്പെട്ടവർക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിലും നൽകുവാൻ തീരുമാനിച്ചു. മുൻ വർഷങ്ങങ്ങളി

ലേതുപോലെ ഭവന പുനരുദ്ധാരണത്തിനും ചികിത്സ സഹായത്തിനും അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചു. മാനദണ്ഡങ്ങൾ മുൻവർഷ ത്തേതിന് സമാനമായിരിക്കും. ആയതിലേക്ക് 20 ലക്ഷം രൂപ വക യിരുത്തി. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് ഗ്രാന്റ് നൽകുവാൻ തീരുമാനിക്കുകയും അതിനായി 25 ലക്ഷം രൂപ മാറ്റി വയ്ക്കുകയും ചെയ്തു. അപേക്ഷ സമർപ്പിക്കുന്ന ഗ്രൂപ്പുകളിൽ നിന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയാവും ഗ്രാന്റിനർഹമായവയെ കണ്ടെത്തുക. കൊറോണ വ്യാപന പ്രതിസന്ധി മറികടക്കുവാനൊരു കൈത്താങ്ങ് ആയി ഫുഡ് കിറ്റ് വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും 10 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ജൈവവള നിർമ്മാണ യൂണിറ്റു കൾക്ക് 10000 രൂപ വീതം വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും ഇതിലേക്കായി 10 ലക്ഷം രൂപ നീക്കിവയ്ക്കുകയും ചെയ്തു.

**ഫെയർട്രേഡ് ഓഡിറ്റ്**

2020 വർഷത്തെ വോഫെയുടെ ഫെയർട്രേഡ് ഓഡിറ്റ് കോവിഡ്-19 വ്യാപനസാഹചര്യത്തിൽ ഫ്ളോസെർട്ടിൽ നിന്നും ശ്രീ.സജീന്ദ്രനാഥ് ഓൺലൈനായി പൂർത്തീകരിച്ചു. വോഫെയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പദ്ധതിയിൽ അംഗങ്ങളായ പരിവർത്തന കാലയളവിലുള്ള കർഷ കരിൽ നിന്നും 77 രൂപ നിരക്കിൽ 93500 കിലോ കാപ്പിയും ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ കർഷകരിൽ നിന്നും 80 രൂപ നിരക്കിൽ 13000 കിലോ കാപ്പിയും സംഭരിച്ചു. ജൈവ കുരുമുളക് 3800 കിലോ 400 രൂപ നിരക്കിലും, ഞാലിപ്പൂവൻ വാഴക്കുല 6500 കിലോ 35 രൂപ നിരക്കിലും സംഭരിച്ചു.

സംസ്കരണ വിഭാഗത്തിൽ ജൂലൈ മാസം കാപ്പി, ഇഞ്ചി, കുരു മുളക്, വാഴപ്പഴം, തേങ്ങ, മഞ്ഞൾ, ചക്ക എന്നിവയുടെ സംസ്കരണം നടക്കുകയും ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേയ്ക്ക് വിപണനം നടത്തുകയും ചെയ്തു വരുന്നു. ഇതിനായി 515 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

### 1. പരിസ്ഥിതി ലോല മേഖല

ജനസംരക്ഷണ സമിതി ചെയർമാൻ ആന്റോ മമ്പള്ളിയച്ചന് അഭിനന്ദനങ്ങൾ. നമ്മുടെ രൂപതയിലെ മഹാ ഭൂരിപക്ഷം വരുന്ന ജനങ്ങളെ ദോഷകരമായി ബാധിക്കുന്ന കുടിയേറ്റ ജനതയെ ആശങ്കയുടെ മുൾമുനയിൽ നിറുത്തുന്ന പരിസ്ഥിതി ലോല മേഖല കരടുവിജ്ഞാപനം നടപ്പിലാക്കരുതെന്ന ആവശ്യവുമായി വിവിധ സംഘടനാഭാരവാഹികളുടെയും ഡയറക്ടർമാരുടേയും യോഗം അഭിവന്ദ്യ പിതാവ് വിളിച്ചു ചേർത്തു. പ്രസ്തുത യോഗത്തിൽ വച്ച് വിവിധ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി സെൻട്രൽ കമ്മിറ്റി രൂപീകരിച്ചു. സെൻട്രൽ കമ്മിറ്റിയുടെ ചെയർമാനായി കത്തോലിക്ക കോൺഗ്രസ് രൂപത ഡയറക്ടർ ബഹു. ആന്റോ മമ്പള്ളിയച്ചനെ അഭിവന്ദ്യ പിതാവ് ചുമതലപ്പെടുത്തി. ബഹു. ആന്റോ മമ്പള്ളിയച്ചന്റെ നേതൃപാടവവും സംഘാടകമികവും കൊണ്ട് കുറഞ്ഞ നാളുകൾകൊണ്ട് രൂപതാ ഫൊറോനാ ഇടവക തലങ്ങളിലെ നാനാജാതിമതസ്ഥരെ ഈ വിഷയത്തിൽ ബോധവത്ക്കരണം നടത്തുന്നതിന് സാധിച്ചു. വിവിധങ്ങളായ കർമ്മപദ്ധതികൾ നടപ്പിലാക്കി വരുകയാണ്. രാഷ്ട്രീയപരമായും നിയമപരമായും സാമൂഹികപരമായും ഈ വിഷയത്തെ ഏകോപിപ്പിച്ച് ശാശ്വതപരിഹാരം കാണാൻ മുന്നിൽ നിന്ന് നയിക്കുന്ന ബഹു.ആന്റോ മമ്പള്ളിയച്ചന് കത്തോലിക്കാ കോൺഗ്രസ്സ് അംഗങ്ങളുടെ മുഴുവൻ പിന്തുണയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

### 2. രൂപതാ സമിതി യോഗം

പരിസ്ഥിതിലോല മേഖല കരടുവിജ്ഞാപനം പിൻവലിക്കണമെന്ന ആവശ്യം മുൻനിർത്തി രൂപതാ ഫൊറോന ഇടവകതല ബോധവത്ക്കരണ സമരപരിപാടികൾ നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചു. കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനി പിതാവിന്റെ ഇടയലേഖനം പഠനവിധേയമാക്കി. ഭാവി പരിപാടികൾക്ക് രൂപം കൊടുക്കുന്നതിനായി ഡയറക്ടർ, പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നിവരെ യോഗം ചുമതലപ്പെടുത്തി.

### 3. ഏദൻതോട്ടം

വിൻസന്റ് അച്ചന് അഭിനന്ദനങ്ങൾ. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ഏദൻ തോട്ടം എന്ന പേരിൽ നടത്തിയ അടുക്കള

തോട്ട മത്സരത്തിൽ നമ്മുടെ രൂപതയിൽ നിന്ന് ധാരാളം പേർ പങ്കെടുത്തു. അതിൽ രണ്ടു വൈദികരും പങ്കെടുത്തിരുന്നുവെന്നകാര്യം സന്തോഷപൂർവ്വം അറിയിക്കട്ടെ. ബഹു. വിൻസന്റ് കളപ്പുര അച്ചനും, ബഹു. കുര്യൻ വാഴയിലച്ചനും. അതിൽ ഗ്ലോബൽ തലത്തിൽ വിൻസന്റ് കളപ്പുരയച്ചന് മൂന്നാം സ്ഥാനം ലഭിച്ചു. (10000 രൂപയും, പ്രശസ്തി പത്രവും). ആയിരക്കണത്തിന് ആളുകൾ പങ്കെടുത്ത മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ബഹു. വിൻസന്റ് അച്ചന് മാനന്തവാടി രൂപതയിലെ മുഴുവൻ കത്തോലിക്കാ കോൺഗ്രസ്സ് അംഗങ്ങളുടെയും അഭിനന്ദനങ്ങൾ അറിയിക്കട്ടെ. പങ്കെടുത്ത ബഹു. കുര്യൻ വാഴയിലച്ചനും മറ്റുള്ളവർക്കും രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**4. ഫൊറോനാതല കൂട്ടായ്മകൾ സംഘടിപ്പിച്ചു**

സംവരണേതരവിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കേന്ദ്ര സർക്കാർ അനുവദിച്ച സംവരണം ഉടൻ നടപ്പിലാക്കുക എന്ന ആവശ്യം ഉന്നയിച്ച് ഫൊറോനാതല യോഗങ്ങൾ സംഘടിപ്പിച്ചു.

**5. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരണ ആലോചനയോഗം**

കല്പ്പറ്റ ഫൊറോനായുടെ നേതൃത്വത്തിൽ എടപ്പെട്ടി കേന്ദ്രീകൃതമായി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള പ്രാരംഭയോഗത്തിൽ രൂപതാ പ്രസിഡണ്ട് ഡോ. കെ.പി. സാജു, ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ, ട്രഷറർ ജോർജ്ജുകുട്ടി വിലങ്ങപ്പാറ, ഫൊറോനാ ഡയറക്ടർ ഫാ. റെജി മുതുകത്താനി എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ വയനാട് ജില്ലയിലെ പ്രമുഖർ പങ്കെടുത്തു. പുതിയ സംരംഭത്തിന് രൂപം കൊടുക്കാൻ നേതൃത്വം നല്കിയ ബഹു. തോമസ് ജോസഫ് തേരകത്തിലച്ചനും യോഗം ഉത്ഘാടനം ചെയ്ത കല്പ്പറ്റ ഫൊറോനാ വികാരി ബഹു. സോമി വടയാപറമ്പിലച്ചനും നന്ദി.

**വർക്കി നിരപ്പേൽ**
ജനറൽ സെക്രട്ടറി

**കോവിഡ് 19 പ്രതിരോധ പരിപാടികൾ**

കോവിഡ്-19 പ്രതിരോധത്തിനും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുമായി ആരോഗ്യബോധവത്കരണ മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് പൊതുവായുള്ള പ്രവർത്തനങ്ങളും റേഡിയോ മാറ്റൊലിയുടെ പരിപാടികളിൽ ഉൾപ്പെടുത്തി. ഈ ടോക്സ് പൊതു സേവന പരസ്യങ്ങൾ പ്രൊമോകൾ, തത്സമയ ഫോൺ ഇൻ പരിപാടികൾ എന്നിവയും വിവിധ തലത്തിലുള്ള വകുപ്പ് മേധാവികളുടെ സന്ദേശങ്ങളും പ്രക്ഷേപണം ചെയ്തു. അതോടൊപ്പം ആദിവാസി വിഭാഗങ്ങൾക്കിടയിലേക്ക് ബോധവത്കരണം എത്തിക്കുന്നതിനായി ഗോത്രഭാഷയിലും പ്രോഗ്രാമുകളും പ്രോമോകളും പ്രക്ഷേപണം ചെയ്തു.

റേഡിയോ സ്റ്റേഷന്റേയും പ്രോഗ്രാമുകളേയും ഒരു തരത്തിലും ദോഷകരമായി ബാധിക്കാത്ത രീതിയിൽ ജില്ലാ ഭരണകൂടത്തിന്റേയും ആരോഗ്യവകുപ്പിന്റേയും നിർദ്ദേശത്തോടെ സ്റ്റാഫംഗങ്ങൾക്ക് ജോലിയിൽ ക്രമീകരണം ഏർപ്പെടുത്തി. 07 പേരടങ്ങുന്ന രണ്ട് ടീം ആയി തിരിഞ്ഞാണ് പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

**മിഷൻ കൊറോണ**

കമ്മ്യൂണിറ്റി റേഡിയോ അസ്സോസിയേഷനും, യൂനിസെഫും ചേർന്ന് നടത്തുന്ന പ്രോഗ്രാം റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നു.

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹകരണത്തോടെ ആഴ്ചയിൽ ഒരു പ്രോഗ്രാമും പ്രൊമോകളും റേഡിയോയിൽ പ്രക്ഷേ പണം ചെയ്യുന്നു.

**പ്രൊജക്ട് ചിരി**

മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കായി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന പ്രൊജക്ട് ചിരി എന്ന പദ്ധതിയെക്കുറിച്ച് നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. വി. രജി കുമാർ റേഡിയോ മാറ്റൊലിയിലൂടെ ശ്രോതാക്കളോട് പങ്കുവെച്ചു. ചിൽഡ്രൻസ് ഹാപ്പിനസ് ആന്റ് ഇന്നസെന്റ്സ് റീജോയ്സിംഗ് ഇനി ഷ്യേറ്റീവ് എന്നതാണ് ചിരി എന്നതിന്റെ പൂർണരൂപം. കോവിഡ് മഹാ

മാരിയുടെ പശ്ചാത്തലത്തിൽ ചിരി പദ്ധതിക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ് പ്രോഗ്രാം പ്രക്ഷേപണം ചെയ്തത്.

**തത്സമയ ഫോൺ ഇൻ പ്രോഗ്രാം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയേക്കുറിച്ച് തത്സമയഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ പി.സി മജീദ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

നേത്ര പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ആസ്പത്രി ഓഫ്തൽമിക് സർജൻ ഡോ. റൂബി. M.V, ജില്ലാ ഹോസ്പിറ്റലിലെ ഒപ്റ്റോമെട്രിസറ്റ് സലിം ആയത്ത് എന്നിവർ റേഡിയോ മാറ്റൊലി തത്സമയ ഫോൺ ഇൻ പരിപാടിയിൽ പങ്കെടുത്തു. ഓഗസ്റ്റ് 25 മുതൽ സെപ്തംബർ 8 വരെയുള്ള നേത്ര പക്ഷാചരണ പരിപാടിയുടെ ഉദ്ഘാടനവും ഇതോടോപ്പം നടത്തി.

**ഡിജിറ്റൽ ഗ്യാൻ**

SMART ന്റെ സാമ്പത്തിക സഹകരണത്തോടെ റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന വിവര സാങ്കേതിക വിദ്യാഭ്യാസ പരിപാടിയാണ് ഡിജിറ്റൽ ഗ്യാൻ.

**സേവന നിറവിൽ കെ.എസ്.എസ്.എഫ്.**

കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളുടെയും സാമൂഹ്യസേവന-വികസന സംഘടനകളുടെ ശൃംഖലയാണ് കേരള സോഷ്യൽ സർവീസ് ഫോറം. കേരള കത്തോലിക്കാ സഭയുടെ 1981-ൽ സ്ഥാപിതമായ ഔദ്യോഗിക സംസ്ഥാനതല സ്ഥാപനമാണ് കേരള കത്തോലിക്കാ ബിഷപ്പ് കൗൺസിലിന് (കെ.സി.ബി.സി.) കീഴിൽ പ്രവർത്തിക്കുന്ന കെ.എസ്.എസ്.എഫിന്റെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തു. കെ.എസ്.എസ്.എഫ്. സെക്രട്ടറി ഫാ. ജേക്കബ് മാവുങ്കൽ ആണ് പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചത്.

**ആത്മഹത്യാ - അതിജീവനം**

സെപ്റ്റംബർ 10-ന് ലോക ആത്മഹത്യ പ്രതിരോധ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി ആത്മഹത്യാ - അതിജീവനം പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**ഓണനിലാവ്**

ഓണാഘോഷ പരിപാടികളുടെ ഭാഗമായി ഓണനിലാവ് എന്ന പേരിൽ അത്തം മുതൽ തിരുവോണം വരെ പ്രത്യേക പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**അധ്യാപനത്തിന്റെ കരുതലിന് പുരസ്കാരത്തിളക്കം**

സംസ്ഥാന അധ്യാപക അവാർഡ് ജേതാക്കളായ കോളിയാടി മാർ ബസേലിയോസ് സ്കൂൾ അധ്യാപകൻ ശ്രീ. റോയി വർഗീസ്, കോട്ടത്തറ ഗവ. ഹയർസെക്കണ്ടറി സ്കൂൾ ഹെഡ്മിസ്ട്രസ്സ് ഷാലമ്മ ജോസഫ് എന്നിവരുമായുള്ള അഭിമുഖം 'അധ്യാപനത്തിന്റെ കരുതലിന് പുരസ്കാരത്തിളക്കം' എന്ന പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്തു.

**ശാസ്ത്രീയ കോഴി വളർത്തൽ അറിയേണ്ടതെല്ലാം**

പൂക്കോട് വെറ്ററിനറി കോളേജ് വിജ്ഞാനവ്യാപന വിഭാഗവും വെറ്ററിനറി സർവ്വകലാശാല സംരംഭകത്വ വിഭാഗവും ശാസ്ത്രീയ കോഴി വളർത്തൽ അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ നടത്തിയ വെബിനാർ പരമ്പരയുടെ ശ്രവ്യരൂപം പ്രക്ഷേപണം ചെയ്തു.

**കോളനികളിൽ റേഡിയോ സെറ്റ് വിതരണം**

ജില്ലയിലെ ആദിവാസി കോളനികളിൽ എളുപ്പം വാർത്താ വിനിമയം സാധ്യമാകുന്നതിനു വേണ്ടി ജില്ലാ ഭരണകൂടവുമായി ചേർന്ന് റേഡിയോ മാറ്റൊലി നൽകുന്ന റേഡിയോ സെറ്റുകൾ എടവക പഞ്ചായത്തിലെ പത്തിൽകുന്ന്, വെങ്കിലാട്ട് കോളനികളിൽ നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി. അഭിലാഷ്, സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളി എന്നിവർ ചേർന്ന് വിതരണം ചെയ്തു. മാനന്തവാടി ട്രൈബൽ ഓഫീസർ പ്രമോദ്, ട്രൈബൽ പ്രൊമോട്ടർമാരായ പ്രേമജ, ലതിക, ദീപിക, സുമതി എന്നിവരും സന്നിഹിതരായിരുന്നു. അമേരിക്കയിലെ മലയാളി സംഘടനകളായ സ്റ്റാൻഡ് വിത് കേരള, കെയർ ആൻഡ് ഷെയർ, ലയൻസ് ക്ലബ് എയിസ് ഡാളസ് എന്നിവരാണ് ആവശ്യമായ ഫണ്ട് റേഡിയോ മാറ്റൊലിയിലൂടെ നൽകിയത്. 815 റേഡിയോ സെറ്റുകളും അതിനാവശ്യമായ ബാറ്ററികളും വിതരണം ചെയ്തു. ബാറ്ററിയിലും വൈദ്യുതിയിലും പ്രവർത്തിപ്പിക്കാവു ന്ന റേഡിയോകളാണ് വിതരണം ചെയ്യുന്നത്.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**സമൃദ്ധകുടുംബം**

മാനന്തവാടി രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, ജൈവകൃഷി വ്യാപന പദ്ധതിക്ക് നേതൃത്വം നൽകുന്ന ബയോവിൻ ആഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന, സമൂഹത്തിൽ നിർദ്ധനരും, നിരാലംബരുമായവരെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയിലേക്ക് നീലഗിരി റീജിയണിലെ 14 ഇടവകകളിൽ നിന്നുമായി 32 അപേക്ഷകൾ സ്വീകരിക്കുകയും അത് WSSS ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

**കോവിഡ്-19 സന്നദ്ധ സേന രൂപീകരണവും, PPE കിറ്റ് പരിശീലനവും**

നീലഗിരി റീജിയണിൽ, കൊറോണ വൈറസ് വ്യാപിക്കുന്നതിന്റെ പശ്ചാത്തലത്തിലും, പ്രകൃതി ദുരന്തങ്ങളോടനുബന്ധിച്ചുണ്ടാകാവുന്ന അസാധാരണമായ മരണങ്ങൾ, മറ്റ് മെഡിക്കൽ എമർജെൻസി സാഹചര്യങ്ങളെ നേരിടുന്നതിനും വേണ്ടി കെ.സി.വൈ.എമ്മും മാനന്തവാടി രൂപതയും സംയുക്തമായി നടപ്പിലാക്കുന്ന മാനന്തവാടി സമരിറ്റൻസ് എന്ന സന്നദ്ധ സേനയ്ക്ക് എല്ലാവിധ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് നീലഗിരി റീജിയണിലും തുടക്കം കുറിച്ചു.

ഇതിന്റെ ഭാഗമായി 20.08.2020 ന് ഉച്ചകഴിഞ്ഞ 2.30 മുതൽ 4.00 മണിവരെ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി ഓഫീസിൽ വെച്ച്

ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. കോവിഡ് മൂലം ആരെങ്കിലും മരണപ്പെടാൻ ഇടയായാൽ, തികഞ്ഞ ആദരവോടെ, കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് എപ്രകാരം മൃതദേഹം സംസ്ക്കരിക്കണമെന്നും, ഇതിനായി പ്രത്യേകമായി നിയോഗിക്കപ്പെടുന്ന സന്നദ്ധ സേനാഗംങ്ങൾ ഉപയോഗിക്കേണ്ട PPE (Personal Protective Equipment) കിറ്റിനെകുറിച്ചും, അത് ഉപയോഗിക്കേണ്ട വിധത്തെ ക്കുറിച്ചുമെല്ലാം പുഷ്പഗിരി മിഷൻ ഹോസ്പിറ്റലിലെ ഡോക്ടർ സിസ്റ്റർ ക്രിസ്റ്റീന MSMI വളരെ വിശദമായി ക്ലാസ്സെടുക്കുകയും, പരിശീലനം നല്കുകയും ചെയ്തു.

ഗൂഡല്ലൂരിലെയും, പരിസര പ്രദേശളിലെയും 5 യൂണിറ്റുകളിൽ നിന്നുമായി 15 യുവാക്കൾ ട്രെയിംനിംഗിൽ പങ്കെടുത്തു ഊട്ടി, കുന്നൂർ യൂണിറ്റുകളിൽ നിന്നും ഡയറക്ടർ അച്ചന്മാരും യുവാക്കളും Zoom ആപ്പിലൂടെയും മീറ്റിംഗിൽ പങ്കെടുത്തു. മേഖലാ ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ, NDS ഡയറക്ടർ ഫാ. ബിനോയി കാശാം കുറ്റിയിൽ, സിസ്റ്റർ അജയ, മേഖലാ ഭാരവാഹികളായ ശ്രീ. പ്രിൻസ് കുന്നുംപുറത്ത്, ശ്രീ. ബിനു മഠത്തിൽ, ശ്രീ. ലിബിൻ തോമസ് എന്നിവർ മീറ്റിംഗിന് നേതൃത്വം നല്കി. മേഖലാ കോഡിനേറ്റർ ശ്രീ. ജോസഫ് സ്വാഗതവും, ശ്രീ. സോണറ്റ് മണ്ണാർകുളം നന്ദിയും പറഞ്ഞു.

## CEI Project: കറവപശുക്കളെ വാങ്ങി വളർത്തുന്നതിനുള്ള ധനസഹായം

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയും, ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസും സംയുക്തമായി നടത്തുന്ന CEI (Conferenza Episcopale Italiana) പ്രോജക്ടിന്റെ ഭാഗമായി കറവപശുക്കളെ വാങ്ങി വളർത്തുന്നതിനുള്ള ധനസഹായം അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടുകളിലൂടെ നിർവഹിച്ചു. ഇതിന്റെ ഭാഗമായി ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആദ്യ ഗഡുവായ 35000.00 (മുപ്പത്തിയയ്യായിരം) രൂപ വീതം 72 പേർക്ക് നല്കി. ധനഹായം ലഭിച്ചവർ കറവപശുവിനെ മേടിക്കുകയും, അതിനെ പരിപാലിക്കുന്നതു വഴി തങ്ങളുടെ ഉപജീവന മാർഗ്ഗം കണ്ടെത്തുകയും ചെയ്തു വരുന്നു.

### യൂണിറ്റുകളുടെ ഓഡിറ്റിംഗ്

NDS കൽപ്ര യൂണിറ്റിന്റെ ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ് 27.08.2020 ന് നടത്തുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശ ങ്ങളും നല്കുകയും ചെയ്തു.

**ബയോവിൻ മീറ്റിംഗ്**

15.07.2020 ന് NDS ഓഫീസിൽവെച്ച് ബയോവിന്റെ കീഴിലുള്ള വിവിധ ഗ്രൂപ്പുകളുടെ ലീഡേഴ്സ് മീറ്റിംഗ് നടത്തി. മീറ്റിംഗിന് Biowin റീജണൽ കോഡിനേറ്റർ റ്റിന്റു ജോസ് മീറ്റിംഗിന് നേതൃത്വം നല്കി. 33 ഗ്രൂപ്പിന്റെ ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ ജൈവകൃഷിരീതിയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിച്ചു. NDS പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി താണോലിൽ മീറ്റിംഗിന് സ്വാഗതം ആശംസിച്ചു.

**യൂണിറ്റ് മീറ്റിംഗുകൾ**

27.08.2020 ന് വിമലഗിരി യൂണിറ്റ് മീറ്റിംഗിലും, 05.09.2020 ന് ഇവാലുവേഷൻ മീറ്റിംഗിലും, 03.09.2020 ന് ബോസ്പാറ യൂണിറ്റ് മീറ്റിംഗിലും NDS പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി ടി.പി പങ്കെടുക്കുകയും ആവശ്യമായ ക്ലാസുകളും, നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. 03.09.2020 മണ്ണുവയൽ യൂണിറ്റിൽ വെച്ച് നടത്തിയ മീറ്റിംഗിൽ NDS ഡയറക്ടർ ബഹു.ബിനോയി കാശാംകുറ്റിയിൽ അച്ചനും, ശ്രീ. ജോഷി ടി.പി യും, യൂണിറ്റ് ആനിമേറ്റർ സി. ലൂസി SKD യും, യൂണിറ്റ് അംഗങ്ങളും പങ്കെടുത്തു. സാമ്പത്തീകമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളെ സ്വയം പര്യാപ്തരാക്കുക എന്നതാണ് നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ലക്ഷ്യമെന്ന് ഡയറക്ടറർ അച്ചൻ പറഞ്ഞു. ശ്രീ. ജോഷി ടി.പി സൊസൈററിയുടെ റൊക്കോഡുകളും, ബുക്കുകളും അംഗങ്ങൾക്ക് പരിചയപ്പെത്തി കൊടുത്തു. മീറ്റിംഗിൽ വച്ച് യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. 12.09.2020 ന് അരുൾനിലയം യൂണിറ്റ് മീറ്റിംഗിൽ NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചനും, യൂണിറ്റ് ഡയറക്ടർ ബഹു. ജോസ് തെങ്ങടയിൽ CMI അച്ചനും, ശ്രീ. ജോഷി ടി.പിയും, യൂണിറ്റ് ഭാരവാഹികളും പങ്കെടുത്തു.

**ആറാട്ടുപാറ യൂണിറ്റ് ഉദ്ഘാടനവും ക്രെഡിറ്റ് യൂണിയൻ സമാഹരണവും**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വളർച്ചയുടെ ഭാഗമായി ഗൂഡല്ലൂർ താലൂക്കിൽ ഓവാലിൽ പഞ്ചായത്തിലുള്ള ആറാട്ടുപാറ പ്രദേശത്ത് NDS ന്റെ യൂണിറ്റ് 10.09.2020 വ്യാഴാഴ്ച 3.00 മണിക്ക് ആറാട്ടുപാറ സെന്റ് മേരീസ് പള്ളി ഹാളിൽ ചേർന്ന മീറ്റിംഗിൽ വച്ച് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ നിലവിളക്ക്

കൊളുത്തി ഉദ്ഘാടനം ചെയ്തു. നാം ഒറ്റപ്പെട്ട വ്യക്തികളായി നിൽക്കാതെ സംഘമായി നിന്നു പ്രവർത്തിക്കണമെന്നും, അതുവഴി സർക്കാരിൽ നിന്നും ന്യായമായും നമുക്ക് ലഭിക്കേണ്ട അവകാശങ്ങൾ നേടിയെടുക്കാൻ പരിശ്രമിക്കണമെന്നും, സമൂഹത്തിൽ ശാരീരികവും, മാനസീകവും, സാമ്പത്തീകവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനവും, വളർച്ചയുമാണ് സംഘടന ലക്ഷ്യം വയ്ക്കുന്നതെന്നും, സംഘാത്മക പ്രവർത്തന ങ്ങളിലൂടെ നമുക്ക് എന്തും നേടിയെടുക്കാൻ സാധിക്കുമെന്നും ഡയറക്ടറച്ചൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ആറാട്ടുപാറ യൂണിറ്റിന്റെ കീഴിൽ പുതിയതായി പ്രവത്തനം ആരംഭിക്കുന്ന 13 പുതിയ സ്വാശ്രയസംഘങ്ങളുടെയും ഭാരവാഹികൾക്ക് റെക്കോർഡ് ബുക്കുകൾ വിതരണം ചെയ്തു. സ്വാശ്രയസംഘങ്ങളുടെ രൂപീകരണത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും NDS പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി താണോലിൽ ക്ലാസ്സെടുക്കുകയും സ്വാശ്രയസംഘ സെക്രട്ടറിമാർക്ക് റെക്കോർഡ് ബുക്കുകൾ എഴുതേണ്ടതെങ്ങനെയെന്ന് പറഞ്ഞ് കൊടുക്കുകയും ചെയ്തു.

യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ആന്റണി നായ്പുരയിടത്തിൽ 2000 രൂപ നിക്ഷേപിച്ചുകൊണ്ട് യൂണിറ്റിൽ ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ ആറാട്ടുപാറ പ്രദേശത്തെ പാവപ്പെട്ട 150 കുടുംബങ്ങൾക്കുള്ള കോവിഡ് ദുരിതാശ്വാസ കിറ്റിന്റെ വിതരണം നടത്തുമെന്ന് അച്ചൻ പറഞ്ഞു.

യൂണിറ്റ് സെക്രട്ടറി ശ്രീ. ഷാജി കടൂത്താഴെ മീറ്റിംഗിന് സ്വാഗതവും, യൂണിറ്റ് അംഗം ശ്രീമതി ഡെൽസി ഷാജി നന്ദിയും പറഞ്ഞു. 5 മണിയോടെ മീറ്റിംഗ് അവസാനിപ്പിച്ചു

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നിറുത്തി വച്ചിരുന്ന ഇവാലുവേഷൻ മീറ്റിംഗ് വീണ്ടും ആരംഭിച്ചു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് രണ്ട് സ്ഥലങ്ങളിലായി നടത്തുവാൻ തീരുമാനിച്ച ഇവാലുവേഷൻ മീറ്റിംഗിന്റെ ആദ്യ മീറ്റിംഗ് 12.09.2020 ന് NDS ഓഫീസിൽ വെച്ച് നടത്തി. അരുൾനിലയം, ആറാട്ടുപാറ, ബോസ്പാറ, ധർമ്മഗിരി, മണ്ണുവയൽ യൂണിറ്റുകളിൽ നിന്നും അംഗങ്ങൾ പങ്കെടുക്കുകയും യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. ഏതൊരു സംഘടനയുടെയും വളർച്ചയുടെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്നാണ് ഇവാലുവേഷൻ മീറ്റിംഗുകളെന്ന്

NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷ പ്രസംഗത്തിൽ ഭാരവാഹികളെ ഓർമ്മിപ്പിച്ചു. ധർമ്മഗിരി യൂണിറ്റ് കോർഡിനേറ്റർ ശ്രീമതി ഷിജി കട്ടിക്കാനായിൽ യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗുകൾ ഏപ്രകാരമാണ് നടത്തേണ്ടതെന്നും എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടതെന്നും ക്ലാസ്സെടുക്കുകയും ചെയ്തു.

**ട്രൈബൽ സ്വാശ്രയ സംഘങ്ങൾക്ക് തുടക്കം കുറിച്ച് NDS**

നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ് ഗോത്ര വിഭാഗത്തിൽപ്പെട്ട ആളുകളെ സംഘടിപ്പിച്ച് അവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നത്. ഇത്തരത്തിൽ നീലഗിരി ജില്ലയിലെ ദേവർഷോല പഞ്ചായത്തിലെ മച്ചിക്കൊല്ലിയിൽ ബോസ്പാറ യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഒരു ട്രൈബൽ സ്വാശ്രയസംഘം ധന്യ എന്ന പേരിൽ രൂപീകരിക്കുകയും 13.9.2020 മുതൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. NDS ന്റെ റെക്കോർഡ് ബുക്കുകളും പാസ് ബുക്കുകളും സൗജന്യമായി അവർക്ക് വിതരണം ചെയ്തു. ഇതിന് നേതൃത്വം കൊടുക്കുന്ന NDS ബോസ്പാറ യൂണിറ്റ് അംഗങ്ങൾക്ക് മേഖലയുടെ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**നബാർഡ് ജില്ലാ വികസന ഓഫീസറുടെ സന്ദർശനം**

നാബാർഡ് ജില്ലാ വികസന ഓഫീർ ശ്രീ. സി. തിരുമല റാവു 15.09.2020 നും ഗൂഡല്ലൂർ അധികാരിവയലിലുള്ള നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ ഓഫീസ് സന്ദർശനം നടത്തി. നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ദേഹത്തെ പൂക്കൾ നൽകി സ്വീകരിക്കുകയും ഹൃദ്യമായ സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ മീറ്റിംഗിൽ മാനന്തവാടി രൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ സോഷ്യൽ വെൽഫയർ സൊസൈറ്റിയെ കുറിച്ചും ജൈവകാർഷിക പ്രോത്സാഹന പദ്ധതിയായ ബയോവിൻ അഗ്രോ റിസേർച്ച് ഫാക്ടറിയെ കുറിച്ചും, നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹത്തിന് വിശദീകരിച്ച് നൽകി. തുടർന്ന് സൊസൈറ്റിയുടെ ഓഫീസ് സ്റ്റാഫംഗങ്ങളെ നേരിട്ട് കാണുകയും അവരുടെ പ്രവർത്തനങ്ങൾ ചോദിച്ചറിയുകയും ചെയ്തു. നബാർഡിന്റെ വ്യത്യസ്തങ്ങളായ പദ്ധതികളെക്കുറിച്ചും പരിശീലന പരിപാടികളെക്കുറിച്ചുമെല്ലാം വിശദമായി സംസാരിക്കുകയും സ്റ്റാഫിന്റെ

സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ 2008 മുതലുള്ള രേഖകളും ഫയലുകളും പരിശോധിക്കുകയും സൊസൈറ്റിയുടെ വളർച്ചയെ കുറിച്ചും നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും ചോദിച്ചറിയുകയും ചെയ്തു.

**ഓഗസ്റ്റ് മാസത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയ ജീവകാരുണ്യ ഫണ്ട്**

1. കറവ പശുവിനെ മേടിക്കുന്നതിന് (62 പേർക്ക്) – 21,70,000.00
2. കോവിഡ് – 19 പ്രതിരോധ ഭക്ഷണകിറ്റ് (30 എണ്ണം) – 30,000.00

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**August- September 2020**

1. Dr Remya Krishnan M (Assistant Professor) was appointed as the new IQAC Coordinator of our College. Mr Bipin Jose, (Assistant Professor), Mr Toby Joseph (Assistant Professor) and Mrs Sharon Rose (Assistant Professor) as the Assistant Coordinators. Mr Joy Joseph (Superintendent) and Mr Anish Chacko (Library Assistant) as members from office to assist in the IQAC activities of our college.
2. Dr Sijo A K ( Assistant Professor), gave an online webinar presentation on the topic Determination of structure and cation distribution in superparamagnetic nano-ferrites in VIRTUAL INTERNATIONAL TRANSDISCIPLINARY CONFERENCE, VIT.
3. L.S Kaykan, J.S. Mazurenko, Sijo A. K, (2020) Effect of pH on magnetic properties of ordered phase Co-doped lithium ferrites nanoparticles synthesized by sol-gel auto combustion method, Journal of Nano and Electronic Physics.
4. Admission process (UG) for the year 2020-21 started on 5th July, and PG started on 25th August. Candidates could apply for the different programmes in Mary Matha Arts & Science College, Mananthavady, through the single window admission portal of Kannur University.
5. Online classes are in progress through our Learning Manangement System (LMS) for blended learning. The Domain name is marymatha.vlms.net. Teachers are regularly preparing study material and circulating the same among the students.
6. The college website domain name was activated as www.marymathacollege.ac.in from this academic year 2020-21. All the users were requested to log in through this website name.

7. Dr Maria Martin Joseph(Principal) :

(a) Participated in the national webinar on "Development of Institutional Quality with reference to parameters of NAAC" and talked on the Topic: "Stakeholder based classification of NAAC manual and its effective linking". Held from 31th August to 3rd September 2020.

8. Dr. Ramya Krishnan M.

a) Attended one week FDP on E-Content Development jointly organised by Guru Angad Dev Teaching Learning Centre under PMMMNMTT in collaboration with Sanatan Dharma College, Ambala Cantt. from 27th-31st July 2020.

b) Attending an online Refresher Course in Commerce and Management organised by UGC HRDC, Gujarat University, Ahmedabad from 7th - 20th September 2020.

**Dr Maria Martin Joseph**
Principal

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നത് അനിശ്ചിതമായി നീളുന്ന സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകളിലൂടെയും വീടു സന്ദർശനങ്ങളിലൂടെയും കുട്ടികളുടെ പഠനം സജീവമാക്കുവാൻ വേണ്ടിയുള്ള നമ്മുടെ കോർപ്പറേറ്റിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ശ്രമങ്ങൾ അഭിനന്ദനം അർഹിക്കുന്നു.

**അദ്ധ്യാപക ദിനാചരണം**

ഈ വർഷത്തെ അദ്ധ്യാപക ദിനാചരണം വളരെ ചുരുങ്ങിയ ചടങ്ങുകളോടെയാണ് നടന്നത്. അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവും, കോർപ്പറേറ്റ് മാനേജർ സിജോ ഇളംകുന്നപ്പുഴ അച്ചനും ആശംസാ സന്ദേശങ്ങൾ അദ്ധ്യാപകർക്ക് നൽകി. അദ്ധ്യാപക ദിനത്തിന്റെ മഹത്വവും ഇന്നത്തെ സാഹചര്യത്തിൽ അദ്ധ്യാപക സമൂഹം നേരിടുന്ന പ്രതിസന്ധികളും സന്ദേശങ്ങളിൽ ഉൾക്കൊണ്ടിരുന്നു.

**മെയിന്റനൻസ് ഗ്രാന്റ്**

ഈ വർഷത്തെ സ്ക്കൂൾ മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷകൾ നൽകേണ്ട സമയമാണിപ്പോൾ. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സെഡോം സൈറ്റിൽ നിന്നും (http://www.ceadom.com/downloads.php?reqPage=download) ഡൗൺ ലോഡ് ചെയ്ത് ലീഗൽ സൈസിൽ പ്രിന്റ് എടുത്ത്, കോർപ്പറേറ്റ് മാനേജരുടെ ഒപ്പ് മേടിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കുവാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കേണ്ടതാണ്.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ